CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

September 21, 2017

Prot. N. 186/2017

Dear and Reverend Father,

Your Letter of 11 July of this year has been forwarded to this Dicastery by reason of competence.

By way of response to your first question, I have enclosed a page from the *Instruction for Applying the Liturgical Prescriptions of the Code of Canons of the Eastern Churches* (Libreria Editrice Vaticana: Vatican City, 1996).

It follows, in regard to your second query, that, with reference to Eastern Catholic Churches, a bishop does not have the competence to allow the celebration of the liturgy *versus populum* without the explicit authorization of the Apostolic See. With greater reason, he could not forbid the celebration *ad orientem* on his own authority.

In the hope that this information is helpful to you, I am

Sincerely yours in Christ,

✠ Cyril Vasil', S.I.
Archbishop Secretary

Fr. Lorenzo Lorusso, O.P.
Undersecretary

The Syro - Malabar Major Archiepiscopal Curia
Received on: 10.12.2020
Prot. No: 1444/2020
Archive No: IX-13

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma, November 9, 2020
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

Prot. N. 248/2004

Your Beatitude,

This Congregation has begun studying the Malayalam *Raza Qurbana Taksa*, which was accompanied by your esteemed letter Prot. No. 0798/2020 dated 10 July. Despite a positive preliminary assessment, the Dicastery can only contemplate granting the definitive *recognitio* after receiving and studying the English translation in completion of the Liturgical Commission norms (cf. points 8 and 9 of the *Linee Guide* transmitted with letter Prot. N. 152/2015 dated 20 July 2016). Apart from this minor omission and the resulting delay, I commend the Syro-Malabar Commission for Sacred Liturgy on its compliance with the canonical procedure and its excellent report. In the meanwhile, let me take this opportunity to provide two points for reflection by Your Beatitude and the other Bishops of the Syro-Malabar Church, in anticipation of what will be the definitive *editio typica* for the Divine Liturgy of your Rite.

The first theme concerns the discrepancies in the orientation of different moments during the celebration of the Holy Eucharist, a longstanding and grievous division exacerbated due to the broadcasting and livestreaming during the present pandemic. This situation demands the promulgation of unmistakably explicit rubrics, with each Bishop assuming full pastoral responsibility for the faithful and correct implementation of this norm, as this Congregation had previously indicated upon notification of the authoritative decision of the 1999 Synod. Allow me to emphasize that clear rubrical instructions should certainly be included in the new liturgical book, but will not be enough on their own; a cohesive commitment is required on the part of the Synod, both collegially and from every Bishop individually. Indeed, the Holy See rejoices in the signs of such concord and harmony. As my late predecessor Cardinal Achille Silvestrini had written to the newly elevated Major Archbishop Mar Varkey Vithayathil following an Audience with Pope John Paul II on 18 December 1999, "first steps towards ever-increasing stability and ecclesial communion … include the special effort which has been made towards a **unanimous agreement** on the mode of celebrating the Holy Qurbana. I have great confidence that this continued development will bear great spiritual fruit for all the faithful of the Syro-Malabar Church as we begin this great Jubilee Year" (Prot. N. 140/99 dated 24 December 1999). Unfortunately, that joyful hope was soon marred by open defiance, creating an explosive pastoral situation with grave spiritual harm to the faithful. Given this sad history of nonobservance on the part of some clergy, the Bishops must take charge, gently but firmly, of catechizing and correcting those culpable, as a requirement for safeguarding the unity and common witness of the Synod and the whole Church *sui iuris*.

./.

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
for Syro-Malabar faithful
The Syro-Malabar Major Archiepiscopal Curia
Mount St. Thomas
Post Box N. 3110
KAKKANAD, KOCHI - 682 030, India

Encl.: 1

In this regard, precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 §1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons. (For instance: restoring or reordering the sanctuary platform in front of the Altar, allowing time for adequate preparatory liturgical formation so that a given congregation comes to understand the meaning of the priest leading the people in prayer while facing the same direction as they themselves are facing during the Anaphora, etc.) By way of assistance in the endeavor of mystagogical catechesis, I attach some relevant pages on the Instruction *"Il Padre Incomprensibile"* published by this Dicastery in 1996 (enclosure). Despite the twenty-five years that have since passed, this Instruction remains a useful help for the implementation of the provisions of Vatican II.

The second topic of consideration, which also relates to the authority of Bishops as first liturgists in their Eparchies, is necessary in light of the recent consensus decision to render facultative certain parts of the Anaphora, indicating in square brackets selected sections with condensed versions. Eparchial Bishops should take these optional abbreviations into account in their liturgical statutes and instruction, leaving adequate room for prudent judgment by the local clergy in this choice. Similar subsidiarity should apply in availing, for pastoral reasons, of the various solemn and simple forms of the Sacred Liturgy as a whole. If some difficulty arises regarding a priest or his congregation, hierarchical recourse will be possible to resolve it, but Bishops in supporting their sanctifying mission with teaching and lawgiving should not presume to reserve for themselves by Eparchial statutes those decisions that can best be made at the local level, just as they cannot indefinitely dispense from the Synod's decisions.

Thanking Your Beatitude for your kind attention, I entrust the Syro-Malabar Hierarchy and entire Church to the intercession of St. Thomas the Apostle and the protection of the Blessed Virgin Mary, *Mater Ecclesiae*, with prayerful good wishes and fraternal regards.

Sincerely in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

June 9, 2021

Prot. N. 248/2004

Your Beatitude,

This Congregation has attentively reviewed the modifications and revisions of the text of the Holy *Qurbana*, unanimously approved by the Synod of Bishops of the Syro-Malabar Church, in accordance with canon 657 §1 *CCEO*.

The Dicastery gladly grants the *recognitio* to the Malayalam *Raza Qurbana Taksa*, hoping that the venerable Syro-Malabar Church may be for all others an exemplary witness of ecclesial unity, supremely expressed in the worthy and faithful celebration of the Holy Eucharist.

In particular, the Apostolic See enthusiastically anticipates great spiritual fruit from the fact that the new *editio typica* will coincide with implementation of the uniform mode of celebration for the Divine Liturgy in your Rite, whether in its simple, solemn or most solemn (*Raza*) form: as unanimously decided by Synod of Bishops in November 1999 and recently reconfirmed in January 2020, the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar – in the same direction that the faithful are facing – for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion.

This Congregation trusts that the people of God will abide by the decision of the Synod, and expects a cohesive commitment from every Bishop and priest of your Church *sui iuris*, both collegially and individually.

Expressing my closeness to the whole Syro-Malabar Church, I remain, with fraternal regards,

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110

*To the Bishops, Clergy, Religious and Laity of the Syro-Malabar Church*

Dear Brothers and Sisters in Christ,

The Holy See regards with special approval and encouragement the agreement unanimously reached by the Synod of Bishops of the Syro-Malabar Church in 1999 – and repeatedly endorsed in subsequent years – for a uniform mode of celebrating the Holy *Qurbana,* considering this an important step towards increasing stability and ecclesial communion within the whole body of your beloved Church. The concerted efforts towards applying this auspicious development in the great Jubilee Year 2000 gave joyful confidence in your *sui iuris* Church to my saintly predecessor Pope John Paul II.

Notwithstanding some difficulties, which require ongoing discernment in the life of your vibrant Church, the approved norms for the Eucharistic celebration have borne considerable fruit including evangelization in those places, especially the missionary Eparchies, where the whole community has joined in peaceful and prayerful observance, interpreting the continuing consensus of the Hierarchy as a fruit of the Holy Spirit.

I strongly urge the Syro-Malabar Bishops to persevere, and I confirm their ecclesial "walking together" with God's people,

trusting that "time is greater than space" (cf. *Evangelii Gaudium,* 222-225) and that "unity prevails over conflict" (cf. *ibid,* 226-230).

I willingly take the occasion of the recognition of the new *Raza Qurbana Taksa* to exhort all the clergy, religious and lay faithful to proceed to a prompt implementation of the uniform mode of celebrating the Holy *Qurbana,* for the greater good and unity of your Church. May the Holy Spirit foster harmony, fraternity and unity among all members of your Church as you work to implement the Synodal decision.

Entrusting all of you to the intercession of the Blessed Virgin Mary, the Holy Patriarch Saint Joseph and the Apostle Saint Thomas, I gladly impart my Apostolic Blessing. I assure you of my closeness in prayer and ask you, please, to pray for me.

Francis

Rome, Saint John Lateran, 3 July 2021

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0922/2021

# Decision of the Synod on the Implementation of the Revised Text & Uniform Mode of Celebration of Holy *Qurbana*

1. The Synod of Bishops of the Syro-Malabar Church unanimously decided to begin the celebration of Holy *Qurbana* using the revised text (*editio typica*) with the *recognitio* of the Apostolic See (Letter of the Oriental Congregation, Prot. N. 248/2004, dated 9 June 2021) with effect from the First Sunday of the Season of Annunciation (28 November 2021).

2. The Synod unanimously accepts the exhortation of the Holy Father Pope Francis through his letter dated 3 July 2021, addressed to the bishops, clergy, religious and laity of the Syro-Malabar Church, to implement the uniform mode of celebration of the Holy *Qurbana* in all eparchies in the Syro-Malabar Church as decided by the November 1999 Synod and reiterated by the Synodal Sessions in 2020 and approved by the Congregation for the Eastern Churches (Prot. N. 1796/99, dated 17 December 1999; Prot. N. 248/2004 dated 9 November 2020 & 9 June 2021) together with the implementation of the revised text of Holy *Qurbana* from the First Sunday (28 November) of the Season of Annunciation 2021. The Congregation through its letter dated 9 June 2021 has specified the uniform mode of celebration as follows: "the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar - in the same direction that the faithful are facing - for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion" (Prot. N. 248/2004).

3. The bishops of certain Eparchies who expressed their difficulties to implement the decision in the whole eparchy will, abiding by the above mentioned decisions, introduce the uniform mode of celebration starting with the cathedrals, pilgrim centers, religious communities, possible parishes, minor seminaries and other formation centers on 28 November 2021 itself. By effective catechesis, the uniform mode shall be gradually introduced in the whole eparchy as early as possible, not later than Easter 2022 (17 April 2022).

4. In this regard, the directives from the Congregation for the Eastern Churches in its letter dated 09 November 2020 (Prot. N. 248/2004) about dispensation by eparchial bishops as per provisions of CCEO c. 1538 § 1 are to be

followed. The Congregation states: "precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 § 1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons".

5. From the First Sunday of Annunciation 2021, all the Bishops will celebrate the Holy *Qurbana* in the uniform mode everywhere in the Syro-Malabar Church.
6. Apostolic Visitation in Europe, the Syro-Malabar Communities in Gulf countries and other places where the Syro-Malabar Church does not have jurisdiction, all the bishops and priests will celebrate the Holy *Qurbana* in the uniform mode.
7. The Synod should think of formulating an effective liturgical catechesis catering to the specific needs of the new mission areas.
8. The options given to the celebrant shall not be reserved by eparchial bishops as it is clarified by the Congregation for the Eastern Churches through its letter dated 9 November 2020 (Prot. N. 248/2004).
9. Innovations in Liturgy in matters like rituals, vestments, symbols, prayers etc. are to be introduced only with the consent of the Synod of Bishops of the Syro-Malabar Church.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas Kakkanad on 27 August 2021.

+ G. Alencherry

Cardinal George Alencherry
Major Archbishop of the Syro-Malabar Church

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

November 26, 2021

Prot. N. 463/2002

Your Grace,

I write, following your Audience with the Holy Father and meeting at the offices of the Dicastery, to confirm that this Congregation had never withdrawn the faculty of Eparchial Bishops to dispense as specified in canon 1538 of the *Codex Canonum Ecclesiarum Orientalium*.

Our Letter Prot. N. 248/2004 dated 9 November 2020 addressed to the Major Archbishop only sought to offer precision with regard to the proper use of dispensations, without in any way imposing additional restrictions on this faculty.

In virtue of your office as Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly, Your Grace can apply the faculty of dispensation for those cases, which, in your prudential judgment, would result in grave consequences with the entry into force on 28 November 2021 of the Synodal Decisions concerning the Holy *Qurbana*.

Your Grace will have the kindness to expose to the Major Archbishop and the Bishops of the Synod during the Session of January 2022 the ecclesial difficulties that you face in the Archeparchy.

Expressing the readiness of this Dicastery to be of any assistance and thanking Your Grace for the courteous attention, I renew my prayerful best wishes in Christ.

Sincerely,

+Leonardo Card. Sandri

(Letter head)

Circular 8/2021 26 November 2021

Beloved Priests, religious, brothers and sisters of the of Archeparchy of Ernakulam-Angamaly,

My greetings from Rome!

You may know that I have arrived in Rome in connection with pastoral problems that arose from the decision of the Synod taken on August 2021 with a view to unifying the mode of the Eucharistic celebration of the Syro-Malabar Church. I met the Holy Father and Cardinal Leonardo Sandri, the Prefect of the Congregation for the Oriental Churches on 25 & and 26 of November and apprised them of the serious situation that developed in the Archeparchy on account of that decision. The Holy Father and Cardinal Sandri listened to me carefully and took appropriate decisions.

They mentioned that it is the Bishop who has the prime responsibility to make pastoral decisions in his eparchy taking into account the good of the faithful. With respect to that, the Congregation in its letter to me today has stated that it has not withdrawn Canon 1538 that gives such authority to the Bishops. Moreover, it was indicated in its letter to me that the Cardinal Sandri had given only some precisions in the use of the Canon 1538 in his communication to the Major Archbishop on 9 November, 2020, Proto. N. 248/2004 and that he had never limited the authority that comes under Canon 1538.

Accordingly, I, in my capacity as Vicar of Major Archbishop, am giving the exemption from the uniform mode of celebration (50:50) as requested by the Synod as per Canon 1538 in all places in the Archeparchy, taking into account the serious pastoral problems and the spiritual good of the faithful. I am also informing you that the Congregation for the Oriental Churches has authorized me to put into effect this exemption from 28 November 2021 itself.

On 28 November 2021, the date of implementing the uniform mode of celebration and thereafter, the celebration of the Holy Qurbana facing he people (*staus quo*) has to be continued. This exemption that I am giving is applicable to the Cathedral, Formation Centers for priests and the religious, religious houses, pilgrim centers and parishes of the Archeparchy.

I am reminding that in all places of the Archeparchy to use the newly revised *Qurbana taksa* from 28 November 2021 onwards. If training for the same is not given, steps should be taken for the same at the earliest.

We shall remember with great gratitude the Holy Father and Cardinal Sandri, the Prefect of the Congregation for the Oriental Churches for their timely interventions in this critical moment of the Archeparchy.

I am also informing you with great happiness about the Apostolic Blessing given by the Holy Father to me, to the priests, the religious and the faithful of the Archeparchy.

May God Almighty bless you! May the intercession of the Bl. Virgin Mary be with you during this season of Annunciation!

With prayerful greetings from Rome,

Mar Antony Kariyil
Metropolitan Vicar
Archeparchy of Ernakulam-Angamaly

Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ 8/2021 26 നവംബർ 2021

എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

റോമിൽനിന്ന് എന്റെ സ്നേഹാശംസകൾ!

വിശുദ്ധ കുർബാനയർപ്പണം ഏകീകൃതരീതിയിലാക്കാൻ 2021 ആഗസ്റ്റ് മാസത്തിൽ സമ്മേളിച്ച സിനഡ് തീരുമാനിച്ചതുമായി ബന്ധപ്പെട്ട് ഉടലെടുത്ത അജപാലനപ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആഗ്രഹത്തോടുകൂടി ഞാൻ റോമിലെത്തിയ കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയൊനാർദോ സാന്ദ്രിയെയും 2021 നവംബർ 25, 26 തീയതികളിൽ ഞാൻ സന്ദർശിക്കുകയും സിനഡിന്റെ മേല്പറഞ്ഞ തീരുമാനംമൂലം സംജാതമായിരിക്കുന്ന സ്ഥിതിഗതികൾ കൃത്യമായി ധരിപ്പിക്കുകയും ചെയ്തു. പരിശുദ്ധ പിതാവും കർദിനാൾ സാന്ദ്രിയും എന്നെ സശ്രദ്ധം ശ്രവിക്കുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഓരോ രൂപതയിലെയും വിശ്വാസികളുടെ ആത്മീയനന്മ മുൻനിർത്തി, അജപാലനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഥമസ്ഥാനം അതതു രൂപതയുടെ മെത്രാനാണെന്ന വസ്തുത അവർ പ്രസ്താവിച്ചു. അതനുസരിച്ചു ഇപ്രകാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി പൗരസ്ത്യ കാനൻനിയമത്തിലെ 1538-ാം കാനൻപ്രകാരം രൂപതാമെത്രാന്മാർക്ക് നല്കപ്പെട്ടിട്ടുള്ള അധികാരം പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഒരിക്കലും പിൻവലിച്ചിട്ടില്ലെന്ന് ഇന്ന് എനിക്ക് നല്കിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, 2020 നവംബർ 9-ാം തീയതി Prot No. 248/2004 പ്രകാരം കർദിനാൾ സാന്ദ്രി മേജർ ആർച്ച്ബിഷപ്പിന് അയച്ച കത്തിൽ കാനൻ 1538 നൽകുന്ന അധികാരം പ്രയോഗത്തിൽ വരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചു സൂചിപ്പിക്കുകയല്ലാതെ, ആ അധികാരത്തെ ഒരു വിധത്തിലും പരിമിതപ്പെടുത്തിയിട്ടില്ല എന്നും എനിക്കുള്ള കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിശ്വാസികളുടെ ആത്മീയനന്മ മുൻനിർത്തിയും അതിരൂപതയിലെ ഗൗരവതരമായ അജപാലനപ്രശ്നങ്ങൾ പരിഗണിച്ചും മേജർ ആർച്ച്ബിഷപ്പിന്റെ വികാരി എന്ന നിലയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലായിടങ്ങളിലും സിനഡ് തീരുമാനമനുസരിച്ചുള്ള വിശുദ്ധ കുർബാന അർപ്പണ രീതിയിൽനിന്ന് (50:50) കാനൻ 1538 പ്രകാരം ഞാൻ ഒഴിവു നൽകുന്നു. 2021 നവംബർ 28-ാം തീയതി തന്നെ ഈ ഒഴിവു പ്രാബല്യത്തിൽ വരുത്താൻ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം എന്നെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ അറിയിക്കുന്നു.

സിനഡിന്റെ നിർദ്ദേശപ്രകാരം ഏകീകൃതരീതി ആരംഭിക്കേണ്ട 2021 നവംബർ 28-ാം തീയതിയും തുടർന്നും എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലവിലിരിക്കുന്ന ജനാഭിമുഖകുർബാനയർപ്പണരീതി തുടരേണ്ടതാണ് (status quo). എറണാകുളം-അങ്കമാലി അതിരൂപതയുടെ കത്തീഡ്രൽ ദേവാലയം, വൈദിക-സന്യാസ പരിശീലനഭവനങ്ങൾ, സന്യാസഭവനങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, ഇടവകകൾ എന്നിവിടങ്ങളിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയ്ക്ക് ഞാൻ നല്കുന്ന മേല്പ്പറഞ്ഞ ഒഴിവ് ബാധകമാണ്.

നവീകരിച്ച കുർബാന തക്സ 2021 നവംബർ 28-ാം തീയതി മുതൽ അതിരൂപതയിലെ എല്ലായിടങ്ങളിലും ഉപയോഗിച്ചു തുടങ്ങണമെന്ന് ഓർമ്മിപ്പിക്കുന്നു. അതിന് ആവശ്യകമായ പരിശീലനം ഇതിനകം നല്കിയിട്ടില്ലെങ്കിൽ എത്രയും വേഗം അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Major Archeparchy of Ernakulam-Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

അതിരൂപതയുടെ നിർണ്ണായകമായ ഈ പ്രതിസന്ധിഘട്ടത്തിൽ പ്രശ്നപരിഹാരത്തിനായി ഇടപെട്ട പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയോനാർദോ സാന്ദ്രി പിതാവിനെയും നമുക്ക് നന്ദിയോടെ സ്മരിക്കാം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എനിക്കും അതിരൂപതയിലെ വൈദികർക്കും സന്യസ്തർക്കും ദൈവജനത്തിനും തന്റെ അപ്പസ്തോലിക ആശീർവാദം നൽകിയിട്ടുണ്ടെന്ന വിവരവും സന്തോഷപൂർവം ഞാൻ അറിയിക്കുന്നു.

സർവശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഈ മംഗളവാർത്തക്കാലത്തിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

റോമിൽനിന്ന് പ്രാർത്ഥനാശംസകളോടെ,

+ A. Kariyil

മാർ ആന്റണി കരിയിൽ
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 1242/2021

# സർക്കുലർ

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനത്തിന്റെയും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലത്തിന്റെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സീറോ മലബാർസഭയുടെ ഐക്യത്തിലുള്ള വളർച്ച ലക്ഷ്യമാക്കി സഭയുടെ സിനഡ് ഏകകണ്ഠമായി എടുത്ത തീരുമാനമാണ് ഏകീകൃത വിശുദ്ധ കുർബായർപ്പണരീതി 2021 നവംബർ 28ന് സഭയിൽ നടപ്പിലാക്കുക എന്നത്. സിനഡിന്റെ ഈ തീരുമാന ത്തിൽനിന്നു മെത്രാപ്പോലീത്തൻ വികാരി എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു ഒഴിവ് (Dispensation) നല്കിയതായി മാധ്യമങ്ങളിൽനിന്ന് അറിയുന്നു. എന്നാൽ പരിശുദ്ധ സിംഹാസനത്തിൽനിന്ന് ഇതു സംബന്ധിച്ചു യാതൊരു അറിയിപ്പും എനിക്കു ലഭിച്ചിട്ടില്ല.

സിനഡിന്റെ തീരുമാനത്തിനു യാതൊരു മാറ്റവുമില്ലെന്നും അത് അതേപടി നിലനിൽക്കുന്നുവെന്നും അതിനാൽ ഈ തീരുമാനം എല്ലാവരും നടപ്പിലാക്കണമെന്നും ഇതിനാൽ അറിയിക്കുന്നു. തികഞ്ഞ ക്രൈസ്തവ ചൈതന്യത്തിലും സഭാത്മകതയിലും കൂട്ടായ്മയിലും അഭിപ്രായവ്യത്യാസങ്ങളും വ്യക്തിപരമായ താത്പര്യങ്ങളും മാറ്റിവച്ചു സിനഡുതീരുമാനം നടപ്പിലാക്കാൻ സഭാമക്കൾ ഏവരെയും ആഹ്വാനം ചെയ്യുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയ ത്തിൽനിന്ന് 2021-ാം ആണ്ട് നവംബർ മാസം 27-ാം തീയതി നൽകപ്പെട്ടത്.

+ GAlencherry

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്

MAR GEORGE ALENCHERRY
MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

The Syro - Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com,
Website:www.syromalabarchurch.in

SYRO-MALABAR MEDIA COMMISSION
MOUNT ST. THOMAS, KAKKANAD, KOCHI

FR. ALEX ONAMPALLY
SECRETARY
+91 9946162280
smmcmount@gmail.com

FR. ABRAHAM KAVILPURAYIDATHIL
PRO
+91 9656467833
syromalabarpro@gmail.com

MAR JOSEPH PAMPLANY
CHAIRMAN

MAR SEBASTIAN VANIYAPURACKAL
MEMBER

MAR PAULY KANNOOKADAN
MEMBER

**ഐക്യത്തിന്റെ പുതുയുഗം യാഥാർത്ഥ്യമായി: മീഡിയാകമ്മീഷൻ**

കാക്കനാട്: ഏകീകരിച്ച വിശുദ്ധ കുർബാനക്രമം നടപ്പിൽവന്നതോടെ ദശാബ്ദങ്ങളായുള്ള സീറോമലബാർ സഭാമക്കളുടെ പ്രതീക്ഷ സഫലമായി. സഭയിലെ പുതിയ യുഗത്തിന്റെ പ്രാരംഭമായി ഏകീകൃത കുർബാനയർപ്പണരീതിയുടെ തുടക്കത്തെ കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിശേഷിപ്പിച്ചത് തികച്ചും അർത്ഥപൂർണ്ണമാണ്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റി വച്ച് സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താൻ അധ്വാനിച്ച എല്ലാ വിശ്വാസികളും വൈദികരും സന്യസ്തരും സഭയുടെ മുഴുവൻ അഭിനന്ദനം അർഹിക്കുന്നു. മാർപാപ്പയും പൗരസ്ത്യസഭകളുടെ കാര്യാലയവും നൽകിയ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് 2021 ആഗസ്റ്റ്മാസത്തിൽ ചേർന്ന സഭാസിനഡ് വിശുദ്ധ കുർബാനയർപ്പണ രീതി ഏകീകരിക്കാൻ തീരുമാനിച്ചത്.

രണ്ടു രൂപതകളിൽ മാത്രമേ നിർദ്ദിഷ്ട സിനഡ്ക്രമം നടപ്പിലാക്കാൻ സാവകാശം ആവശ്യമായി വന്നുള്ളൂ എന്നത് ഏറെ ശ്രദ്ധേയമാണ്. കാനൻ നിയമം 1538 പ്രകാരമുള്ള ഇളവുകൾ താൽക്കാലികവും പ്രാദേശികവുമാകയാൽ അത് സഭയുടെ കൂട്ടായ്മക്കെതിരാണെന്ന പ്രചാരണം അടിസ്ഥാന രഹിതമാണ്. സീറോമലബാർ സഭയിലെ മറ്റെല്ലാരൂപതകളും നടപ്പിലാക്കിയ ഏകീകൃത ബലിയർപ്പണരീതിയിലേക്ക്, ഇപ്പോൾ സാവകാശം നൽകിയിരിക്കുന്ന രൂപതകളുംകൂടി താമസംവിനാ കടന്നുവരും. ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ സാവകാശം ആവശ്യമുള്ള രൂപതകൾക്ക് 2022 ഏപ്രിൽ മാസംവരെ സിനഡ് സമയം അനുവദിച്ചിരുന്നു.

സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ ധീരമായ നേതൃത്വവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുമാണ് കൂട്ടായ്മയുടെ വലിയ സാക്ഷ്യത്തിന് വഴിയൊരുക്കിയത്. സഭയുടെ സ്ഥിരംസിനഡ് അംഗങ്ങളായ മാർ ആൻഡ്രൂസ് താഴത്ത്, മാർ മാത്യു മൂലക്കാട്ട്, മാർ ജോർജ് ഞറളക്കാട്ട്, മാർ ജേക്കബ് മനത്തോടത്ത് എന്നീ പിതാക്കന്മാരുടെ ശക്തമായ നിലപാടുകൾ പ്രതിസന്ധിഘട്ടങ്ങളിൽ സഭയ്ക്കു ദിശാബോധം നൽകി. കൂടുതൽ ഐക്യത്തിലേക്കും സുവിശേഷാരൂപിയിലേക്കും വളരുവാനുള്ള അവസരമാണ് ഏകീകൃത ബലിയർപ്പണ രീതി നടപ്പിലാക്കിയതിലൂടെ സഭയ്ക്കു കൈവന്നിരിക്കുന്നതെന്ന് മീഡിയാകമ്മീഷൻ ചൂണ്ടിക്കാട്ടി.

ഫാ. അലക്സ് ഓണംപള്ളി
സെക്രട്ടറി, സീറോമലബാർ മീഡിയാകമ്മീഷൻ

SYRO-MALABAR MEDIA COMMISSION
MOUNT ST. THOMAS, KAKKANAD, KOCHI

29 നവംബർ 2021

SYRO-MALABAR MEDIA COMMISSION
MOUNT ST. THOMAS, KAKKANAD, KOCHI

FR. ALEX ONAMPALLY
SECRETARY
+91 9946162280
smmcmount@gmail.com

FR. ABRAHAM KAVILPURAYIDATHIL
PRO
+91 9656467833
syromalabarpro@gmail.com

MAR JOSEPH PAMPLANY
CHAIRMAN

MAR SEBASTIAN VANIYAPURACKAL
MEMBER

MAR PAULY KANNOOKADAN
MEMBER

**പ്രസ്താവന**

കാക്കനാട്: വിശുദ്ധ കുർബാനയർപ്പണരീതിയുടെ ഏകീകരണത്തെക്കുറിച്ച് മീഡിയാകമ്മീഷൻ നൽകിയ പ്രസ്താവനയെ, സിനഡുതീരുമാനത്തെ എതിർക്കുന്ന ചില വ്യക്തികൾ ദുർവ്യാഖ്യാനം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കാനൻ 1538 പ്രകാരം പ്രത്യേക സന്ദർഭങ്ങളിൽ പൊതുനിയമത്തിൽ നിന്ന് ഒഴിവു നൽകാൻ രൂപതാധ്യക്ഷനുള്ള അനുവാദം നിലനിൽക്കുന്നു എന്നു മാത്രമാണ് പൗരസ്ത്യതിരുസംഘം നിരീക്ഷിച്ചിട്ടുള്ളത്. എന്നാൽ ഈ കാനന്റെ വിനിയോഗത്തെക്കുറിച്ച് 2020 നവംബർ 9ന് പൗരസ്ത്യ തിരുസംഘംതന്നെ നൽകിയ വ്യാഖ്യാനങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമായാണ് ചില രൂപതകൾ ഇപ്പോൾ ഒഴിവുകൾ നൽകിയിരിക്കുന്നത് എന്നത് വ്യക്തമാണ്. സ്ഥലകാല പരിധികൾ കൂടാതെ പൊതുനിയമത്തെ അസാധുവാക്കുന്ന തരത്തിലുള്ള ഒഴിവുകൾ നൽകുന്നത് കാനൻ 1538ന്റെ ദുരുപയോഗമാണെന്ന് പൗരസ്ത്യതിരുസംഘംതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം നല്കുന്ന ഒഴിവുകൾ പ്രത്യേക സന്ദർഭങ്ങളിലും നിയതമായി നിശ്ചയിക്കപ്പെട്ട കാരണങ്ങളുടെ പേരിലും നിശ്ചിത കാലത്തേക്കും മാത്രമായിരിക്കണമെന്നും പൗരസ്ത്യ തിരുസംഘം നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ചില രൂപതകളിൽ നൽകപ്പെട്ട കല്പനകളുടെ സാധുതയെക്കുറിച്ച് പൗരസ്ത്യതിരുസംഘംതന്നെ വിശദീകരണം നൽകുമെന്ന് പ്രതീക്ഷിക്കാം.

ഫാ. അലക്സ് ഓണംപള്ളി
സെക്രട്ടറി, സീറോമലബാർ മീഡിയാകമ്മീഷൻ

29 നവംബർ 2021

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

December 7, 2021

Prot. N. 463/2002

Your Grace,

I hasten to respond to your letter dated 1 December 2021, by which Your Grace informed this Congregation of your circular dated 26 November 2021 and subsequent developments in the Archeparchy of Ernakulam-Angamaly.

Your Grace has acknowledged that *CCEO* canon 1538 does not allow a general dispensation in liturgical matters for an entire Eparchy. Please therefore adjust your decision, observing precision as per the Letter of this Dicastery Prot. N. 248/2004 dated 9 November 2020 and applying the faculty to dispense only in special cases for the spiritual good of the faithful concerned. Kindly also make this letter public, to avoid further confusion about the proper exercise of this faculty.

Thanking Your Grace for the courteous attention, with prayerful good wishes

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

9 December 2021

Prot. N. 463/2002

Your Beatitude,

In response to the letter of the Permanent Synod dated 29 November 2021 and the subsequent letter of Your Beatitude dated 4 December 2021, please find attached a copy of the letter that this Dicastery has sent to His Grace Archbishop Antony Kariyil, Vicar of Your Beatitude for the Archeparchy of Ernakulam-Angamaly.

The mind of the Apostolic See, in conformity with the canonical norms, is that it is not possible to dispense an entire Eparchy from approved and promulgated Synodal Decisions in liturgical matters. Much less is it possible to forbid the observance of duly enacted liturgical laws.

With prayerful best wishes and cordial regards in Christ

Sincerely,

+ Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Secretary

----------------------------------------

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
for Syro-Malabar faithful
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110
KAKKANAD, KOCHI - 682 030, India

Encl.: 1

ARCHDIOCESE OF
ERNAKULAM-ANKAMALY

Fr. Mathew Kilukkan
Public Relation Officer

Ref : ..........................................

Date : 10 ഡിസംബർ 2021

# പത്ര പ്രസ്താവന

വിഷയം: അതിരൂപതയിൽ ഡിസ്പൻസേഷൻ നല്കിയതിനെ സംബന്ധിച്ച്

പൗരസ്ത്യ കാനൻ നിയമം 1538-ാം നമ്പർ പ്രകാരവും പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം 2021 നവംബർ 26-ാം തീയതി നൽകിയ കത്തിന്റെ വെളിച്ചത്തിലും മെത്രാപ്പോലീത്തൻ വികാരി അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവ് എറണാകുളം അങ്കമാലി അതിരൂപതയിൽ ജനാഭിമുഖ കുർബാന തുടരാൻ 2021 നവംബർ 26-ാം തീയതി അനുവാദം നൽകിയിരുന്നു. അതിരൂപത മുഴുവനിലും ഈ ഒഴിവു നല്കിയതു സംബന്ധിച്ച് കൃത്യത വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2021 ഡിസംബർ 07-ാം തീയതി പ്രസ്തുത കാര്യാലയത്തിന്റെ പ്രീഫെക്റ്റ് കർദ്ദിനാൾ ലെയൊനാർദൊ സാന്ദ്രി പിതാവ് അയച്ച കത്ത് അഭിവന്ദ്യ മാർ കരിയിൽ പിതാവിന് 2021 ഡിസംബർ 09-ാം തീയതി ലഭിച്ചു. ഈ കത്ത് ലഭിച്ചതിനെത്തുടർന്ന് കരിയിൽ പിതാവ് കർദ്ദിനാൾ സാന്ദ്രിയുമായി സംസാരിക്കുകയും അതിരൂപത മുഴുവനിലും ഈ ഒഴിവു (dispensation) നല്കിയതിന്റെ പശ്ചാത്തലം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത വിശദീകരണം കർദ്ദിനാൾ സാന്ദ്രിയെ രേഖാമൂലം അറിയിക്കുന്നതാണ്.

ഫാ. മാത്യു കിലുക്കൻ

പി.ആർ.ഓ.

ernakulamarchdiocesepro@gmail.com
(0484) 2352629, 2352906
ernakulamarchdiocese.org
Major Archbishop's House, P B No. 2580, Broadway,
Ernakulam Kochi - 682 031, Kerala, India

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 1312/2021 10 December 2021

To

**All Archbishops and Bishops of the Syro-Malabar Church**

Dear Archbishops and Bishops,

This morning I received a communication from the Congregation for the Eastern Churches through the Apostolic Nunciature regarding the question of dispensation in the case of Liturgical Laws enacted by the Synod.

The Congregation has sent two letters: one addressed to the Major Archbishop and the other addressed to Archbishop Antony Kariyil, the Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly. I am sending herewith the copy of the letter addressed to the Major Archbishop. Archbishop Kariyil himself may send you the copy of the letter he received as he is directed by the Congregation to make it public.

I am sure that those Bishops who have given dispensation will correct the given dispensation as per the new directive from the Congregation. The correct interpretation of c.1538 §1 was already given through the letter of the Congregation for the Eastern Churches (Prot. N. 248/2004, dated 9 November 2020), the copy of which is also attached herewith for your easy reference.

Yours cordially in Christ,

Cardinal George Alencherry,
Major Archbishop of the Syro-Malabar Church

Enclosures:

1. Letter from the Congregation for the Eastern Churches (Prot. N. 463/2002) dated 09 December 2021.
2. Letter from the Congregation for the Eastern Churches (Prot. N. 248/2004) dated 09 November 2020.

The Syro - Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

January 7, 2022

Prot. N. 463/2002

Your Grace,

As indicated several times, also to the Major Archbishop, the Congregation has every confidence that the imminent Session of the Synod of Bishops can be dedicated to listening to the various positions and critical issues that have emerged in recent months and identifying an adequate path – with the consequent timeline – of catechesis for those communities that need it to achieve a visible unity within the beloved Syro-Malabar Church, especially in the delicate context of India.

In response to your letters of 11 and 13 December 2021, the Dicastery intends to specify the following:

- The letter of 26 November 2021 clearly referred to our letter Prot. N. 248/2004 of 9 November 2020, seeking to explain that the possible application of dispensation had never been precluded;

- The same letter of 26 November 2021, however, left unchanged the conditions and modalities for applying dispensation, but Your Grace, by your Circular Letter, dated 27 November 2021, addressed to the Archeparchy of Ernakulam-Angamaly didn't apply correctly the law, extending indiscriminately to the entire circumscription, for an indefinite time, and also prohibiting the implementation of the normative synodal legislation.

./.

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

- It should also be noted that upon this news, similar requests have arrived at our Offices from some communities of the diaspora, for example Canada and Australia, probably with priests originating from Ernakulam-Angamaly, confirming the impression that it is not possible to think of any Eparchy as isolated, and making all the more necessary that Your Grace correct your abovementioned actions.

Copy of this Letter is also sent to the Major Archbishop and the Apostolic Nunciature in Delhi.

Thanking Your Grace for the courteous attention, with prayerful good wishes

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0041/2022

## സിനഡ് അനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടു വർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടു നയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിത ദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3-ാം തിയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതു നൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവവിശ്വാസികളും അവരുടെ സ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കൻമാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ സത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള**

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15-ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്. പ്രതി

സന്ധി ഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃകയാണ് ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

**പ്രേഷിത പ്രവർത്തനം**

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സഭയുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽതന്നെ മിഷനറിയായ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം സകലമനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരിലൂടെയാണ് രക്ഷയുടെ സന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെ പ്രഘോഷണവും ജീവിത സാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിത മേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ നാമെല്ലാം സഹോദരങ്ങളാണ് എന്ന സുവിശേഷസത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയുടെ സുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവന, ജീവകാരുണ്യ മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത് സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

**കോവിഡ് പ്രതിസന്ധി**

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ് കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധ വയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

**കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും**

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും

George Cardinal Alencherry
Major Archbishop
Syro-Malabar Church

പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സു വിശേഷ മൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശ ദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതു രശ്രകിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA പരിധിയിൽ ഉ ൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാർ ആറുമാസം കൂടി സാവകാശം നൽകി യിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശ ങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

**ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ**

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂ ഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസം ഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാ കാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കു ടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇത രസമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആ ണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥി തിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദായത്തിന്റെ പ്രാതിനിധ്യവും വ ളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാ ണ്. കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരള ത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാ രംഗങ്ങളിലും പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു തിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമ പ ദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം**

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെ സിനഡ്, പരിശുദ്ധ പിതാവ് ഫ്രാൻസി സ് മാർപാപ്പയുടെയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏ കീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരു ന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടു

ത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പലവേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം-അങ്കമാലി അതിരൂപതയിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27-ന് നല്കിയ ഒഴിവ് കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാപാരമ്പര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാ സിനഡും നിർദ്ദേശിച്ചപ്രകാരം ഏകീകൃത ബലിയർപ്പണ രീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡുപിതാക്കൻമാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സീറോമലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാ സിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

George Cardinal Alencherry
Major Archbishop
Syro-Malabar Church

**നിയമനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായമെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളി തുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപ തയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴി വിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്ക ലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാപദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാ നുഗ്രഹങ്ങളും ആശംസിക്കുന്നു.

**അംഗീകാരം**

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാ ക്കാൻ അർപ്പണ മനോഭാവത്തോടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭ യുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാ വു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നല്കപ്പെട്ടത്.

+ GAlencherry

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

MAR GEORGE ALENCHERRY
MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

ഈ സർക്കുലർ 2022 ജനുവരി 30-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

The Syro - Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

In the name of His Holiness Pope Francis, it is the duty of this Congregation to communicate to all the Bishops of the Syro-Malabar Church, that the common good requires that the members of the Synod of Bishops be the first to commit themselves to the faithful observance of the liturgical prescriptions established by the Synod, "which have the force of law everywhere in the world" (*CCEO*, can. 150 §2). The Bishops should moreover clearly distance themselves from methods of protest and activism that are incompatible with the obligations of "clerics [who] are bound in a special manner to the perfection which Christ proposes to his disciples, since they are consecrated to God in a new way by sacred ordination, so that they may become more suitable instruments of Christ the Eternal Priest in the service of the people of God and at the same time be exemplary models to the flock" (can. 368).

As the Holy Father recently observed, "where the form of the celebration is concerned, it is necessary that unity be experienced in accordance with what has been laid down by the Synods and approved by the Apostolic See, avoiding liturgical particularisms that in reality manifest divisions of another kind within the respective Churches. … If we give scandal by our liturgical disputes, and unfortunately there have been some recently, we play the game of the master of division" (Address of His Holiness Pope Francis to Participants in the Plenary Meeting of the Congregation for the Eastern Churches, February 18, 2022).

In particular, Archbishop Antony Kariyil, Vicar of Your Beatitude for the Archeparchy of Ernakulam-Angamaly, should revoke the dispensation incorrectly extended to the entire Archeparchy for an indefinite period. His vicarious power cannot override the decisions of the Synod, promulgated by the Major Archbishop, to whom, as the Eparchial Bishop, the authority attributed by the sacred canons (*inter alia* can. 1538 §1) is proper. If dispensation is requested for some special cases within the Archeparchy, Archbishop Kariyil may take decisions only with the approval of Your Beatitude.

./.

---

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110
KAKKANAD, KOCHI - 682 030, India

fruitful participation of the faithful in the synodal form.

The Apostolic See understands that some have difficulty in following the synodal decisions, but exhorts all to avoid activism and protests using non-ecclesial and non-Christian methods such as hunger strike *usque ad mortem*. The clergy especially should comply with ecclesiastical authority in favor of the common good, as they promised on the day of their ordination, when they took up a special duty to show reverence and obedience to their proper hierarchs (cf. can. 370), in imitation of Christ who for our sake became obedient *usque ad mortem, mortem autem Crucis* (Philippians 2:8).

The Holy Father, in the Audience granted to the undersigned Prefect of the Congregation for the Eastern Churches on February 10, 2022, has approved the dispositions of the present letter. Your Beatitude will kindly share it with the Bishops, clergy, religious and lay faithful of the Syro-Malabar Church, with special appreciation for the women and men religious who have stood with the Synod.

With prayerful best wishes and cordial regards, I remain

Sincerely yours in Christ,

✠ Leonardo Card. Sandri
Prefect

✠ Giorgio Demetrio Gallaro
Archbishop Secretary

*To the Major Archbishop, the Vicar of the Major Archbishop,*
*the Priests, Religious and Lay Faithful*
*of the Archeparchy of Ernakulam-Angamaly*

This sacred time of preparation for Easter invites us to resume in a more authentic and responsible way our journey of following the Lord, who walks toward the humiliation and suffering of his Passion, consenting to drink from a bitter chalice in fulfillment of the Father's will, which is the salvation of humanity.

Christ takes a step back from any human claim to achievement, success or messianic glory so that humanity may advance and enter into the fullness of the covenant. He triumphs with a love that is humble and lowly: on the cross he is stripped of everything, but no one can take away that which is most important to him, his relationship with the Father. The response of the Father is Easter morning with Jesus' triumph over sin and death. The "Alleluia" that the diverse liturgical traditions sing is not directed against something or someone but a hymn of praise and communion to the Holy Trinity by a humanity raised up with Christ.

As a Church, all of us – bishops, priests, deacons, and lay faithful – are often tempted to forget the essence of the mystery that we are celebrating: we speak about Jesus and we know many things about him in theory. We need, however, to live with him and, like him, to accept the path of humiliation and the way of the cross. We cannot live divided. We cannot create division. We cannot allow ourselves to be a source of scandal.

The Synod of Bishops of the Syro-Malabar Major Archiepiscopal Church, the superior authority of your Church for defining its liturgy, has determined not

only to approve certain liturgical texts but also the form of celebration in the way that it had been proposed some years ago. Fully aware of the different traditions associated with the diverse contexts of your Church, all were asked to take a step back from their respective styles of celebration in order to offer a sign of communion born of the fact that everyone involved sacrificed something particularly their own, out of love and witness to something greater.

As of 28 November 2021, the date chosen for the implementation of the Holy Qurbana, thirty-four Eparchies decided to enact the synodal decision. Regrettably, this was not the case with yourselves. You chose instead to continue following your particular liturgical form, albeit after careful reflection, in isolation from the rest of the Syro-Malabar Church. Nonetheless, it is good for us, as believers in Christ, to ask ourselves about our behaviour, how we express dissent, how we accept even difficulty and humiliation, how we take steps back. This, not in accordance with human criteria of victory or defeat, or in terms of one group versus another, but by looking to the Lord and being willing not only to celebrate his paschal mystery but also to experience it together with him, beginning with the anxiety and suffering of his passion.

I am writing to you, therefore, with a paternal exhortation to adhere promptly to the synodal decision concerning the form of celebration of the Holy Qurbana prior to Easter 2022, as determined by the Synod. It is possible that some parishes will need more time in order to carry out a more ample catechesis, as was done elsewhere, so that everyone will be prepared to accept the changes. This is understandable, as long as it does not call into question the synodal decision. As provided for in law, it is possible to ask for the necessary dispensation from the Major Archbishop, who is the Metropolitan of the Archeparchy, or with the approval of the Major Archbishop, from his Vicar. The dispensation would be given only for a determined amount of time in accordance with the Code of Canons of the Eastern Churches.

I realize that I am asking you to take a difficult and painful step, but I am certain that I will find in you examples of priests and lay faithful who are ready to listen to the voice of the Lord and trust in the counsel and plea of the Pope. This has been a distinguishing characteristic of the Syro-Malabar Church throughout the centuries. Your faithfulness has allowed you to overcome numerous historical misunderstandings and in our time has led to a flourishing of vocations and missionary zeal. The Lord will not forget the sacrifice that you are making and, in the end, will open your hearts to the abundance of his blessings. Then the words of the Psalm will be fulfilled, "Those who go out weeping, bearing the seed for sowing, shall come home with shouts of joy, carrying their sheaves" (126:6). If we sow in the Lord, we can reap with him. If we sow the wind, we will reap the whirlwind: above all the scandal of division and of a counter-witness given in such a very delicate situation as that in which you find yourselves.

With confidence in your fidelity and obedience, and recalling in particular the obligations assumed at priestly ordination, I invoke upon all of you the Lord's blessing and I ask you, please, to pray for me.

Francis

Rome, Saint John Lateran, 25 March 2022
Solemnity of the Annunciation of the Lord

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

April 1, 2022

Prot. N. 463/2002

Your Grace,

Your petition, dated 21 March 2022, to revoke/review the letter of this Dicastery, dated 28 February 2022, is contrary to the express directives given by His Holiness Pope Francis in the Letter addressed to the Archeparchy of Ernakulam-Angamaly, dated 25 March 2022, and hence inadmissible.

Your powers as Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly are, as your title itself clearly implies, vicarious. As was made explicit during the 2019 *Ad Limina* Visit, the delegation of these powers to Your Grace does not deprive His Beatitude Cardinal Alencherry of the full powers proper to the Major Archbishop as Eparchial Bishop of Ernakulam-Angamaly. Precisely in virtue of the vicarious nature of your office, it is only with the approval of the Major Archbishop that Your Grace, as Vicar of the Major Archbishop, may exercise the powers granted to you, just as the Holy Father has written. Therefore, this Dicastery once again invites Your Grace to revoke with apostolic courage the dispensation given on 27 November 2021.

The Major Archbishop will undoubtedly want to send out a circular in the light of the Papal Letter of 25 March 2022, which should be considered the final decision on the matter.

With prayerful best wishes for the imminent Paschal Solemnities,

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**Circular No.: 3/2022** 06-04-2022

Dear priests, religious, and laity of the Archeparchy of Ernakulam-Angamaly,

In the circular n. 8/2021, dated 26 November 2021, I wrote to you: "Considering the serious pastoral problems in the Archeparchy and for the sake of the spiritual well-being of the faithful, as Vicar of the Major Archbishop, I exempt everyone from the mode of celebrating the Holy *Qurbana* (50:50) decided by the Syro-Malabar Synod throughout the Archeparchy of Ernakulam-Angamaly according to canon 1538."

After having carefully considered everything, with this circular I intend to modify and in fact modify the previous circular with the following provisions:

1) The dispensation, granted on 26 November 2021 with circular letter no. 8/2021, is valid until 25 December 2022;

2) The dispensation granted on 26 November 2021 with circular letter no. 8/2021 and amended here, is based on two main reasons:

   a. The first concerns the serious consequences of public order that have occurred and are foreseen with the imposition of immediate entry in force of the Synodal decision concerning the Holy *Qurbana*;

   b. The second concerns the necessity - acknowledged also by the Holy Father in his recent letter to the Archeparchy - that the parishes will need more time in order to carry out a more ample catechesis, as was done elsewhere, so that everyone will be prepared to accept the changes.

As soon as possible I will expose to the Major Archbishop and the Bishops of the Synod the ecclesiastical difficulties we face in the Archeparchy and the initiatives that are intended to be implemented for catechesis.

+ A Kariyil

**Archbishop Antony Kariyil**
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly

Bijn Varghese

Fr. Varghese Perumayan
Chancellor

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 04/2022**

എറണാകുളം-അങ്കമാലി അതിരൂപതയിലെ ബഹു. വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരീസഹോദരന്മാരേ,

2021 നവംബർ 28-ാം തീയതി മുതൽ സീറോമലബാർസഭ മുഴുവൻ സിനഡു തീരുമാനപ്രകാര മുള്ള വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കണമെന്ന് അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് 2021 ആഗസ്റ്റ് 27-ാം തീയതിയിലെ തന്റെ ഇടയലേഖനത്തിലൂടെ ആവശ്യപ്പെട്ടിരുന്നല്ലോ. എന്നാൽ, അതിരൂപതയിൽ അമ്പതിലേറെ വർഷങ്ങളായി അർപ്പിച്ചു വരുന്ന ബലിയർപ്പണരീതി തുടരു വാനുള്ള ബഹുഭൂരിപക്ഷം വൈദികരുടെയും അല്മായരുടെയും ആഗ്രഹം കണക്കിലെടുത്തും സിനഡു തീരുമാനപ്രകാരമുള്ള വിശുദ്ധ കുർബാനയർപ്പണരീതി അതിരൂപതയിൽ നടപ്പി ലാക്കിയാൽ ഉണ്ടാകാനിടയുള്ള ഗൗരവമായ അജപാലനപ്രശ്നങ്ങൾ പരിഗണിച്ചും അതിരൂപത മുഴുവന്റെയും ആത്മീയനന്മ മുൻനിർത്തിയും ഫ്രാൻസിസ് മാർപാപ്പയുടെ നിർദ്ദേശപ്രകാരവും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ രേഖാമൂലമുള്ള അനുവാദത്തിന്റെ അടിസ്ഥാന ത്തിലുമാണ് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കായുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി എന്ന നിലയിൽ, അതിരൂപതയിലെ എല്ലായിടങ്ങളിലും സിനഡു തീരുമാനമനുസരിച്ചുള്ള വിശുദ്ധ കുർബാനയർപ്പണരീതിയിൽ നിന്ന് 2021 നവംബർ 26 തീയതി പുറപ്പെടുവിച്ച സർക്കുലർ (8/2021) പ്രകാരം, കാനൻ 1538-ന്റെ അടിസ്ഥാനത്തിൽ ഞാൻ ഒഴിവു നൽകിയത്.

റോമിലെ അധികാരികളോടും സീറോമലബാർ സിനഡിനോടും ജനാഭിമുഖ കുർബാനയർപ്പണ രീതി അതിരൂപതയ്ക്കായെങ്കിലും അനുവദിച്ചു തരുന്നതിനായി ഞാൻ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, 2022 മാർച്ച് 25-ാം തീയതി ഫ്രാൻസിസ് മാർപാപ്പ മേജർ ആർച്ചുബിഷപ്പിനും മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായ എനിക്കും അതിരൂപതയിലെ എല്ലാ വൈദികർക്കും സമർ പ്പിതർക്കും അല്മായ സഹോദരീസഹോദരന്മാർക്കുമായി മേജർ ആർച്ചുബിഷപ്പുവഴി അയച്ചു തന്ന കത്തിൽ, ഉയിർപ്പു തിരുനാൾദിനമായ 2022 ഏപ്രിൽ 17-ാം തീയതിക്കകം എറണാകുളം-അങ്കമാലി അതിരൂപതയിലും സിനഡു തീരുമാനപ്രകാരമുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആഹ്വാനം ചെയ്തിരിക്കുകയാണ്. അതേസമയം, മറ്റിടങ്ങളിൽ ചെയ്തതു പോലെ, ഉചിതമായ ബോധനം നൽകുന്നതിനും, അതുവഴി മാറ്റങ്ങൾ അംഗീകരിക്കാൻ എല്ലാ വരും തയ്യാറാകുന്നതിനും ഇടവകകൾക്ക് കൂടുതൽ സമയം വേണ്ടിവരാൻ സാധ്യത ഉണ്ടെന്നും മാർപാപ്പ തന്റെ കത്തിൽ പരാമർശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വേദനാജനകമായ ഒരു ചുവടു വയ്ക്കാനാണ് മാർപാപ്പ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ത്യാഗപ്രവൃത്തി കർത്താവ് മറക്കുകയില്ലെന്നും അവിടത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്ക് നമ്മുടെ ഹൃദയങ്ങൾ തുറക്കപ്പെടുമെന്നും മാർപാപ്പ പ്രത്യാശിക്കുന്നു.

പരിശുദ്ധ പിതാവിന്റെ പ്രസ്തുത ആഹ്വാനം കണക്കിലെടുത്ത്, സിനഡ് തീരുമാനമനുസരിച്ചുള്ള വിശുദ്ധ കുർബാനയർപ്പണരീതിയിൽ നിന്ന് 2021 നവംബർ 26 തീയതി പുറപ്പെടുവിച്ച സർക്കുലർ (8/2021) പ്രകാരം, കാനൻ 1538 ന്റെ അടിസ്ഥാനത്തിൽ അതിരൂപതയ്ക്ക് ഞാൻ നൽകിയ ഒഴിവ് ഇതിനാൽ ഭേദഗതി ചെയ്ത്, ഈ ഒഴിവിന്റെ കാലാവധി ഈ വർഷത്തെ ക്രിസ്മസ് ദിനമായ 2022 ഡിസംബർ 25-ാം തീയതിയായി ഞാൻ നിജപ്പെടുത്തുന്നു (സർക്കുലർ 3/2022). അന്നുമുതൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സിനഡു തീരുമാനപ്രകാരമുള്ള വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കേണ്ടതാണ്. 2022 ഡിസംബർ 25-ാം തീയതിക്കു മുമ്പായി ഈ അർപ്പണരീതി സംബന്ധിച്ച എല്ലാ ക്രമീകരണങ്ങളും എല്ലായിടത്തും ചെയ്യേണ്ടതുമാണ്. ഈ പുതിയ സാഹചര്യത്തിൽ, അതിരൂപതയിലെ എല്ലാ

Contd. 2

MAJOR ARCHEPARCHIAL CURIA ERNAKULAM-ANGAMALY

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

ഇടവകകളിലും സ്ഥാപനങ്ങളിലും ഏകീകൃത അർപ്പണരീതി സംബന്ധിച്ച ബോധനപ്രക്രിയ നടത്തേണ്ടതുള്ളതിനാലും അതിരൂപതയിൽ എല്ലായിടങ്ങളിലും ഒരേ ദിവസംതന്നെ ഈ അർപ്പണരീതി ആരംഭിക്കുന്നതിലുള്ള നന്മ കണക്കിലെടുത്തും, മറിച്ചായാൽ സംഭവിക്കാനിടയുള്ള അജപാലന പ്രശ്നങ്ങൾ പരിഗണിച്ചുമാണ് ഈ സമയക്രമീകരണം നിശ്ചയിച്ചിരിക്കുന്നത്.

ഈ സർക്കുലറിലെ തീരുമാനങ്ങളോട് എല്ലാവരും സഹകരിച്ചുകൊണ്ട് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സമാധാനത്തിന്റെയും പാതയിൽ നമുക്ക് ഒരുമിച്ച് യാത്ര ചെയ്യാം. ഫ്രാൻസിസ് മാർപാപ്പ തന്റെ കത്തിൽ സൂചിപ്പിച്ചതുപോലെ, കർത്താവിനോടൊപ്പം ജീവിക്കാൻ താഴ്ത്തപ്പെടലിന്റെ പാതയും കുരിശിന്റെ വഴിയും അംഗീകരിക്കാൻ നമുക്കാകണം.ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയെ അവിടുത്തേക്ക് ഭരമേല്പിക്കാം. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ [signature]

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത
06-04-2022

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

........................................

N.B.: ഈ സർക്കുലർ അടുത്ത ഞായറാഴ്ച കുർബാനമദ്ധ്യേ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ 05/2022** **07. 04. 2022**

**എറണാകുളം അങ്കമാലി അതിരൂപതയിലെ ബഹു. വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരീസഹോദരന്മാരേ,**

നമ്മുടെ കർത്താവിന്റെ രക്ഷാകരരഹസ്യങ്ങളായ പീഡാനുഭവവും മരണവും ഉത്ഥാനവും നമ്മുടെ ധ്യാനത്തിനും പ്രാർഥനയ്ക്കും പ്രത്യേകവിധം വിഷയമാക്കുന്ന വലിയ ആഴ്ചയിലേയ്ക്കു നാം പ്രവേശിക്കുകയാണല്ലോ. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 2022 മാർച്ച് 25-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പിതൃസഹജമായ സമീപനത്തോടെ നൽകിയ കത്തിൽ മനുഷ്യകുല ത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റിക്കൊണ്ടു താഴ്ത്തപ്പെടലിന്റെയും പീഡാസഹനത്തിന്റെയും കയ്പുനിറഞ്ഞ പാനപാത്രത്തിൽ നിന്നു പാനംചെയ്യുന്ന കർത്താവിനെ കൂടുതൽ ആധികാരികതയോടെയും ഉത്തരവാദിത്വത്തോടെയും അനുഗമിക്കാൻ ഈ വിശുദ്ധ കാലത്തു നമ്മെയെല്ലാം ആഹ്വാനം ചെയ്തിട്ടുണ്ട്. നമ്മുടെ കർത്താവീശോമിശിഹായുടെ മാതൃക അനുകരിച്ചുകൊണ്ട് ഈ വലിയ ആഴ്ച കൂടുതൽ അനുഗ്രഹപ്രദമാക്കാൻ നമുക്കു പരിശ്രമിക്കാം.

നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നതിനുള്ള സിനഡിന്റെ തീരുമാനം 2021 നവംബർ 28-ന് നിലവിൽ വന്നതാണ്. 35 ൽ 34 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷ നിലും സഭയുടെ ഔദ്യോഗികമായ വി. കുർബാനയർപ്പണരീതി പ്രായോഗികമായി നടപ്പിലായിക്കഴിഞ്ഞു. നമ്മുടെ അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പിലാക്കുന്നതു സംബന്ധിച്ചു ചില തടസങ്ങൾ നിലനിന്നതു ഏവർക്കും അറിവുള്ളതാണ്. അതേസമയം അതിരൂപതയിൽ നിലനിൽക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുതന്നെ ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതി സിനഡിന്റെ തീരുമാനനുസരിച്ചു നടപ്പിലാക്കണമെന്നു പരിശുദ്ധ പിതാവും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയവും നമുക്കു നിർദ്ദേശങ്ങൾ നൽകിയി രുന്നു. "സിനഡ് നിശ്ചയിച്ചപ്രകാരം, വി. കുർബാനയാഘോഷത്തിന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്ററിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃസവിശേഷമായി ഉദ്ബോധിപ്പിച്ചുകൊണ്ടു ഞാൻ നിങ്ങൾക്കെഴുതുന്നു", എന്നാണു പരിശുദ്ധ പിതാവ് നമ്മോടു സസ്നേഹം ആവശ്യപ്പെട്ടത്. അതുപോലെതന്നെ, നമ്മുടെ സഭയുടെ പശ്ചാത്തലത്തിൽ വൈവിധ്യങ്ങളും വ്യത്യസ്ത പാരമ്പര്യങ്ങളും മുറുകെപ്പിടിച്ച എല്ലാവരും ത്യാഗ പൂർവം അവരവരുടെ ആരാധനാരീതികളിൽനിന്ന് ഒരു ചുവടു പിന്നോട്ടു വച്ചുകൊണ്ടു കൂട്ടായ്മയുടെ അടയാളം പ്രകടമാക്കിയതുവഴി രൂപപ്പെട്ടതാണു സിനഡുതീരുമാനിച്ച ഏകീകൃത അർപ്പണ രീതിയെന്നും പരിശുദ്ധ പിതാവു തന്റെ കത്തിൽ ചൂണ്ടികാട്ടുന്നു. അതിനാൽ, സിനഡിന്റെ തീരുമാനം നടപ്പിൽ വരുത്തുന്നത്, "കർത്താവിങ്കലേയ്ക്കു നോക്കി, അവിടത്തെ ഉത്ക്കണ്ഠയിലും പീഡാസഹനത്തിലും തുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ചനു ഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാകണം; അല്ലാതെ

Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരേ മറ്റൊന്ന് എന്ന മാനുഷികമാനദണ്ഡത്തിനോ അനുസൃതമായിട്ടാകരുത്" എന്നും ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമപ്പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ, 2022 ഏപ്രിൽ 6, 7 തിയതികളിൽ അടിയന്തരമായി ഓൺലൈൻ വഴി സമ്മേളിച്ച സഭയുടെ സിനഡ് നമ്മുടെ അതിരൂപതയിൽ ഏകീകൃത വി. കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്തു. പരിശുദ്ധ പിതാവിന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ടും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകിയ വ്യക്തമായ നിർദ്ദേശങ്ങൾ കണക്കിലെടുത്തും മേൽസൂചിപ്പിച്ച പ്രത്യേക സിനഡ് സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങളുടെ വെളിച്ചത്തിലും നമ്മുടെ അതിരൂപതയിൽ വി. കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നതു സംബന്ധിച്ചു നൽകുന്ന തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്:

1. സിനഡു തീരുമാനനുസരിച്ചുള്ള ഏകീകൃത വി. കുർബാനയർപ്പണരീതി നമ്മുടെ അതിരൂപതയിൽ 2022 ഏപ്രിൽ 10-ാം തീയതി ഓശാന ഞായർ മുതൽ നിലവിൽ വരുന്നതാണ്. ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് ഓശാന ഞായറാഴ്ച അതിരൂപതയുടെ കത്തീഡ്രൽ ബസലിക്കയിൽ ഏകീകൃത രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

2. വി. കുർബാനയുടെ ഏകീകൃത അർപ്പണരീതി നമ്മുടെ സഭയിൽ പൂർണമായി നടപ്പിലാക്കാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് 2022 ഏപ്രിൽ 17 ഈസ്റ്റർ ഞായറാഴ്ചയാണ്. അതിനകം നമ്മുടെ അതിരൂപതയിൽ വി. കുർബാനയർപ്പിക്കുന്ന എല്ലാ സ്ഥലങ്ങളിലും സിനഡു തീരുമാന മനുസരിച്ചു വി. കുർബാനയർപ്പിക്കേണ്ടതാണ്.

3. പ്രത്യേക സാഹചര്യങ്ങളാൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന രീതിയിൽ ഈസ്റ്റർ ഞായറാഴ്ചയോടുകൂടി ഏകീകൃത വി. കുർബാനയർപ്പണരീതി നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ പൗരസ്ത്യകാനൻനിയമ സംഹിതയിലെ കാനൻ 1538 §1 പ്രകാരമുള്ള ഇളവ് (dispensation) ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ മേജർ ആർച്ച്ബിഷപ്പിന്റെ വികാരി ആർച്ച്ബിഷപ്പ് മാർ ആന്റണി കരിയിൽ പിതാവിനു നൽകേണ്ടതാണ്. അതിരൂപതാദ്ധ്യക്ഷനായ മേജർ ആർച്ച്ബിഷപ്പിന്റെ അംഗീകാരത്തോടെ ഇളവുനൽകേണ്ട ഓരോ സ്ഥലത്തും അവിടത്തെ സാഹചര്യങ്ങൾ ക്കനുസരിച്ച് ആവശ്യമായ ബോധനം നൽകുന്നതിനു കൃത്യമായ സമയപരിധി നിശ്ചയിച്ച് മേജർ ആർച്ചബിഷപ്പിന്റെ വികാരി ഇളവ് അനുവദിക്കുന്നതാണ്.

4. ഈ സർക്കുലറിൽ ഞങ്ങൾ ഒപ്പുവയ്ക്കുന്നതോടെ മേജർ ആർച്ച് ബിഷപ്പിന്റെ വികാരി വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കുന്നതിൽനിന്നു ഒഴിവു നൽകി ക്കൊണ്ട് 2021 നവംബർ 26-നും 2022 ഏപ്രിൽ 6-നും നൽകിയ

Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലറുകളും ഇതുമായി ബന്ധപ്പെട്ട മറ്റു നിർദ്ദേശങ്ങളും നിയമപരമായി നിലനിൽക്കുന്നതല്ല.

പരിശുദ്ധ പിതാവിനോടുള്ള വിധേയത്വവും അനുസരണവും നമ്മുടെ സഭയുടെയും അതിരൂപതയുടെയും നാളിതുവരെയുള്ള ഇടമുറിയാത്ത പാരമ്പര്യമാണ്. അത് അഭംഗുരം പാലിക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്. പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിന്റെ ഭാഗംതന്നെയാണു റോമിലെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്നതും. കത്തോലിക്കാസഭയുടെ കൂട്ടായ്മയിലുള്ള ഒരു വ്യക്തിസഭയെന്ന നിലയിൽ നമ്മുടെ സഭയുടെ സിനഡിനോടും മേലധികാരികളോടുമുള്ള ഐക്യത്തിന്റെ കൂട്ടായ്മയിലാണ് നമ്മുടെ സഭാജീവിതം ശക്തിപ്പെടേണ്ടത്. പരിശുദ്ധ പിതാവ് നമ്മോടു ആഹ്വാനംചെയ്ത കുരിശിലെ താഴ്ത്തപ്പെടലിന്റെ ആത്മീയപാഠങ്ങളോടൊപ്പം സഭാപരമായ ഈ ദർശനങ്ങളുടെ പിൻബലത്തിൽ നമ്മുടെ അതിരൂപതയിൽ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നതിനു വിശ്വാസപ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. ഉത്ഥിതനായ കർത്താവിന്റെ സമാധാനവും സന്തോഷവും നിങ്ങൾക്കെല്ലാവർക്കും ഹൃദയപൂർവം ഞങ്ങൾ ആശംസിക്കുന്നു.

+ George Alencherry

കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ്
എറണാകുളം അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്

+ A. Kariyil

ആർച്ചബിഷപ് ആന്റണി കരിയിൽ
എറണാകുളം അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള
മേജർ ആർച്ച്ബിഷപ്പിന്റെ വികാരി

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY

N.B.

1. ഈ സർക്കുലർ ഓശാനഞായറാഴ്ച അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

2. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം അങ്കമാലി അതിരൂപതയ്ക്കായി 2022 മാർച്ച് 25-ന് നൽകിയ കത്ത് അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഉചിതമായ മറ്റൊരു ഞായറാഴ്ച വായിക്കേണ്ടതാണ്.

ARCHDIOCESE OF
ERNAKULAM-ANKAMALY

Fr. Mathew Kilukkan
Public Relation Officer

Ref : ..........................................

Date : ഏപ്രിൽ 10, 2022

# എറണാകുളം-അങ്കമാലി അതിരൂപതയിൽ ജനാഭിമുഖ വിശുദ്ധ കുർബാന അർപ്പണ രീതി തുടരുന്നു

എറണാകുളം-അങ്കമാലി അതിരൂപതയിൽ പ്രസന്നപുരം, തോട്ടുവ, മറ്റൂർ, യൂണിവേഴ്സ്റ്റി പള്ളി, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്ക എന്നിവിടങ്ങളിലൊഴിച്ച് മറ്റെല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഓശാന ഞായറാഴ്ചയും ജനാഭിമുഖ രീതിയിലുള്ള ബലിയർപ്പണമാണ് നടന്നത്. കത്തീഡ്രൽ ബസിലിക്കയിൽ രാവിലെ 6.45-ന് ഏകീകൃത രീതിയിലുള്ള വി. കുർബാനയ്ക്ക് മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി നേതൃത്വം നല്കി. എന്നാൽ അതിനുശേഷം നടന്ന എല്ലാ വിശുദ്ധ ബലിയിലും ജനാഭിമുഖമായിട്ടാണ് അർപ്പിച്ചത്. തുടർന്നും കത്തീഡ്രൽ ബസിലിക്കയിൽ ജനാഭിമുഖ കുർബാന തുടരുമെന്ന് വികാരി മോൺസിഞ്ഞോർ ആന്റണി നരികുളം അറിയിച്ചു.

ഫാ. മാത്യു കിലുക്കൻ

പി.ആർ.ഒ.

ernakulamarchdiocesepro@gmail.com
(0484) 2352629, 2352906
ernakulamarchdiocese.org
Major Archbishop's House, P B No. 2580, Broadway,
Ernakulam Kochi - 682 031, Kerala, India

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 0386/2022 16 ഏപ്രിൽ 2022

**എറണാകുളം അങ്കമാലി അതിരൂപത വൈദികർക്കും**
**അതിരൂപതയിലെ എല്ലാ സമർപ്പിത വൈദികർക്കും**

പ്രിയ ബഹുമാനപ്പെട്ട വൈദികരേ,

നമ്മുടെ സഭയിൽ വി. കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നതിനുള്ള സിനഡിന്റെ തീരുമാനം 2021 നവംബർ 28-ന് നിലവിൽവന്നതാണല്ലോ. ഈ തീരുമാനം അന്നു മുതൽ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ആവശ്യമായ തയ്യാറെടുപ്പുകൾക്കുവേണ്ടി 2022 ഈസ്റ്റർ ഞായറാഴ്ചവരെ സിനഡ് സമയം അനുവദി ച്ചിരുന്നു.

നമ്മുടെ അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പിലാക്കുന്നതു സംബന്ധിച്ച് 2022 ഏപ്രിൽ 6, 7 തീയതികളിൽ അടിയന്തരമായി ഓൺലൈൻ വഴി സമ്മേളിച്ച പ്രത്യേക സിനഡ് സമ്മേളനത്തിന്റെ സമാപനത്തിൽ, അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ് എന്ന നിലയിൽ ഞാനും അതിരൂപതയ്ക്കു വേണ്ടിയുള്ള മേജർ ആർച്ച്ബിഷപ്പിന്റെ വികാരി എന്ന നിലയിൽ അഭിവന്ദ്യ ആന്റണി കരിയിൽ പിതാവും ചേർന്ന് 2022 ഏപ്രിൽ 7-ന് ഒരു സർക്കുലർ (05/2022) പുറപ്പെടുവിച്ചിരുന്നല്ലോ. ആ സർക്കുലറിലെ തീരുമാനങ്ങൾ മാറ്റമില്ലാതെ അതി രൂപതയിൽ നിയമപരമായി നിലനിൽക്കുന്നുവെന്ന് ഇതിനാൽ ഓർമ്മപ്പെടുത്തട്ടെ.

അതിനാൽ, 2022 മാർച്ച് 25-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മുടെ അതിരൂപത യ്ക്കായി പ്രത്യേകം എഴുതിയ കത്തിൽ നൽകിയ ആഹ്വാനമനുസരിച്ചും ഇതുമായി ബന്ധപ്പെട്ടു പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകിയിരിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സീറോമലബാർസഭയുടെ മെത്രാൻ സിനഡിന്റെ തീരുമാനമനുസരിച്ചും 2022 ഏപ്രിൽ 17 ഈസ്റ്റർ ഞായറാഴ്ചമുതൽ നമ്മുടെ അതിരൂപതയിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും ഏകീകൃത അർപ്പണരീതിയനുസരിച്ചു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്. പ്രത്യേകസാഹചര്യങ്ങളാൽ ഈസ്റ്റർ ഞായറാഴ്ചയോടുകൂടി ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ സർക്കുലർ 5/2022-ൽ നൽകിയിരിക്കുന്ന മൂന്നാമത്തെ തീരുമാനമനുസരിച്ചു നിയമപരമായ ഇളവു വാങ്ങേണ്ടതാണ്.

ഈ വിഷയത്തിൽ മറിച്ചുള്ള ഒരു നിർദ്ദേശവും നിയമപരമായി നിലനിൽക്കുന്നതല്ല.

പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ നമ്മുടെ സഭയുടെ സിനഡിന്റെ തീരുമാന മനുസരിച്ചു ഏകീകൃതരീതിയിൽ വിശുദ്ധ കുർബാനയർപ്പിക്കാൻ അതിരൂപതയിലെ എല്ലാ വൈദികരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാളിന്റെ സന്തോഷവും സമാധാനവും ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവം,

+GAlencherry

MAR GEORGE ALENCHERRY
MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി
എറണാകുളം അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

July 30, 2022

Prot. N. 130/2022

Your Grace,

I thank you for accepting the appointment as Apostolic Administrator "*Sede Plena*" of the Archeparchy of Ernakulam-Angamaly, without prejudice to your office of Metropolitan Archbishop of Trichur, as per canon 234 of the *Codex Canonum Ecclesiarum Orientalium*.

His Holiness Pope Francis entrusts to Your Grace the administration of the Archeparchy of Enakulam-Angamaly with all the faculties given by canon law to the Eparchial Bishop, in order to facilitate the resolution of the problems of governance and discipline experienced in the Archeparchy.

This Dicastery trusts that, docile to the decision of the Holy Father, the priests, religious and lay faithful of the Archeparchy will cooperate with Your Grace and support you by their prayer, words and actions.

At your discretion, Your Grace may consult the Major Archbishop, who will not be directly involved in the decision-making process regarding the Archeparchy.

On the other hand, His Beatitude will maintain the prerogative of liturgical presidency as the Major Archbishop and Metropolitan Archbishop of Ernakulam-Angamaly.

Your Grace may also consult and inform the Synod of Bishops and the Permanent Synod, but will be responsible directly to the Apostolic See.

In order to ensure a renewed spirit in the administration of the Archeparchy, Your Grace may reconstitute the Archeparchial Curia. Considering the size and complexity of the Archeparchy of Ernakulam-Angamaly, as well as your concurrent duties as Metropolitan Archbishop of Trichur, Your Grace could consider assigning *Syncelli* with defined competences for specific areas, always guaranteeing the proper coordination.

./.

-----------------------------------------

His Excellency The Most Reverend
Msgr. Andrews THAZHATH
Metropolitan Archbishop of Trichur for the Syro-Malabars
Catholic Archbishop's House
THRISSUR 680 005 - Kerala, India

With particular respect to liturgical matters, Your Grace is to ensure effective catechesis for following the Synodal Decisions on Liturgy and the directives of the Apostolic See. When granting dispensations in accordance with can. 1538 §1 *CCEO*, Your Grace should follow the specifications given by the Holy Father in the Paternal Exhortation dated 25 March 2022 and the letter (Prot. N. 248/2004) of this Dicastery dated 9 November 2020. Dispensations may be given to parishes in a "special case", for well-defined times, even longer than heretofore established, and for specific reasons, with attention to the period necessary for catechetical formation. However, it is necessary to safeguard that the Cathedral, places of formation such as seminaries, shrines and pilgrimage sites proceed immediately to implement the 50:50 formula. Moreover, even in the parishes, visiting Bishops and priests must not be prevented from celebrating according to the unitary mode, for instance on the occasion of funerals or sacramental celebrations, notifying the parish priest in time and giving information to the faithful.

In addition, Your Grace has the competence to evaluate the advisability of dissolving and reconstituting the consultative organs envisioned by canon law and other committees.

I ask Your Grace to inform this Dicastery regularly, through the Apostolic Nunciature in India, about the measures you take in the Archeparchy.

Remaining at your disposal for any clarification or assistance and grateful for the precious collaboration, I am, with prayerful best wishes and profound regards in Christ

Sincerely yours,

✠ Leonardo Card. Sandri
Prefect

Rev. Flavio Pace
Under-Secretary

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

# വിശദീകരണക്കുറിപ്പ്

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായിരുന്ന ആർച്ചുബിഷപ്പ് ആന്റണി കരിയിൽ പിതാവിന്റെ രാജി സ്വീകരിക്കുകയും അതിരൂപതയുടെ സേദെ പ്ലേന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിക്കുകയുംചെയ്ത പരിശുദ്ധ സിംഹാസനത്തിന്റെ തീരുമാനം ഇതിനകം ഏവർക്കും അറിവുള്ളതാണല്ലോ. സഭയുടെ നന്മ ആഗ്രഹിക്കുന്നവരെല്ലാം ഈ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. എന്നാൽ, പുതിയ ഭരണസംവിധാനത്തിൽ അസംതൃപ്തരായ ചിലർ ആരോപണങ്ങളുടെ പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നതായി മനസിലാക്കുന്നു. വിശ്വാസികൾക്കിടയിലും പൊതുസമൂഹത്തിലും തെറ്റിദ്ധാരണ പരത്തുക എന്ന ലക്ഷ്യത്തോടെ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കേണ്ടത് ഈ ഘട്ടത്തിൽ അനിവാര്യമാണ്.

**സ്ഥലവില്പനയിലെ നഷ്ടംനികത്തൽ (Restitution)**

എറണാകുളം-അങ്കമാലി അതിരൂപതയിലെ സ്ഥലവില്പന കാനോനികസമിതികളുടെ അംഗീകാരത്തോടെയും സുതാര്യമായും നിയമാനുസൃതമായുമാണ് നടന്നത് എന്നതാണ് യാഥാർത്ഥ്യം. സ്ഥലം വില്പനയുമായി ബന്ധപ്പെട്ടു തല്പരകക്ഷികൾ ഫയൽ ചെയ്ത ഒരു കേസിൽ പോലിസ് അന്വേഷണം നടത്തുകയും കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ നിലനിൽക്കുന്നവയല്ലെന്ന റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പിതാവിനെതിരെ കോടതിയിൽ ഫയൽചെയ്ത മറ്റൊരു കേസിൽ നടപടിക്രമത്തിന്റെ ഭാഗമായി സുപ്രീംകോടതിയിൽ കേരള സർക്കാർ നൽകിയ സത്യാവാങ്മൂലം പിതാവിന് അനുകൂലമായത് ഈ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. കോടതികളിൽ നിലനിൽക്കുന്ന കേസുകൾ നിയമപരമായി നേരിട്ടുകൊണ്ടിരിക്കുന്നു.

സ്ഥലവില്പനയിലൂടെ അതിരൂപതയ്ക്ക് ലഭിക്കുമെന്ന് കരുതിയ തുക കിട്ടിയില്ല എന്നുള്ളത് വസ്തുതയാണ്. സ്ഥലത്തിന് ഉദ്ദേശിച്ച വില ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ കർദിനാൾ പിതാവാണ് കോട്ടപ്പടിയിലെയും ദേവികുളത്തെയും സ്ഥലങ്ങൾ അതിരൂപതയുടെ പേരിൽത്തന്നെ ഈടായി എഴുതിവാങ്ങിയത്. ഈടായിട്ടു മാത്രമാണ് ഈ സ്ഥലങ്ങൾ വാങ്ങിയത് എന്നതിനാലാണ് സ്ഥലം വാങ്ങാൻ പാലിക്കേണ്ട കാനോനിക നടപടിക്രമങ്ങൾ പാലിക്കാതിരുന്നതെന്ന് അഭിവന്ദ്യ പിതാവുതന്നെ കമ്മീഷനുകൾക്കു മുൻപിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. സ്ഥലവില്പനയിലൂടെ ലഭിച്ച തുക മുഴുവൻ അതിരൂപതയുടെ അക്കൗണ്ടിലൂടെ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്.

സ്ഥലവില്പനയുമായി ബന്ധപെട്ട കാര്യങ്ങളിൽ തന്നോടു സഹകരിച്ചവരുടെ പ്രവർത്തനങ്ങളിലുള്ള തന്റെ മേല്നോട്ടത്തിലെ ജാഗ്രതക്കുറവ് കർദിനാൾ പിതാവ് പല വേദികളിലും അന്വേഷണ കമ്മീഷനുകൾക്കു മുൻപിലും സമ്മതിച്ചിട്ടുള്ള കാര്യമാണ്. സ്ഥലവില്പനയുടെ എല്ലാ പോരായ്മകളും കർദിനാൾ പിതാവിൽമാത്രം ആരോപിക്കുന്നവർ അന്നത്തെ അതിരൂപതാകാര്യാലയത്തിലുണ്ടായിരുന്ന മറ്റുള്ളവരെ സംരക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വത്തിക്കാന്റെ നിർദ്ദേശപ്രകാരം അന്നത്തെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് ജേക്കബ് മനത്തോടത്ത് നിയോഗിച്ച ഇഞ്ചോടി കമ്മീഷൻ അവരുടെ റിപ്പോർട്ടു സിനഡിൽ അവതരിപ്പിച്ചപ്പോൾ ഇക്കാര്യത്തിലുള്ള എല്ലാവരുടെയും ഉത്തരവാദിത്വങ്ങളെക്കുറിച്ചു

പ്രത്യേകം പറയുകയുണ്ടായി. കർദിനാൾ പിതാവിനെ എങ്ങനെയെങ്കിലും കുറ്റവാളിയാക്കി ചിത്രീകരിക്കാനുള്ള സംഘടിതശ്രമത്തിന്റെ ഭാഗമായി പിതാവിനെതിരെ പല വ്യക്തികളെ ക്കൊണ്ട് ഒരേ വിഷയത്തിൽ പത്തോളം കേസുകൾ കൊടുപ്പിച്ചു. അതുകൂടാതെ സഭയുടെ വിവിധ തലങ്ങളിലും പിതാവിനെ തെറ്റുകാരനായി അവതരിപ്പിക്കാനുള്ള ശ്രമം ചില വൈദികരുടെ നേതൃത്വത്തിൽ നടന്നു. സ്ഥലമിടപാടിൽ പിതാവിൽ സാമ്പത്തിക കുറ്റമാരോപിച്ചവർ അതിനെ സാധൂകരിക്കാൻവേണ്ടി വ്യാജരേഖകൾ ചമച്ചു. അതിനെതിരെ സഭാസിനഡു കൊടുത്ത കേസിൽ പോലീസ് അന്വേഷണം നടത്തി തയ്യാറാക്കിയ കുറ്റപത്രത്തിൽ അതിരൂപതയിലെ മൂന്നു വൈദികർ പ്രതികളായി ചേർക്കപ്പെട്ടിട്ടുണ്ട്.

ജേക്കബ് മനത്തോടത്ത് പിതാവിന്റെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിലുള്ള ഉത്തരവാദിത്വത്തിന്റെ സമാപനത്തിൽ കോൺഗ്രിഗേഷൻ കർദിനാൾ പിതാവിന് 2019 ജൂൺ 26-ന് എഴുതിയ കത്തിൽ (Prot. N. 157/2018), അതിരൂപതയ്ക്കുണ്ടായ സാമ്പത്തികനഷ്ടം പരിഹരിക്കാൻ റെസ്റ്റിറ്റ്യൂഷൻ അഥവാ റിക്കവറി മുതലായ നിയമപരമായ മാർഗങ്ങൾ സ്വീകരിക്കാൻ പിതാവിനു നിർദേശം നൽകിയിരുന്നു. റെസ്റ്റിറ്റ്യൂഷൻ എന്ന വാക്ക് കോൺ ഗ്രിഗേഷൻ ഉപയോഗിച്ച പശ്ചാത്തലത്തിൽനിന്നു മാറ്റി പിതാവിനോട് വ്യക്തിപരമായി റെസ്റ്റിറ്റ്യൂഷൻ നടത്താൻ വത്തിക്കാൻ ആവശ്യപ്പെട്ടു എന്ന ദുഷ്പ്രചരണം ചില വൈദിക രുടെ നേതൃത്വത്തിൽ ആരംഭിച്ചു. എന്നാൽ സ്ഥലം വില്പനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിച്ച എല്ലാ കമ്മീഷനുകളും ഈ ഇടപാടുകളിലൂടെ ആലഞ്ചേരി പിതാവ് വ്യക്തിപ രമായി ഒരു സാമ്പത്തികനേട്ടവും ഉണ്ടാക്കിയിട്ടില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

സ്ഥലം വില്പനയിലെ 'നഷ്ടം' എന്നു കർദിനാൾ പിതാവിനെ കുറ്റപ്പെടുത്തുന്നവർ പറയുന്നത്, വില്പനയ്ക്കു വച്ചപ്പോൾ സ്ഥലത്തിന് കിട്ടണം എന്നു നിശ്ചയിച്ച തുകയും സ്ഥലം വിറ്റപ്പോൾ കിട്ടിയ തുകയും തമ്മിലുള്ള വ്യത്യാസമാണ്. ഈ 'നഷ്ട'വും കോട്ട പ്പടി സ്ഥലം എഴുതിവാങ്ങുന്നതിന് ചെലവായ തുകയും ഇവയുടെ 9.5% പലിശയും ചേർത്ത് 24,61,53,239/- രൂപയാണ് നഷ്ടമായി 2020 ഫെബ്രുവരി 3-ന് കൂടിയ യോഗത്തിൽ തിട്ടപ്പെടുത്തിയത്. അതിരൂപത ഫിനാൻസ് കൗൺസിൽ അവതരിപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിലാണ് നഷ്ടം ഇപ്രകാരം നിശ്ചയിച്ചത്. ഈ യോഗത്തിൽ പെർമനന്റ് സിനഡ് അംഗങ്ങളും കരിയിൽ പിതാവും അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ, മുൻ സിഞ്ചെല്ലൂസ് ഫാ. സെബാസ്റ്റ്യൻ വടക്കുംപാടൻ, മുൻ ഫിനാൻസ് ഓഫീസർമാരായ ഫാ. ജോഷി പുതുവ, ഫാ. ലൂക്കോസ് കുന്നത്തൂർ, അതിരൂപത ഓഡിറ്റർ എന്നിവരും പങ്കെടുത്തിരുന്നു. സ്ഥലം വില്പനയുടെ മുഴുവൻ ഉത്തര വാദിത്വവും മേജർ ആർച്ചുബിഷപ്പിൽ നിക്ഷിപ്തമാക്കിയതിനാൽ അതിരൂപതയ്ക്ക് നഷ്ടം വരാതിരിക്കാൻ പിതാവിന്റെ പ്രത്യേക ശ്രദ്ധയിൽ ഈടായി വാങ്ങിയ രണ്ടു സ്ഥലങ്ങൾ വിറ്റുകൊണ്ട് അതിരൂപതയ്ക്ക് വന്ന നഷ്ടം നികത്താൻ പെർമനന്റ് സിനഡ് നിർദേശിക്കുക യുണ്ടായി. എന്നാൽ, പിതാവ് അതിരൂപതയ്ക്ക് നഷ്ടം വരുത്തി എന്നുപറയുന്നവർ പിതാവ് ഈടായി വാങ്ങിയ രണ്ടുസ്ഥലങ്ങളുടെമേൽ പിതാവിന് അധികാരമൊന്നുമി ല്ലെന്നും അത് അതിരൂപതയുടെ സ്വത്താണെന്നും പറഞ്ഞു പ്രശ്നം നിലനിറുത്തി പിതാവിനെ കുറ്റക്കാരനാക്കി അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

കോട്ടപ്പടി, ദേവികുളം സ്ഥലങ്ങൾ വിറ്റ് അതിരൂപതയ്ക്കുണ്ടായ നഷ്ടം പരിഹരിക്കാൻ 2018-ൽത്തന്നെ ശ്രമങ്ങൾ നടന്നിരുന്നു. ഇപ്രകാരം ഈ സ്ഥലങ്ങൾ വാങ്ങാൻ സന്നദ്ധരായി

വന്നവർ അന്നത്തെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായിരുന്ന ജേക്കബ് മനത്തോടത്ത് പിതാവിനെയാണ് സമീപിച്ചത്. പ്രസ്തുത വില്പനയ്ക്ക് അതിരൂപതയുടെ കാനോനിക സമിതികൾ സമ്മതം നൽകിയില്ല. അന്നു വില്പന നടന്നിരുന്നെങ്കിൽ സ്ഥലം വില്പനയു മായി ബന്ധപ്പെട്ട് ഉയർത്തിക്കാണിക്കുന്ന നഷ്ടം പരിഹരിക്കപ്പെടുകയും ഈ പ്രശ്നം തന്നെ പൂർണമായി അവസാനിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, ഏതുവിധേനയും കർദിനാളിനെ കുറ്റക്കാരനാക്കി മുദ്രകുത്തി സ്ഥാനത്തുനിന്ന് പുറത്താക്കുന്നതുവരെ പ്രശ്നം പരിഹരിക്കപ്പെടാതിരിക്കാൻ ചിലർക്കു നിർബന്ധബുദ്ധിയുണ്ടായിരുന്നു.

വീണ്ടും, കരിയിൽ പിതാവ് അതിരൂപതയുടെ സാധാരണ ഭരണനിർവഹണം നടത്തിയ സാഹചര്യത്തിൽ കോട്ടപ്പടി സ്ഥലം വാങ്ങുന്നതിന് ഒരു വ്യക്തി മുന്നോട്ടുവരികയും ഇക്കാര്യം രേഖാമൂലം കരിയിൽ പിതാവിനെ ആ വ്യക്തിതന്നെ അറിയിക്കുകയും ചെയ്തു. ഇക്കാര്യം കരിയിൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ പെർമനന്റ് സിനഡ് ചർച്ചചെയ്തു. സ്ഥലം വില്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കരിയിൽ പിതാവ് സന്നദ്ധത അറിയിക്കുകയും ഇക്കാര്യത്തിൽ പെർമനന്റ് സിനഡിന്റെ സഹായവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. സ്ഥലം വാങ്ങാൻ മുന്നോട്ടുവന്ന വ്യക്തി വാഗ്ദാനം ചെയ്ത വിലയ്ക്ക് സ്ഥലം വില്ക്കുന്നതുവഴി അതിരൂപതയ്ക്ക് ഒരു നിയമപ്ര ശ്നവും ഉണ്ടാകില്ലെന്നു ബന്ധപ്പെട്ട ഓഫീസുകളിൽനിന്നു രേഖാമൂലം എഴുതിവാങ്ങു കയും ചെയ്തിരുന്നു. എന്നാൽ കരിയിൽ പിതാവ് നടത്തിയ നീക്കങ്ങൾ അതിരൂപതാസമി തികളുടെ കടുത്ത എതിർപ്പുമൂലം വിജയം കണ്ടില്ല.

ഇതിനിടയിൽ, സ്ഥലം വില്പനയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി പെർമനന്റ് സിനഡ് എടുത്ത നിലപാടിനെ തള്ളിപ്പറഞ്ഞ അതിരൂപതാകാനോനികസമിതികൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ അപ്പീൽ നൽകി. ഈ അപ്പീലിനു മറുപടി യായി കോൺഗ്രിഗേഷൻ 2021 ജൂൺ 21-ന് കരിയിൽ പിതാവിനു നൽകിയ കത്തിലൂടെ (Prot. No. 29/ 2021) ഈ വിഷയത്തിലുള്ള തീരുമാനം അറിയിച്ചു. ഈ കത്തിൽ വ്യക്തമാ ക്കപ്പെട്ട കാര്യങ്ങൾ ഇവയാണ് : 1. ഓറിയന്റൽ കോൺഗ്രിഗേഷൻ നിർദ്ദേശിച്ച റെസ്റ്റിറ്റ്യൂ ഷൻ കോട്ടപ്പടിയിലും ദേവികുളത്തുമുള്ള ഗ്യാരണ്ടി സ്ഥലങ്ങളുടെ വില്പനയിലൂടെ യാണ് നടത്തേണ്ടത്. 2. ഈ സ്ഥലങ്ങൾ വിറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കരി യിൽ പിതാവിന് പ്രത്യേക അധികാരങ്ങൾ ഉണ്ടായിരിക്കും. 3. കർദിനാൾ ജോർജ് ആല ഞ്ചേരി പിതാവ് വ്യക്തിപരമായി റെസ്റ്റിറ്റ്യൂഷൻ നടത്തണമെന്ന് കോൺഗ്രിഗേഷൻ ഒരി ക്കലും പറഞ്ഞിട്ടില്ല. 4. അപ്രകാരം പ്രചരിപ്പിക്കുന്നത് തെറ്റാണ്. ആ തെറ്റ് നിർബന്ധ പൂർവ്വം ആവർത്തിക്കുന്നവർക്കെതിരെ കാനോനികമായ ശിക്ഷാനടപടികൾ സ്വീകരിക്ക ണം. റോമിൽനിന്നു ലഭിച്ച ഈ കത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലങ്ങൾ വിറ്റു പ്രശ്നം പരിഹരിക്കാൻ കരിയിൽ പിതാവ് ശ്രമിച്ചെങ്കിലും അതിരൂപതാകാര്യലയത്തിന്റെയും കാനോനിക സമിതികളിലെ ചില വ്യക്തികളുടെയും എതിർപ്പുമൂലം അതു സാധിച്ചില്ല. അന്ന് ഓഫർ ചെയ്ത വിലയ്ക്കു സ്ഥലം വിറ്റിരുന്നെങ്കിൽ ഇപ്പോൾ ഉയർത്തിക്കാട്ടുന്ന നഷ്ടം നികത്തി അതിരൂപയ്ക്ക് ലാഭം ഉണ്ടാകുമായിരുന്നു.

കർദിനാൾ ലെയണാർദോ സാന്ദ്രിയുടെ ഈ തീരുമാനത്തിനെതിരെ സഭയിലെ പരമോ ന്നത നീതിന്യായസംവിധാനമായ അപ്പസ്തോലിക് സിഞ്ഞത്തൂരായിൽ അതിരൂപതാസമി തികളുടെ നിർദേശപ്രകാരം കരിയിൽ പിതാവ് അപ്പീൽ നൽകിയതായി അറിയുന്നു. നീതി ന്യായ വ്യവസ്ഥയിൽ വിശ്വസിക്കുന്നവരാണല്ലോ നിയമസംവിധാനത്തിലൂടെ പ്രശ്നപരി

ഹാരത്തിനു ശ്രമിക്കുന്നത്. അപ്പീൽ കൊടുത്തത് പ്രശ്നപരിഹാരത്തിനാണെങ്കിൽ അതിന്റെ തീരുമാനം വരുന്നതുവരെ കാത്തിരിക്കേണ്ടതും തീരുമാനം വരുമ്പോൾ അത് അംഗീകരിക്കേണ്ടതും അടിസ്ഥാന ധാർമ്മികതയാണ്. ഇതുപാലിക്കാതെ 2022 ജൂൺ മാസത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽച്ചെന്നു റെസ്റ്റിറ്റ്യൂഷന്റെ കാര്യത്തിൽ തീരുമാനം എടുക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെ പിന്നിലുള്ള ലക്ഷ്യമെന്താണ്? അതോടൊപ്പം, മാധ്യമങ്ങളിലും പൊതുസമ്മേളനങ്ങളിലും റെസ്റ്റിറ്റ്യൂഷനുവേണ്ടി മുറവിളി കൂട്ടുമ്പോൾ അത് സാമാന്യമര്യാദകളെയും നീതിന്യായസംവിധാനങ്ങളുടെ പ്രവർത്തനങ്ങളെയും നീതിബോധത്തെയും വെല്ലുവിളിക്കുന്നതിനു തുല്യമാണ്. സിവിൽ കോടതികളിലും സഭാകോടതികളിലും കേസുകൾ നടത്തുകയും അതേസമയം പൊതുവേദികളിലും മാധ്യമങ്ങളിലൂടെയും കർദിനാൾ പിതാവിനെ അപകീർത്തിപ്പെടുത്താനുള്ള സംഘടിത പരിശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സഭാപരമായി ചിന്തിച്ചാലും സാമാന്യമര്യാദകൾക്കനുസരിച്ചായാലും പിതാവിനെതിരെ നടത്തുന്ന ഇത്തരം നീക്കങ്ങൾ അപലപനീയമാണ്.

**വി. കുർബാനയുടെ ഏകീകൃതഅർപ്പണരീതി**

വി. കുർബാനയുടെ അർപ്പണരീതിയിലുള്ള ഏകീകരണ തീരുമാനവുമായി ബന്ധപ്പെട്ടു പ്രചരിപ്പിക്കുന്ന അടിസ്ഥാനരഹിതമായ വാദഗതികൾ ഇതിനകം സഭയിലെ മഹാഭൂരിപക്ഷം വരുന്ന വൈദികരും സമർപ്പിതരും വിശ്വാസികളും തള്ളിക്കളഞ്ഞവയാണ്. എങ്കിലും നിരന്തരമായ അസത്യപ്രചരണം തെറ്റിദ്ധാരണ ഉളവാക്കാൻ സഹായിക്കുമെന്നതിനാൽ ഈ വിഷയത്തിലും വിശദീകരണം ആവശ്യമാണെന്ന് കരുതുന്നു.

1998-ൽ നടന്ന ഒന്നാമത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ഉയർന്നുകേട്ട ആവശ്യമാണ് സീറോമലബാർസഭയിലെ വി. കുർബാനയർപ്പണത്തിൽ നിലനിൽക്കുന്ന വ്യത്യസ്തരീതികൾ മാറ്റി ഒരു ഏകീകൃതഅർപ്പണരീതി നടപ്പാക്കണം എന്നത്. അതിന്റെയുംകൂടി വെളിച്ചത്തിലാണ് 1999 നവംബർ മാസത്തിൽ നടന്ന സിനഡിൽ വി. കുർബാനയുടെ ഏകീകൃതഅർപ്പണരീതിയെക്കുറിച്ചുള്ള തീരുമാനം എടുക്കുന്നത്. എന്നാൽ, ചില രൂപതകളിൽ സിനഡിന്റെ ഈ തീരുമാനം നടപ്പാക്കുന്നതിൽനിന്നു രൂപതാധ്യക്ഷൻമാർ താത്കാലികമായി ഒഴിവുനൽകുകയുണ്ടായി. അതേസമയം, കേരളത്തിലെ പല രൂപതകളിലും എല്ലാ മേജർ സെമിനാരികളിലും സഭയുടെ പൊതു ആഘോഷങ്ങളിലും കേരളത്തിനുപുറത്തുള്ള രൂപതകളിലും പ്രവാസി സമൂഹങ്ങളിലും സിനഡു തീരുമാനമനുസരിച്ചുള്ള വി. കുർബാന അർപ്പണം നിലവിൽവന്നു. പിന്നീടുള്ള വർഷങ്ങളിൽ സഭയുടെ വിവിധതലങ്ങളിലും സിനഡുസമ്മേളനങ്ങളിലും ഏകീകൃതകുർബാനയർപ്പണരീതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നിരുന്നു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വി. കുർബാനയുടെ ലൈവ് സംപ്രേഷണം നടത്തിയപ്പോൾ വി. കുർബാന പല രീതികളിലാണ് അർപ്പിക്കപ്പെടുന്നത് എന്നത് പൊതുവേ ശ്രദ്ധിക്കപ്പെട്ടു. ഇതേക്കുറിച്ചുള്ള ധാരാളം പരാതികൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിനു ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, 1999-ലെ തീരുമാനം നടപ്പിലാക്കാൻ മെത്രാൻ സിനഡ് പ്രതിബദ്ധത കാണിക്കണമെന്നു നിർദേശിച്ചുകൊണ്ട് 2020 നവംബർ 9-ന് (Prot. No. 248/2004) പ്രസ്തുത കാര്യാലയം മേജർ ആർച്ചുബിഷപ്പിന് കത്തെഴുതുകയും ചെയ്തു. 2021 ജൂലൈ മൂന്നാം തീയതി സീറോമല

ബാർസഭയ്ക്കു മുഴുവനായി എഴുതിയ കത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ 1999-ലെ സിനഡ് തീരുമാനം ഉടനടി നടപ്പാക്കാൻ ആഹ്വാനം ചെയ്തു. ഈ പശ്ചാത്തലത്തിലാണ് 2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർസഭയുടെ സിനഡ് വി. കുർബാനയുടെ അർപ്പണരീതി ഏകീകരിക്കാൻ തീരുമാനിച്ചത്.

സിനഡിലെ ചർച്ചകൾക്കിടയിൽ ചില പിതാക്കന്മാർ ഏകീകൃതബലിയർപ്പണരീതി നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ പങ്കുവച്ചു എന്നത് സത്യമാണ്. എന്നാൽ, സുദീർഘമായ ചർച്ചകൾക്കും വിലയിരുത്തലുകൾക്കും പ്രാർത്ഥനയ്ക്കും ശേഷം പരിശുദ്ധാത്മാവിനാൽ പ്രേരിതമായി ശ്ലൈഹികമായ ധീരതയോടെ വി. കുർബാന അർപ്പണരീതി ഏകീകരിക്കാൻ സിനഡ് തീരുമാനിക്കുകയായിരുന്നു. ഈ തീരുമാനം ദൈവഹിതപ്രകാരമായിരുന്നു എന്നതിന്റെ സാക്ഷ്യമാണ് സഭയിലെ 35 രൂപതകളിൽ 34-ലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും സിനഡ് തീരുമാനപ്രകാരം ഏകീകൃതരീതിയിലുള്ള വി. കുർബാന അർപ്പണം നടപ്പിലായത്. സിനഡാലിറ്റി എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ഒരുമിച്ചു നടക്കുകയെന്നതാണ്. ഒരുമിച്ചുനടക്കുന്നതിൽനിന്ന് ആരെങ്കിലും ഒരാൾ തന്റേതായ നിർബന്ധബുദ്ധിമൂലം പിന്തിരിഞ്ഞാൽ അയാൾക്കുവേണ്ടി മറ്റുള്ളവരെല്ലാം മുന്നോട്ടുള്ള നടപ്പ് ഉപേക്ഷിക്കണം എന്ന സിദ്ധാന്തം സിനഡാലിറ്റിയല്ല; സ്വന്തം നിലപാടുമാത്രമാണ് ശരിയെന്ന മിഥ്യാബോധമാണത്.

ആന്റണി കരിയിൽ പിതാവ് അതിരൂപതയിലെ കാനോനിക സമിതികളുടെ ആവശ്യപ്രകാരം എറണാകുളം-അങ്കമാലി അതിരൂപതയിൽ ഈ തീരുമാനം നടപ്പിലാക്കാനുള്ള പ്രയാസം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവനായ അഭിവന്ദ്യ കർദിനാൾ ലെയണാർദോ സാന്ദ്രിയെയും നേരിൽക്കണ്ട് അറിയിക്കുകയുണ്ടായി. വി. കുർബാനയുടെ ഏകീകൃത അർപ്പണരീതി ഉടൻ നടപ്പിലാക്കാൻ പ്രയാസമുള്ള പ്രത്യേക കേസുകളിൽ പൗരസ്ത്യ കാനൻനിയമത്തിലെ 1538-ാം കാനൻ അനുശാസിക്കുന്നപ്രകാരം ഒഴിവു നൽകാൻ കർദിനാൾ ലെയണാർദോ സാന്ദ്രി മെത്രാപ്പോലിത്തൻ വികാരിക്ക് അനുവാദം നൽകിയിരുന്നു. എന്നാൽ, കാനൻ 1538-ലെ നൈയാമിക വ്യവസ്ഥകളെ അവഗണിച്ചുകൊണ്ട് അതിരൂപതയ്ക്കുമുഴുവൻ ഏകീകൃത ബലിയർപ്പണരീതിയിൽനിന്ന് അനിശ്ചിതകാലത്തേയ്ക്ക് ഒഴിവുനൽകുകയും സിനഡ് തീരുമാനപ്രകാരമുള്ള വി. കുർബാന അർപ്പണം നിരോധിക്കുകയും ചെയ്തുകൊണ്ടുള്ള സർക്കുലറാണ് കരിയിൽ പിതാവ് പുറപ്പെടുവിച്ചത്. സിനഡിന്റെ തീരുമാനത്തെ വെല്ലുവിളിക്കുന്നതും നിയമാനുസൃതം നിലനിൽപ്പില്ലാത്തതുമായ ഈ തീരുമാനം ശ്ലൈഹികമായ ധീരതയോടെ പിൻവലിക്കണമെന്നും ഒഴിവുകൾ നിയമാനുസൃതമായി നൽകേണ്ടത് അതിരൂപതയുടെ മെത്രാപോലിത്തൻ ആർച്ചുബിഷപ്പുകൂടിയായ മേജർ ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടുകൂടെ ആയിരിക്കണമെന്നും പരിശുദ്ധ സിംഹാസനം 2021 ഡിസംബർ 7, 2022 ജനുവരി 7, 2022 ഫെബ്രുവരി 18 എന്നീ തീയതികളിൽ നൽകിയ കത്തുകളിലൂടെ കരിയിൽ പിതാവിനോട് ആവർത്തിച്ച് ആവശ്യപ്പെടുകയുണ്ടായി. 2022 മാർച്ച് 25-ന് ഫ്രാൻസീസ് മാർപാപ്പ അസാധാരണമായ വിധത്തിൽ അതിരൂപതയെ അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയ കത്തിൽ, സിനഡ് തീരുമാനപ്രകാരമുള്ള ഏകീകൃത അർപ്പണരീതി നടപ്പിലാക്കാൻ പിതൃസഹജമായ രീതിയിൽ ആഹ്വാനം ചെയ്തു. അതിനെത്തുടർന്ന്, സഭയുടെ തീരുമാനത്തോട് ചേർന്നുനിന്ന് അപ്പസ്തോലികമായ ധീരതയോടെ, തെറ്റായി പുറപ്പെടുവിച്ച സർക്കുലർ പിൻവലിക്കാനും ഏകീകൃതഅർപ്പണരീതി അതിരൂപതയിൽ നടപ്പിലാക്കാനും ആവശ്യമുള്ള കേസുകളിൽ മേജർ

ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടെ നിയമാനുസൃതമായ ഒഴിവുനൽകാനും കർദിനാൾ ലെയണാർദോ സാന്ദ്രി 2022 ഏപ്രിൽ 1-ന് വീണ്ടും കരിയിൽ പിതാവിന് നിർദേശം നൽകി. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയവും സീറോമലബാർസഭയുടെ മെത്രാൻ സിനഡും അഭിവന്ദ്യ പിതാക്കന്മാർ വ്യക്തിപരമായും ചെറുഗ്രൂപ്പുകളായും കരിയിൽ പിതാവിനോടു നടത്തിയ അഭ്യർത്ഥനകളെല്ലാം അതിരൂപത യിലെ സമ്മർദഗ്രൂപ്പുകളുടെ സഭാപരമല്ലാത്ത സംഘടിതശക്തിക്കുമുൻപിൽ നിഷ്ഫലമാ യി.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വി. കുർബാനയുടെ ഏകീകൃതഅർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുവേണ്ടി 2022 ഏപ്രിൽ 6, 7 തീയതികളിൽ നടന്ന പ്രത്യേക സിനഡുസമ്മേളനത്തിനു തൊട്ടുമുൻപ് പരിശുദ്ധ പിതാ വിന്റെ ഉൾപ്പെടെ മേലധികാരികളുടെ നിർദേശങ്ങളെ പൂർണമായി അവഗണിച്ച്, മേജർ ആർച്ചുബിഷപ്പിനോടു ആലോചിക്കാതെ, അതിരൂപതയ്ക്കു മുഴുവനായി ഡിസംബർ 25 വരെ ഒഴിവുനൽകികൊണ്ട് കരിയിൽ പിതാവ് നൽകിയ സർക്കുലർ സഭാസംവിധാന ത്തോടും സഭാനിയമങ്ങളോടുമുള്ള വെല്ലുവിളി മാത്രമായിരുന്നു. ഓൺലൈനായി നട ത്തിയ സിനഡിൽ പങ്കെടുത്ത കരിയിൽ പിതാവ് സിനഡുപിതാക്കന്മാരുടെ അഭ്യർത്ഥനയെ ആദ്യം നിരാകരിച്ചെങ്കിലും രണ്ടാമത്തെ ദിവസത്തെ ചർച്ചയുടെ സമാപനത്തിൽ മേജർ ആർച്ചുബിഷപ്പിനൊടൊത്ത് ഒരു സംയുക്ത സർക്കുലർ പുറപ്പെടുവിക്കാനും അതുവഴി അതിരൂപതയിൽ ഏകീകൃതഅർപ്പണരീതി നടപ്പിലാക്കാനും സന്തോഷപൂർവ്വം തയ്യാറായി. അതിരൂപതാകാര്യാലയത്തിൽനിന്നു കരിയിൽ പിതാവിന്റെ നിർദേശപ്രകാരം സർക്കുലർ പുറപ്പെടുവിക്കുന്നതിനാവശ്യമായ ലെറ്റർഹെഡും സീലും സർക്കുലർ നമ്പറും തരികയു ണ്ടായി. അന്നുതന്നെ സംയുക്ത സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ, പിറ്റേദിവസം അതിരൂപതയിലെ ചില വൈദികരുടെയും അല്മായരുടെയും സമ്മർദത്തിനു വഴങ്ങി, ഓൺലൈൻ സിനഡിൽ പിതാക്കന്മാർ തന്നെ സമ്മർദത്തിലാഴ്ത്തിയാണ് സർക്കു ലറിനുള്ള സമ്മതം വാങ്ങിയതെന്നു കരിയിൽ പിതാവിനെ ഉദ്ധരിച്ച് പ്രസ്താവനകൾ വരികയുണ്ടായി. സിനഡിന്റെ സംഘാതാത്മകതയെ ചോദ്യംചെയ്ത നടപടിയായിരുന്നു അത്.

പരിശുദ്ധ പിതാവിനെയും സിനഡിനെയും കരിയിൽ പിതാവ് അനുസരിക്കാതെവന്ന സാഹചര്യത്തിൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള അവസാന ശ്രമമെന്നനിലയിൽ അദ്ദേ ഹത്തെയും അതിരൂപതാകാര്യാലയത്തിലെ ചില അംഗങ്ങളെയും പൗരസ്ത്യസഭാകാര്യാ ലയം റോമിലേക്കു വിളിപ്പിക്കുകയുണ്ടായി. സഭയുടെ സ്ഥിരം സിനഡിലെ അംഗങ്ങളായ പിതാക്കന്മാരെയും റോമിലേക്ക് വിളിച്ചിരുന്നു. പൗരസ്ത്യസഭാകാര്യാലയത്തിലും സ്റ്റേറ്റ് സെക്രട്ടറിയുടെ ഓഫീസിലും നടന്ന ചർച്ചകളിൽ കുർബാനയുടെ തീരുമാനം നടപ്പിലാക്കാനുള്ള തന്റെ നിസ്സഹായത മെത്രാപ്പോലിത്തൻ വികാരി വെളിപ്പെടു ത്തുകയുണ്ടായി. ചർച്ചകളിൽ പങ്കെടുത്ത കൂരിയാ അംഗങ്ങൾ പതിവു സമ്മർദ നിലപാടുകളാണ് അവിടെയും സ്വീകരിച്ചത്.

റോമിൽ നടന്ന ചർച്ചകളുടെയും കരിയിൽ പിതാവും കൂടെയുണ്ടായിരുന്നവരും സ്വീകരിച്ച നിലപാടുകളുടെയും ഫലമാണ് പിന്നീടു സംഭവിച്ചത്. വൈദികരുടെ നിർബന്ധത്തിനു വഴങ്ങി കരിയിൽ പിതാവ് പ്രവർത്തിച്ചതു പരിശുദ്ധ പിതാവിന്റെ വ്യക്തമായ നിർദേശങ്ങൾക്കെതിരായിട്ടാണ്. ഇതു ഗൗരവകരമായ അച്ചടക്കലംഘനമായി വത്തിക്കാൻ

കണക്കാക്കിയെന്നു കരുതണം. പൗരസ്ത്യതിരുസംഘവും സ്റ്റേറ്റ് സെക്രട്ടറിയും നൽകിയ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ എടുത്ത തീരുമാനപ്രകാരമാണ് മാർപാപ്പയുടെ പ്രതിനിധിയായ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾദോ ജിറേല്ലി കരിയിൽ പിതാവിനെ ഡൽഹിയിലേക്ക് വിളിപ്പിച്ചതും ഒരാഴ്ചയ്ക്കുശേഷം എറണാകുളത്ത് അതിമെത്രാസനമന്ദിരത്തിലെത്തി പിതാവിനെ വീണ്ടും വ്യക്തിപരമായി കണ്ടതും. തുടർന്നു നമുക്ക് ലഭിച്ചത് എറണാകുളം അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിസ്ഥാനത്തുനിന്നു കരിയിൽ പിതാവ് നൽകിയ രാജി പരിശുദ്ധ സിംഹാസനം സ്വീകരിച്ചതായും ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്തുപിതാവിനെ അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചതായും അറിയിച്ചുകൊണ്ടുള്ള കോൺഗ്രിഗേഷന്റെ കൽപനയാണ്.

കത്തോലിക്കാസഭയുടെ ഭരണസംവിധാനങ്ങൾ മനസിലാകുന്നവർക്കും കത്തോലിക്കാസഭയിൽ അച്ചടക്കത്തിനും അനുസരണത്തിനും വിധേയത്വത്തിനും എതിരായി പ്രവർത്തിക്കുന്നവർ ആരായാലും സഭാനിയമനുസരിച്ച് സ്വീകരിക്കുന്ന നടപടികളെക്കുറിച്ചു അറിവുള്ളവർക്കും കരിയിൽ പിതാവ് രാജിവയ്ക്കേണ്ടിവന്നതിന്റെ കാരണം പ്രത്യേകിച്ച് ആലോചിച്ച് കണ്ടുപിടിക്കേണ്ടതില്ല.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയവും സ്വീകരിച്ച നടപടിയെ ചോദ്യംചെയ്തുകൊണ്ടും സഭാസിനഡിന്റെ അധികാരത്തെ നിരാകരിച്ചുകൊണ്ടും സമ്മേളനം സംഘടിപ്പിക്കുന്നവരും പ്രസ്താവനകളിലൂടെ സഭയുടെ അധികാരത്തെ വെല്ലുവിളിക്കുന്നവരും സഭയിലെ അച്ചടക്കം തകർക്കുന്നവരും ഗുരുതരമായ അച്ചടക്കലംഘനമാണു നടത്തുന്നത്. സഭയുടെ കെട്ടുറപ്പും അച്ചടക്കവും തകർക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ ഗൂഢലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞ് ജാഗ്രതയോടെ വർത്തിക്കാൻ സഭാവിശ്വാസികൾ ഈ കാലഘട്ടത്തിൽ പ്രത്യേകമായി പരിശ്രമിക്കേണ്ടതാണ്.

ഫാ. വിൻസെന്റ് ചെറുവത്തൂർ
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ
**06.08.2022**

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas
Kakkanad - Kochi

# THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA

Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com


Prot. No. 0941/2022 20.09.2022

## വിശദീകരണക്കുറിപ്പ്

എറണാകുളം-അങ്കമാലി അതിരൂപതയിൽ വി. കുർബാനയുടെ ഏകീകൃത അർപ്പണരീതി ഇനിയും നടപ്പിലാക്കാത്തതുമൂലം അജപാലനപരമായ ചില പ്രശ്നങ്ങൾ ഉരുത്തിരിയുകയും അവയുടെ പശ്ചാത്തലത്തിൽ അസത്യപ്രചരണങ്ങൾ നടക്കുകയും ചെയ്യുന്നതിനാലാണ് ഈ വിശദീകരണക്കുറിപ്പു നൽകുന്നത്.

എറണാകുളം-അങ്കമാലി അതിരൂപതയിൽ ജനാഭിമുഖകുർബാന തുടരാനുള്ള അനുവാദം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ചുബിഷപ്പ് ആൻറണി കരിയിൽ പിതാവിനു നൽകിയിരുന്നു എന്ന പ്രചാരണം വസ്തുതാവിരുദ്ധമാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ മൂന്നാംതിയതി സീറോമലബാർസഭാംഗങ്ങൾക്കായി എഴുതിയ കത്തിൽ "പുതിയ റാസകുർബാന തക്സ അംഗീകരിക്കുന്ന ഈ അവസരത്തിൽ സഭയുടെ ഉപരിനന്മയും ഐക്യവും ലക്ഷ്യംവച്ചുകൊണ്ടു പരിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും" ആഹ്വാനം ചെയ്യുകയുണ്ടായി. 2021 ജൂൺ 9ന് പരിശുദ്ധ സിംഹാസനം പുതിയ തക്സ അംഗീകരിച്ചപ്പോൾ വ്യക്തമായ മാർഗ്ഗരേഖയും നൽകി.

എറണാകുളം-അങ്കമാലി അതിരൂപതയിൽ സിനഡുതീരുമാനപ്രകാരമുള്ള ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നതിലെ ബുദ്ധിമുട്ടുകൾ ആർച്ചുബിഷപ്പ് ആൻറണി കരിയിൽ പിതാവു മാർപ്പാപ്പയുടെയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തി. അതിനെത്തുടർന്നു, സിനഡുതീരുമാനം ഉടൻ നടപ്പിലാക്കാൻ കഴിയാത്ത പള്ളികൾക്കു ഒഴിവു (dispensation) നൽകാൻ അനുവാദം നൽകിക്കൊണ്ട് പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം കരിയിൽ പിതാവിന് കത്തുനൽകുകയും ചെയ്തു. എന്നാൽ പരിശുദ്ധ സിംഹാസനത്തിൽനിന്നു നൽകിയ നിർദേശത്തിന് വിരുദ്ധമായാണ് കരിയിൽ പിതാവ് എറണാകുളം-അങ്കമാലി അതിരൂപതക്കു മുഴുവനുമായി വി. കുർബാനയുടെ ഏകീകൃത അർപ്പണരീതിയിൽനിന്നു ഒഴിവുനൽകിക്കൊണ്ട് സർക്കുലർ നൽകിയത്. തെറ്റായി നൽകപ്പെട്ട ഈ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് മറ്റ് അവകാശവാദങ്ങളും അസത്യപ്രഘോഷണങ്ങളും രൂപംകൊണ്ടിരിക്കുന്നത്.

ഈ സാഹചര്യത്തിൽ, പരിശുദ്ധ സിംഹാസനം കരിയിൽ പിതാവിനു നൽകിയ കത്തും ഈ കത്തിനെ തെറ്റായി വ്യാഖ്യാനിച്ചു കരിയിൽ പിതാവ് നൽകിയ സർക്കുലറും ഈ വിഷയത്തിൽ റോമിൽനിന്നു തുടർന്നുവന്ന കത്തുകളും അവയുടെ മലയാള പരിഭാഷയോടൊപ്പം നൽകുകയാണ്. ഈ കത്തുകളിൽ ചിലതു നേരത്തെ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണെങ്കിലും വസ്തുതകളുടെ വ്യക്തതയ്ക്കുവേണ്ടി ഇവ ഒരുമിച്ചു നൽകുന്നു.

**1. നവംബർ 26, 2021; Prot. N. 463/2002: പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവിനു നൽകിയ കത്ത്.**

ഉള്ളടക്കം: സിനഡുതീരുമാനം നടപ്പിലാക്കുന്നതുവഴി ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള കേസുകളിൽ ഒഴിവുനൽകാൻ അനുമതി.

**2. നവംബർ 26, 2021; സർക്കുലർ 8/2021: ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവ് നൽകിയ സർക്കുലർ.**

ഉള്ളടക്കം: എറണാകുളം-അങ്കമാലി അതിരൂപതക്കുമുഴുവൻ വി. കുർബാനയുടെ ഏകീകൃത അർപ്പണരീതിയിൽനിന്നു സമയപരിധിയില്ലാതെ ഒഴിവുനൽകി.

ഇപ്രകാരം ഒഴിവു നൽകിയത് റോമിൽനിന്നു നൽകിയ കത്തിനു വിരുദ്ധമായാണ്.

**3. ഡിസംബർ 7 2021; Prot. N. 463/2002: പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവിനു നൽകിയ കത്ത്.**

ഉള്ളടക്കം: അതിരൂപതയ്ക്കു മുഴുവനായി ഒഴിവുനൽകിയ തീരുമാനം ഒഴിവുനൽകുന്നതുമായി ബന്ധപ്പെട്ടു റോമിൽനിന്നു നൽകിയിരിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കാൻ കരിയിൽ പിതാവിനോട് ആവശ്യപ്പെടുന്നു. ഈ കത്തു പസിദ്ധീകരിക്കാനും നിർദ്ദേശം.

ഈ കത്തു പ്രസിദ്ധീകരിക്കാൻ നിർദേശമുണ്ടായിട്ടും അത് ചെയ്തില്ല.

**4. ജനുവരി 7 2022; Prot. N. 463/2002: പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവിനു നൽകിയ കത്ത്.**

ഉള്ളടക്കം: അതിരൂപതയ്ക്കു മുഴുവനായി സമയപരിധിയില്ലാതെ ഒഴിവുനൽകിയതും സിനഡുതീരുമാനം നടപ്പിലാക്കുന്നതു നിരോധിച്ചതും നിയമത്തിനെതിരാണെന്നും അതിനാൽ സർക്കുലർ പിൻവലിക്കണമെന്നും നടപടികൾ തിരുത്തണമെന്നും കരിയിൽ പിതാവിനോട് ആവശ്യപ്പെടുന്നു.

**5. ഫെബ്രുവരി 28, 2022; Prot. N. 463/2002: പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് എഴുതിയ കത്ത്.**

ഉള്ളടക്കം: മെത്രാന്മാർ സമരമാർഗങ്ങളിൽനിന്നു അകന്നുനിൽക്കണം, കരിയിൽ പിതാവ് അതിരൂപതയ്ക്കുമുഴുവനായി നൽകിയ ഒഴിവു പിൻവലിക്കുകയും അതിരൂപതയുടെ ആർച്ചുബിഷപ്പുകൂടിയായ മേജർ ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടെ സമയപരിധി നിശ്ചയിച്ച് ആവശ്യമുള്ള പള്ളികൾക്കു മാത്രം കരിയിൽ പിതാവ് ഒഴിവുനൽകുകയും ചെയ്യണം. കാരണം, കരിയിൽ പിതാവിൻെറ അധികാരം പ്രാതിനിധ്യാത്മകമാണ് (vicarious). പിതാക്കന്മാർക്ക് ഏകീകൃതരീതിയിൽ വി. കുർബാന അർപ്പിക്കാൻ വൈദികർ സാഹചര്യമൊരുക്കണം. ബേമ ഉപയോഗിക്കണം. പൗരോഹിത്യ സ്വീകരണദിവസത്തിൽ വൈദികർ നടത്തിയ വാഗ്ദാനപ്രകാരം മേലധികാരികളെ അനുസരിക്കുകയും ബഹുമാനിക്കുകയും വേണം. ഈ കത്തിൽ ഒപ്പിട്ടിരിക്കുന്ന പൗരസ്ത്യകാര്യാലയത്തിന്റെ തലവന് 2022 ഫെബ്രുവരി 10-ന് അനുവദിച്ച കൂടിക്കാഴ്ചയിൽ, ഇതിന്റെ ഉള്ളടക്കം പരിശുദ്ധ പിതാവ് അംഗീകരിച്ചിട്ടുണ്ട്.

ഇതേ തീയതിയിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രതിപാദിച്ചുകൊണ്ടു പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം കരിയിൽ പിതാവിനു വ്യക്തമായ മുന്നറിയിപ്പോടെ ഒരു കത്തു നൽകിയിരുന്നു. സിനഡുതീരുമാനം നടപ്പിലാക്കിയില്ലെങ്കിൽ ഉത്തരവാദിത്വത്തിൽനിന്നു പിന്മാറേണ്ടിവരുമെന്നും ആ കത്തിൽ പറഞ്ഞിരുന്നു. ആ കത്തു വ്യക്തിപരമായതിനാൽ പ്രസിദ്ധീകരിക്കുന്നില്ല.

**6. മാർച്ച് 25, 2022. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളംഅങ്കമാലി അതിരൂപതയിലെ പിതാക്കന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായർക്കുമായി എഴുതിയ കത്ത്.**

ഉള്ളടക്കം: 2022 ഈസ്റ്ററിനു മുൻപായി സിനഡിന്റെ തീരുമാനം നടപ്പിലാക്കാനും മേജർ ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടെ ആവശ്യമായ ഇടവകകൾക്ക് ഒഴിവ് നൽകാനും പരിശുദ്ധ പിതാവിന്റെ പിതൃനിർവിശേഷമായ ഉദ്ബോധനം. "ഇതു കർത്താവിലേക്കു നോക്കി, അവിടത്തെ ഉത്ക്കണ്ഠയിലും പീഡാസഹനത്തിലുംതുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ചനുഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാകണം; അല്ലാതെ, വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരെ മറ്റൊന്ന് എന്ന മാനുഷിക മാനദണ്ഡത്തിനോ അനുസൃതമായിട്ടാകരുത്". "വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുകയാണ് എന്നു ഞാൻ തിരിച്ചറിയുന്നു; എന്നാൽ കർത്താവിന്റെ സ്വരം ശ്രവി

ക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അല്മായവിശ്വാസികളുടെയും മാതൃക നിങ്ങളിൽ കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്".

**7. ഏപ്രിൽ 1, 2022; Prot. N. 463/2002: പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം ആർച്ചുബിഷപ്പ് ആന്റണി കരിയിൽ പിതാവിനു നൽകിയ കത്ത്.**

ഉള്ളടക്കം: 2022 ഫെബ്രുവരി 28ന് ഈ കാര്യാലയം നൽകിയ കത്തു പിൻവലിക്കുകയോ നവീകരിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2022 മാർച്ച് 21ന് കരിയിൽ പിതാവ് നൽകിയ നിവേദനം, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടി 2022 മാർച്ച് 25ന് നൽകിയ കത്തിൽ നൽകിയിരിക്കുന്ന വ്യക്തമായ നിർദ്ദേശങ്ങൾക്കെതിരായതിനാൽ സ്വീകരിക്കാൻ സാധിക്കില്ല. കരിയിൽ പിതാവിന്റെ അധികാരം പ്രാതിനിധ്യാത്മകമാണ്. അതിനാൽ മേജർ ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടെ നൽകപ്പെട്ട അധികാരം ഉപയോഗിക്കുക. 2021 നവംബർ 27ന് എറണാകുളം-അങ്കമാലി അതിരൂപതക്കു മുഴുവനുമായി നൽകിയ ഒഴിവു അപ്പസ്തോലികമായ ധൈര്യത്തോടെ പിൻവലിക്കാൻ ഒരിക്കൽക്കൂടി കരിയിൽ പിതാവിനു മുന്നറിയിപ്പു നൽകുന്നു.

മേജർ ആർച്ചുബിഷപ്പിന്റെ വികാരി എന്ന സ്ഥാനത്തുനിന്ന് ആർച്ചുബിഷപ്പ് ആന്റണി കരിയിൽ രാജിവയ്ക്കാൻ നിർബന്ധിതനായതിന്റെ കാരണം മുകളിൽ സൂചിപ്പിച്ച കത്തുകളിലൂടെ നൽകിയ നിർദേശങ്ങളെല്ലാം നിരാകരിച്ചതിനാലാണു എന്നതു വ്യക്തമാണ്. കരിയിൽ പിതാവിന്റെ രാജി സീകരിച്ച പരിശുദ്ധ സിംഹാസനം ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് പിതാവിനെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു.

**8. ജൂലൈ 30 2022; Prot. N. 130/2022: ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് പിതാവിനെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ച അവസരത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകിയ കത്ത്.**

ഉള്ളടക്കം: എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന ഭരണപരവും അച്ചടക്കപരവുമായ പ്രശ്നങ്ങളുടെ പരിഹാരം സുഗമമാക്കണം. അതിരൂപതയുടെ ഭരണനിർവഹണത്തിൽ നവീകരണത്തിന്റെ ചൈതന്യം ഉണ്ടായിരിക്കണം. ഏകീകൃത അർപ്പണരീതി നടപ്പിലാക്കണം. ഒഴിവുനൽകുന്നത് മാനദണ്ഡങ്ങൾ പാലിച്ചാകണം. കത്തീഡ്രൽ, പരിശീലനകേന്ദ്രങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഏകീകൃത അർപ്പണരീതി ഉടൻ ആരംഭിക്കണം. ഇടവക സന്ദർശിക്കുന്ന മെത്രാന്മാരെ ഏകീകൃതരീതിയിൽ വിശുദ്ധ കുർബാനയർപ്പിക്കുന്നതിൽനിന്നു തടയാൻ പാടില്ല.

എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഈ രേഖകളിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിലപാടുകൾ സംശയലേശമെന്യേ വ്യക്തമാക്കപ്പെടുന്നുണ്ട്. ഈ കത്തുകളുടെ ഉള്ളടക്കം വൈദികരെയും വിശ്വാസികളെയും യഥാസമയം അറിയിക്കാതിരുന്നത് കൂടുതൽ ആശയക്കുഴപ്പങ്ങൾക്കും തെറ്റായ പ്രചരണങ്ങൾക്കും കാരണമായി. ഈ കത്തുകളുടെ സത്യസന്ധമായ വായന തെറ്റിദ്ധാരണകൾ അകറ്റുന്നതിനും അബദ്ധപ്രചാരണങ്ങളെ തള്ളിക്കളയുന്നതിനും അതുവഴി സഭാകൂട്ടായ്മയിൽ മുന്നേറുന്നതിനും സഹായിക്കട്ടെ.

സീറോമലബാർസഭാകാര്യാലയത്തിൽനിന്ന്,

ഫാ. വിൻസെന്റ് ചെറുവത്തൂർ
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas
Kakkanad - Kochi

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

November 26, 2021

Prot. N. 463/2002

Your Grace,

I write, following your Audience with the Holy Father and meeting at the offices of the Dicastery, to confirm that this Congregation had never withdrawn the faculty of Eparchial Bishops to dispense as specified in canon 1538 of the *Codex Canonum Ecclesiarum Orientalium*.

Our Letter Prot. N. 248/2004 dated 9 November 2020 addressed to the Major Archbishop only sought to offer precision with regard to the proper use of dispensations, without in any way imposing additional restrictions on this faculty.

In virtue of your office as Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly, Your Grace can apply the faculty of dispensation for those cases, which, in your prudential judgment, would result in grave consequences with the entry into force on 28 November 2021 of the Synodal Decisions concerning the Holy *Qurbana*.

Your Grace will have the kindness to expose to the Major Archbishop and the Bishops of the Synod during the Session of January 2022 the ecclesial difficulties that you face in the Archeparchy.

Expressing the readiness of this Dicastery to be of any assistance and thanking Your Grace for the courteous attention, I renew my prayerful best wishes in Christ.

Sincerely,

+Leonardo Card. Sandri

CONGREGATION FOR THE
EASTERN CHURCHES

00193 Roma
Via della Conciliazione 34
00120, Vatican City

പ്രോട്ടോ നം. 463/2002

നവംബർ 26, 2021

അഭിവന്ദ്യ പിതാവേ,

പൗരസ്ത്യ കാനൻ നിയമത്തിലെ 1538-ാം കാനോനയനുസരിച്ച് മെത്രാൻമാർക്ക് ഒഴിവ് നൽകുന്നതിനുള്ള അധികാരം ഈ കാര്യാലയം ഒരിക്കലും പിൻവലിച്ചിരുന്നില്ലായെന്നു സ്ഥിരീകരിക്കുന്നതിനാണ് പരിശുദ്ധ പിതാവുമായുള്ള അങ്ങയുടെ കൂടിക്കാഴ്ചയ്ക്കും ഈ കാര്യാലയത്തിലെ ഓഫീസുകളിൽ നടത്തിയ മീറ്റിങ്ങുകൾക്കും ശേഷം ഞാൻ എഴുതുന്നത്.

കാനോനികമായ ഒഴിവു നൽകുന്നതിനെക്കുറിച്ചുള്ള കാര്യങ്ങളിൽ ഒരു രീതിയിലും കൂടുതലായി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്താതെ കൃത്യതവരുത്തുക മാത്രമാണു 2020 നവംബർ 20-ാം തീയതിയിലെ 248/2004 എന്ന പ്രോട്ടോകോൾ നമ്പറിൽ മേജർ ആർച്ചുബിഷപ്പിന് ഞങ്ങൾ നൽകിയിരിക്കുന്ന കത്തിൽ ചെയ്തിരിക്കുന്നത്.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി എന്ന നിലയിൽ അങ്ങയുടെ വിവേകപൂർണമായ വിലയിരുത്തലിൽ വിശുദ്ധ കുർബാനയെ സംബന്ധിച്ച സിനഡിന്റെ തീരുമാനങ്ങൾ 2021 നവംബർ 28ന് നിലവിൽ വരുമ്പോൾ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാവുന്ന കേസുകളിൽ അഭിവന്ദ്യ പിതാവിനു ഒഴിവു നൽകാനുള്ള അധികാരം ഉപയോഗിക്കാവുന്നതാണ്.

2022 ജനുവരി മാസത്തിൽ ചേരുന്ന സിനഡുസമ്മേളനത്തിൽ, അതിരൂപതയിൽ അങ്ങു നേരിടുന്ന സഭാപരമായ ബുദ്ധിമുട്ടുകൾ മേജർ ആർച്ച്ബിഷപ്പിന്റെയും സിനഡിലെ മെത്രാന്മാരുടെയും മുൻപിൽ അഭിവന്ദ്യ പിതാവു ദയവായി അവതരിപ്പിക്കേണ്ടതാണ്.

ഏതു വിധത്തിലുള്ള സഹായവും നൽകാനുള്ള സന്നദ്ധത അറിയിച്ചുകൊണ്ടും അങ്ങയുടെ സവിനയമായ ശ്രദ്ധയ്ക്ക് നന്ദി പറഞ്ഞുകൊണ്ടും, ക്രിസ്തുവിലുള്ള പ്രാർത്ഥനാശംസകൾ ഞാൻ നവീകരിക്കുന്നു.

ആത്മാർത്ഥതയോടെ,

+ ലെയണാർദോ കർദ്ദിനാൾ സാന്ദ്രി
പ്രീഫെക്ട്

റവ. ഫ്ളാവിയോ പാച്ചെ
അണ്ടർസെക്രട്ടറി

---

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N.2580
KOCHI 682 031, Kerala, India

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ 8/2021 26 നവംബർ 2021

എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

റോമിൽനിന്ന് എന്റെ സ്നേഹാശംസകൾ!

വിശുദ്ധ കുർബാനയർപ്പണം ഏകീകൃതരീതിയിലാക്കാൻ 2021 ആഗസ്റ്റ് മാസത്തിൽ സമ്മേളിച്ച സിനഡ് തീരുമാനിച്ചതുമായി ബന്ധപ്പെട്ട് ഉടലെടുത്ത അജപാലനപ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആഗ്രഹത്തോടുകൂടി ഞാൻ റോമിലെത്തിയ കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയൊനാർദോ സാന്ദ്രിയെയും 2021 നവംബർ 25, 26 തീയതികളിൽ ഞാൻ സന്ദർശിക്കുകയും സിനഡിന്റെ മേല്പറഞ്ഞ തീരുമാനംമൂലം സംജാതമായിരിക്കുന്ന സ്ഥിതിഗതികൾ കൃത്യമായി ധരിപ്പിക്കുകയും ചെയ്തു. പരിശുദ്ധ പിതാവും കർദിനാൾ സാന്ദ്രിയും എന്നെ സശ്രദ്ധം ശ്രവിക്കുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഓരോ രൂപതയിലെയും വിശ്വാസികളുടെ ആത്മീയനന്മ മുൻനിർത്തി, അജപാലനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഥമസ്ഥാനം അതതു രൂപതയുടെ മെത്രാനാണെന്ന വസ്തുത അവർ പ്രസ്താവിച്ചു. അതനുസരിച്ചു ഇപ്രകാരമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി പൗരസ്ത്യ കാനൻനിയമത്തിലെ 1538-ാം കാനൻപ്രകാരം രൂപതാമെത്രാന്മാർക്ക് നല്കപ്പെട്ടിട്ടുള്ള അധികാരം പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഒരിക്കലും പിൻവലിച്ചിട്ടില്ലെന്ന് ഇന്ന് എനിക്ക് നല്കിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, 2020 നവംബർ 9-ാം തീയതി Prot No. 248/2004 പ്രകാരം കർദിനാൾ സാന്ദ്രി മേജർ ആർച്ച്ബിഷപ്പിന് അയച്ച കത്തിൽ കാനൻ 1538 നൽകുന്ന അധികാരം പ്രയോഗത്തിൽ വരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചു സൂചിപ്പിക്കുകയല്ലാതെ, ആ അധികാരത്തെ ഒരു വിധത്തിലും പരിമിതപ്പെടുത്തിയിട്ടില്ല എന്നും എനിക്കുള്ള കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിശ്വാസികളുടെ ആത്മീയനന്മ മുൻനിർത്തിയും അതിരൂപതയിലെ ഗൗരവതരമായ അജപാലനപ്രശ്നങ്ങൾ പരിഗണിച്ചും മേജർ ആർച്ച്ബിഷപ്പിന്റെ വികാരി എന്ന നിലയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലായിടങ്ങളിലും സിനഡ് തീരുമാനമനുസരിച്ചുള്ള വിശുദ്ധ കുർബാന അർപ്പണ രീതിയിൽനിന്ന് (50:50) കാനൻ 1538 പ്രകാരം ഞാൻ ഒഴിവു നൽകുന്നു. 2021 നവംബർ 28-ാം തീയതി തന്നെ ഈ ഒഴിവു പ്രാബല്യത്തിൽ വരുത്താൻ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം എന്നെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ അറിയിക്കുന്നു.

സിനഡിന്റെ നിർദ്ദേശപ്രകാരം ഏകീകൃതരീതി ആരംഭിക്കേണ്ട 2021 നവംബർ 28-ാം തീയതിയും തുടർന്നും എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലവിലിരിക്കുന്ന ജനാഭിമുഖകുർബാനയർപ്പണരീതി തുടരേണ്ടതാണ് (status quo). എറണാകുളം-അങ്കമാലി അതിരൂപതയുടെ കത്തീഡ്രൽ ദേവാലയം, വൈദിക-സന്യാസ പരിശീലനഭവനങ്ങൾ, സന്യാസഭവനങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, ഇടവകകൾ എന്നിവിടങ്ങളിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയ്ക്ക് ഞാൻ നല്കുന്ന മേല്പ്പറഞ്ഞ ഒഴിവ് ബാധകമാണ്.

നവീകരിച്ച കുർബാന തക്സ 2021 നവംബർ 28-ാം തീയതി മുതൽ അതിരൂപതയിലെ എല്ലായിടങ്ങളിലും ഉപയോഗിച്ചു തുടങ്ങണമെന്ന് ഓർമ്മിപ്പിക്കുന്നു. അതിന് ആവശ്യകമായ പരിശീലനം ഇതിനകം നല്കിയിട്ടില്ലെങ്കിൽ എത്രയും വേഗം അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

അതിരൂപതയുടെ നിർണ്ണായകമായ ഈ പ്രതിസന്ധിഘട്ടത്തിൽ പ്രശ്നപരിഹാരത്തിനായി ഇടപെട്ട പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ലെയോനാർദോ സാന്ദ്രി പിതാവിനെയും നമുക്ക് നന്ദിയോടെ സ്മരിക്കാം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എനിക്കും അതിരൂപതയിലെ വൈദികർക്കും സന്യസ്തർക്കും ദൈവജനത്തിനും തന്റെ അപ്പസ്തോലിക ആശീർവാദം നൽകിയിട്ടുണ്ടെന്ന വിവരവും സന്തോഷപൂർവം ഞാൻ അറിയിക്കുന്നു.

സർവശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഈ മംഗളവാർത്തക്കാലത്തിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

റോമിൽനിന്ന് പ്രാർത്ഥനാശംസകളോടെ,

+ A. Kariyil

മാർ ആന്റണി കരിയിൽ
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

December 7, 2021

Prot. N. 463/2002

Your Grace,

I hasten to respond to your letter dated 1 December 2021, by which Your Grace informed this Congregation of your circular dated 26 November 2021 and subsequent developments in the Archeparchy of Ernakulam-Angamaly.

Your Grace has acknowledged that *CCEO* canon 1538 does not allow a general dispensation in liturgical matters for an entire Eparchy. Please therefore adjust your decision, observing precision as per the Letter of this Dicastery Prot. N. 248/2004 dated 9 November 2020 and applying the faculty to dispense only in special cases for the spiritual good of the faithful concerned. Kindly also make this letter public, to avoid further confusion about the proper exercise of this faculty.

Thanking Your Grace for the courteous attention, with prayerful good wishes

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri

CONGREGATION FOR THE
EASTERN CHURCHES

00193 Roma
Via della Conciliazione 34
00120, Vatican City

പ്രോട്ടോ നം. 463/2002

ഡിസംബർ 7, 2021

അഭിവന്ദ്യ പിതാവേ,

2021 നവംബർ 26-ാം തീയതി അങ്ങു നൽകിയ സർക്കുലറിനെക്കുറിച്ചും എറണാകുളം-അങ്കമാലി അതിരൂപതയിൽ അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളെക്കുറിച്ചും ഈ കാര്യാലയത്തെ അറിയിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് 2021 ഡിസംബർ ഒന്നിന് എഴുതിയ കത്തിനുള്ള മറുപടി ഞാൻ തിടുക്കത്തിൽ നൽകുകയാണ്.

പൗരസ്ത്യ സഭാനിയമത്തിലെ 1538-ാം കാനോന, ആരാധനക്രമകാര്യങ്ങളിൽ ഒരു രൂപതയ്ക്ക് മുഴുവനായി ഒരു പൊതുവായ ഒഴിവു നൽകുന്നതിന് അനുവദിക്കുന്നില്ലെന്ന് അഭിവന്ദ്യ പിതാവ് അംഗീകരിക്കുന്നുണ്ടല്ലോ. അതിനാൽ, ഈ കാര്യാലയത്തിന്റെ പ്രോട്ടോ. നമ്പർ 248/2004 ആയി 2020 നവംബർ ഒൻപതാം തീയതിയിലെ കത്തിൽ നൽകിയിരിക്കുന്ന നിഷ്കർഷകൾ പാലിച്ചുകൊണ്ടും ബന്ധപ്പെട്ട വിശ്വാസികളുടെ ആത്മീയമായ നന്മയ്ക്കുവേണ്ടിയും ചില പ്രത്യേക കേസുകളിൽമാത്രം ഒഴിവുനൽകിക്കൊണ്ടും അങ്ങയുടെ തീരുമാനത്തെ ദയവായി ക്രമീകരിക്കേണ്ടതാണ്.

ഒഴിവുനൽകാനുള്ള അധികാരത്തെക്കുറിച്ചുള്ള കൂടുതൽ ആശയക്കുഴപ്പം ഒഴിവാക്കുന്നതിനായി ഈ കത്ത് ദയവായി പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.

അഭിവന്ദ്യ പിതാവിന്റെ സവിനയമായ ശ്രദ്ധയ്ക്ക് നന്ദി പറഞ്ഞുകൊണ്ട്, പ്രാർത്ഥനാശംസകളോടെ,

+ ലെയണാർദോ കർദ്ദിനാൾ സാന്ദ്രി
പ്രീഫെക്റ്റ്

+ ജോർജോ ദെമെത്രിയോ ഗല്ലാറോ
ആർച്ചുബിഷപ്പ് സെക്രട്ടറി

---

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N.2580
KOCHI 682 031, Kerala, India

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

January 7, 2022

Prot. N. 463/2002

Your Grace,

As indicated several times, also to the Major Archbishop, the Congregation has every confidence that the imminent Session of the Synod of Bishops can be dedicated to listening to the various positions and critical issues that have emerged in recent months and identifying an adequate path – with the consequent timeline – of catechesis for those communities that need it to achieve a visible unity within the beloved Syro-Malabar Church, especially in the delicate context of India.

In response to your letters of 11 and 13 December 2021, the Dicastery intends to specify the following:

- The letter of 26 November 2021 clearly referred to our letter Prot. N. 248/2004 of 9 November 2020, seeking to explain that the possible application of dispensation had never been precluded;

- The same letter of 26 November 2021, however, left unchanged the conditions and modalities for applying dispensation, but Your Grace, by your Circular Letter, dated 27 November 2021, addressed to the Archeparchy of Ernakulam-Angamaly didn't apply correctly the law, extending indiscriminately to the entire circumscription, for an indefinite time, and also prohibiting the implementation of the normative synodal legislation.

./.

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

- It should also be noted that upon this news, similar requests have arrived at our Offices from some communities of the diaspora, for example Canada and Australia, probably with priests originating from Ernakulam-Angamaly, confirming the impression that it is not possible to think of any Eparchy as isolated, and making all the more necessary that Your Grace correct your abovementioned actions.

Copy of this Letter is also sent to the Major Archbishop and the Apostolic Nunciature in Delhi.

Thanking Your Grace for the courteous attention, with prayerful good wishes

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

CONGREGATION FOR THE
EASTERN CHURCHES

00193 Roma
Via della Conciliazione 34
00120, Vatican City

പ്രോട്ടോ നം. 463/2002

ജനുവരി 7, 2022

അഭിവന്ദ്യ പിതാവേ,

അങ്ങയോടും മേജർ ആർച്ചുബിഷപ്പിനോടും പലതവണ സൂചിപ്പിച്ചതുപോലെ, ഭാരതത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, സീറോമലബാർസഭയിൽ ദൃശ്യമായ ഐക്യം കൈവരിക്കുന്നതിനുവേണ്ടി, വ്യത്യസ്തമായ നിലപാടുകൾ ശ്രവിക്കുന്നതിനും കഴിഞ്ഞ മാസങ്ങളിൽ ഉയർന്നുവന്ന നിർണായകമായ വിവാദവിഷയങ്ങൾ മനസ്സിലാക്കുന്നതിനും ആവശ്യമായ സമൂഹങ്ങൾക്കുവേണ്ടി ഉചിതമായ സമയബന്ധിത ബോധനമാർഗം കണ്ടെത്തുന്നതിനുമായി ആസന്നമായ സിനഡുസമ്മേളനത്തിനു ശ്രദ്ധിക്കാനാകുമെന്നു ഈ കാര്യാലയത്തിനു ബോധ്യമുണ്ട്.

2021 ഡിസംബർ 11, 13 തീയതികളിലെ അങ്ങയുടെ കത്തുകൾക്കു മറുപടിയായി താഴെപ്പറയുന്ന കാര്യങ്ങൾ ഈ കാര്യാലയം വ്യക്തമാക്കുന്നു.

– 2020 നവംബർ 9ാം തീയതിയിലെ 248/2004 പ്രോട്ടോക്കോൾ നമ്പറായുള്ള അങ്ങയുടെ കത്തിനെപ്പറ്റി വ്യക്തമായി പരാമർശിച്ചുകൊണ്ടുള്ള 2021 നവംബർ 26-ലെ കത്ത് കാനോനികമായ ഒഴിവുനൽകാനുള്ള സാധ്യതകൾ ഒരിക്കലും ഇല്ലാതാക്കിയിരുന്നില്ലായെന്നു വ്യക്തമാക്കാൻ പരിശ്രമിച്ചിരുന്നു.

– 2021 നവംബർ 26-ലെ അതേ കത്ത് കാനോനികമായ ഒഴിവുനൽകുന്നതിനുള്ള വ്യവസ്ഥകളിലും രീതികളിലും ഒരു മാറ്റവും വരുത്തിയിരുന്നില്ല എന്നുവരികിലും അഭിവന്ദ്യ പിതാവ് 2021 നമ്പർ 27ന് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു നൽകിയ സർക്കുലറിലൂടെ അതിരൂപതയ്ക്കു മുഴുവനായി വിവേചനമില്ലാതെ അനിശ്ചിതകാലത്തേക്കു ഒഴിവുനൽകിയതുവഴിയും കൂടാതെ സിനഡിന്റെ നിയമം നടപ്പിലാക്കുന്നതിനെ നിരോധിച്ചതുവഴിയും നിയമം ശരിയായിട്ടല്ല നടപ്പിലാക്കിയത്.

———————————————

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N.2580
KOCHI 682 031, Kerala, India

– ഇതേക്കുറിച്ചുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ കാനഡ, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ പ്രവാസി സമൂഹങ്ങളിൽനിന്നും, ഒരു പക്ഷേ എറണാകുളം-അങ്കമാലി അതിരൂപതയിൽനിന്നുള്ള വൈദികരുള്ളിടത്തുനിന്നാകാം, സമാനമായ അപേക്ഷകൾ ഓഫീസുകളിൽ എത്തുകയുണ്ടായി എന്നത്, ഒരു രൂപതയും വേറിട്ടുനിൽക്കുന്നതിനെക്കുറിച്ചു ചിന്തിക്കാൻ സാധിക്കുകയില്ല എന്ന അഭിപ്രായത്തെ ഉറപ്പിക്കുകയും അതുകൊണ്ട് അങ്ങയുടെ മേൽസൂചിപ്പിച്ച നടപടികൾ അഭിവന്ദ്യ പിതാവ് തിരുത്തേണ്ടത് ആവശ്യമാക്കുകയും ചെയ്തിരിക്കുന്നു.

ഈ കത്തിന്റെ കോപ്പി മേജർ ആർച്ചുബിഷപ്പിനും ഡൽഹിയിലുള്ള അപ്പസ്തോലിക് നുൺഷ്യേച്ചറിനും അയച്ചിട്ടുണ്ട്.

ക്രിസ്തുവിൽ വിശ്വസ്തതയോടെ,

+ ലെയണാർദോ കർദ്ദിനാൾ സാന്ദ്രി
പ്രീഫെക്ട്

+ ജോർജോ ദെമെത്രിയോ ഗല്ലാറോ
ആർച്ചുബിഷപ്പ് സെക്രട്ടറി

In the name of His Holiness Pope Francis, it is the duty of this Congregation to communicate to all the Bishops of the Syro-Malabar Church, that the common good requires that the members of the Synod of Bishops be the first to commit themselves to the faithful observance of the liturgical prescriptions established by the Synod, "which have the force of law everywhere in the world" (*CCEO*, can. 150 §2). The Bishops should moreover clearly distance themselves from methods of protest and activism that are incompatible with the obligations of "clerics [who] are bound in a special manner to the perfection which Christ proposes to his disciples, since they are consecrated to God in a new way by sacred ordination, so that they may become more suitable instruments of Christ the Eternal Priest in the service of the people of God and at the same time be exemplary models to the flock" (can. 368).

As the Holy Father recently observed, "where the form of the celebration is concerned, it is necessary that unity be experienced in accordance with what has been laid down by the Synods and approved by the Apostolic See, avoiding liturgical particularisms that in reality manifest divisions of another kind within the respective Churches. … If we give scandal by our liturgical disputes, and unfortunately there have been some recently, we play the game of the master of division" (Address of His Holiness Pope Francis to Participants in the Plenary Meeting of the Congregation for the Eastern Churches, February 18, 2022).

In particular, Archbishop Antony Kariyil, Vicar of Your Beatitude for the Archeparchy of Ernakulam-Angamaly, should revoke the dispensation incorrectly extended to the entire Archeparchy for an indefinite period. His vicarious power cannot override the decisions of the Synod, promulgated by the Major Archbishop, to whom, as the Eparchial Bishop, the authority attributed by the sacred canons (*inter alia* can. 1538 §1) is proper. If dispensation is requested for some special cases within the Archeparchy, Archbishop Kariyil may take decisions only with the approval of Your Beatitude.

./.

---

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110
KAKKANAD, KOCHI - 682 030, India

fruitful participation of the faithful in the synodal form.

The Apostolic See understands that some have difficulty in following the synodal decisions, but exhorts all to avoid activism and protests using non-ecclesial and non-Christian methods such as hunger strike *usque ad mortem*. The clergy especially should comply with ecclesiastical authority in favor of the common good, as they promised on the day of their ordination, when they took up a special duty to show reverence and obedience to their proper hierarchs (cf. can. 370), in imitation of Christ who for our sake became obedient *usque ad mortem, mortem autem Crucis* (Philippians 2:8).

The Holy Father, in the Audience granted to the undersigned Prefect of the Congregation for the Eastern Churches on February 10, 2022, has approved the dispositions of the present letter. Your Beatitude will kindly share it with the Bishops, clergy, religious and lay faithful of the Syro-Malabar Church, with special appreciation for the women and men religious who have stood with the Synod.

With prayerful best wishes and cordial regards, I remain

Sincerely yours in Christ,

✠ Leonardo Card. Sandri
Prefect

✠ Giorgio Demetrio Gallaro
Archbishop Secretary

CONGREGATION FOR THE
EASTERN CHURCHES

00193 Roma
Via della Conciliazione 34
00120, Vatican City

Prot. N. 463/2002

February 28, 2022

അതിവന്ദ്യനായ പിതാവേ,

ലോകത്തെല്ലായിടത്തും നിയമപ്രാബല്യമുള്ള മെത്രാൻസിനഡിന്റെ ആരാധനക്രമ അനുശാസനകൾ (CCEO, can. 150 §2) വിശ്വസ്തതാപൂർവ്വം പാലിക്കാൻ ഏറ്റവുമാദ്യം പ്രതിജ്ഞാബദ്ധരായിരിക്കേണ്ടത് മെത്രാൻസിനഡിന്റെ അംഗങ്ങൾ തന്നെയാണെന്ന പൊതുനന്മ ആവശ്യപ്പെടുന്ന കാര്യം സീറോമലബാർസഭയിലെ എല്ലാ മെത്രാന്മാരെയും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ പേരിൽ അറിയിക്കേണ്ടത് ഈ കാര്യാലയത്തിന്റെ കടമയാണ്. എന്നു മാത്രമല്ല, ‘‘ക്രിസ്തു തന്റെ ശിഷ്യർക്കായി നിർദ്ദേശിച്ച പരിപൂർണ്ണത പ്രാപിക്കാൻ പ്രത്യേകവിധത്തിൽ കടപ്പെട്ടിരിക്കുന്നവരും, ദൈവജനസേവനത്തിനായി നിത്യപുരോഹിതനായ ക്രിസ്തുവിന്റെ കൂടുതൽ ഉത്തമങ്ങളായ ഉപകരണങ്ങളായിത്തീരുന്നതിനും അജഗണത്തിനു ശ്രേഷ്ഠമായ മാതൃകകളായിരിക്കുന്നതിനുമായി തിരുപ്പട്ടത്താൽ നവമായ രീതിയിൽ ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവരുമായ പുരോഹിതരുടെ’’ (can. 368) കടമകൾക്കു യാതൊരുവിധത്തിലും അനുയോജ്യമല്ലാത്ത പ്രതിഷേധരീതികളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും മെത്രാന്മാർ തങ്ങളെത്തന്നെ അകറ്റിനിറുത്തണം.

പരിശുദ്ധ പിതാവ് അടുത്തകാലത്തു പ്രസ്താവിച്ചതുപോലെ, ‘‘അവരവരുടെ സഭകൾക്കുള്ളിൽ വിഭാഗീയതകൾ പ്രകടമാക്കുന്ന രീതിയിലുള്ള ആരാധനക്രമ പ്രത്യേകതകൾ ഒഴിവാക്കിക്കൊണ്ടു, സഭാസിനഡ് തീരുമാനിച്ചതും പരിശുദ്ധ സിംഹാസനം അംഗീകരിച്ചതുമായ കാര്യങ്ങൾക്കനുസൃതം ആരാധനാക്രമത്തിന്റെ അർപ്പണരീതിയിൽ ഐക്യം പുലർത്തേണ്ടത് അനിവാര്യമാണ്. അടുത്തയിടെ ദൗർഭാഗ്യവശാൽ ഉണ്ടായതുപോലെ, നമ്മുടെ ആരാധനക്രമ തർക്കങ്ങൾവഴി നാം ഉതപ്പുകൾ നൽകിയാൽ വിഭാഗീയതയുടെ യജമാനന്റെ കൗശലവിളയാട്ടങ്ങളാണ് നാം നടത്തുക (പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്ലീനറി യോഗത്തിൽ പങ്കെടുത്തവരോട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ പ്രസംഗം, 18 February 2022).

പ്രത്യേകമായി, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള അങ്ങയുടെ വികാരിയായ ആർച്ചുബിഷപ്പ് ആന്റണി കരിയിൽ, സമയപരിധിയില്ലാതെ അതിരൂപതക്കു മുഴുവനുമായി തെറ്റായി നൽകിയിരിക്കുന്ന ഒഴിവു നിർബന്ധമായും പിൻവലിക്കണം. രൂപതാമെത്രാനെന്ന നിലയിൽ പരിശുദ്ധ കാനോനകൾ സ്വകീയമായ അധികാരം കല്പിച്ചുനൽകുന്ന മേജർ ആർച്ചുബിഷപ്പിനാൽ വിളംബരം ചെയ്യപ്പെടുന്ന സിനഡിന്റെ തീരുമാനങ്ങളെ മറികടക്കാൻ അദ്ദേഹത്തിന്റെ പ്രാതിനിധ്യാധികാരത്തിനു സാധിക്കുകയില്ല. അതിരൂപതയ്ക്കുള്ളിലെ ചില പ്രത്യേക കാര്യങ്ങൾക്കായി നിയമത്തിൽനിന്നുള്ള ഒഴിവ് ആവശ്യപ്പെട്ടാൽ, അങ്ങയുടെ അംഗീകാരത്തോടെ ആർച്ചുബിഷപ്പ് കരിയിലിന് അക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

---

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
The Syro-Malabar Major Archiepiscopal Curia
Mount St. Thomas – Post Box N. 3110
KAKKANAD, KOCHI – 682030, India

അതിനാൽ, ആർച്ചുബിഷപ്പ് കരിയിൽ, സിനഡ് അംഗീകാരം നൽകിയ ആരാധനക്രമരൂപം നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന വൈദികരെ തടയുകയല്ല വേണ്ടത്, മറിച്ച്, അവരെ പ്രോത്സാഹിപ്പിക്കുകയും സിനഡ് നിർദ്ദേശിച്ച രീതിയനുസരിച്ച് കുർബാനയർപ്പിക്കാൻ വരുന്ന മെത്രാന്മാരെ സ്വാഗതം ചെയ്യാൻ അവരോടു നിർദ്ദേശിക്കുകയും വേണം. സിനഡ് അംഗീകാരം നൽകിയ ആരാധനക്രമ പുസ്തകങ്ങളാണ് വിശുദ്ധ കുർബാനക്ക് ഉപയോഗി ക്കുന്നത് എന്നും, ആരാധനാക്രമത്തിന്റെ നിർദ്ദിഷ്ടഭാഗങ്ങളിൽ ബേമ്മ ഉപയോഗിക്കുന്നുണ്ട് എന്നും ആർച്ചുബിഷപ്പ് കരിയിൽ ഉറപ്പുവരുത്തണം. കൃത്യമായ വിശ്വാസപരിശീലനം നൽകി സിനഡുതീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി ചില പള്ളികളിൽ ഏതാനും മാസങ്ങൾകൂടി ആവശ്യമായി വന്നേക്കാം എന്ന കാര്യം അംഗീകരിച്ചുകൊണ്ടുതന്നെ, സിനഡുക്രമമനുസരിച്ചുള്ള കുർബാനയിലെ സജീവ പങ്കാളിത്വത്തിനാവശ്യമായ സകലവിധ അജപാലന തയ്യാറെടുപ്പുകൾക്കും സമാധാന ചർച്ചകൾക്കും ഈ കാര്യാലയം എപ്പോഴും സന്നദ്ധമാണ്.

സിനഡുതീരുമാനം പാലിക്കുന്നതിന് ചിലർക്ക് ബുദ്ധിമുട്ടുകളുണ്ട് എന്നത് അപ്പസ്തോലിക സിംഹാസനം മനസ്സിലാക്കുന്നു; പക്ഷേ, മരണംവരെയുള്ള നിരാഹാരം എന്നിങ്ങനെയുള്ള സഭാപരമല്ലാത്തതും അക്രൈസ്തവുമായ പ്രതിഷേധരീതികളും പ്രകടനങ്ങളും ഒഴിവാക്കാൻ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു. 'നമുക്കുവേണ്ടി മരണംവരെ, കുരിശുമരണംവരെ' (Phil. 2:8) അനുസരണമുള്ളവനായിരുന്ന മിശിഹായെ അനുകരിച്ച്, തങ്ങളുടെ തിരുപ്പട്ട സ്വീകരണദിവസം വാഗ്ദാനം ചെയ്ത, മേലധികാരിയായ മെത്രാനെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളാം (cf. can. 370) എന്ന വാഗ്ദാനം പാലിച്ചുകൊണ്ട്, സഭയുടെ പൊതുനന്മയെപ്രതി വൈദികർ സഭാധികാരത്തിന് വിധേയ രായിരിക്കേണ്ടതാണ്.

ഈ കത്തിൽ ഒപ്പിട്ടിരിക്കുന്ന പൗരസ്ത്യകാര്യാലയത്തിന്റെ തലവന് 2022 ഫെബ്രുവരി 10-ന് അനുവദിച്ച കൂടിക്കാഴ്ചയിൽ, ഇതിന്റെ ഉള്ളടക്കം പരിശുദ്ധ പിതാവ് അംഗീകരിച്ചിട്ടുണ്ട്. സിനഡുതീരുമാനത്തോടൊപ്പംനിന്ന സ്ത്രീപുരുഷ സമർപ്പിതസമൂഹങ്ങളെ പ്രത്യേകം അഭി നന്ദിച്ചുകൊണ്ടു സീറോമലബാർസഭയിലെ മെത്രാന്മാർക്കും വൈദികർക്കും സന്യ സ്തർക്കും അല്മായവിശ്വാസികൾക്കുമായി അങ്ങ് ഈ കത്തു പരസ്യപ്പെടുത്തേണ്ടതാണ്.

പ്രാർത്ഥനാപൂർവ്വമായ ആശംസകളോടെയും ഹൃദ്യമായ ആദരവുകളോടെയും ഞാൻ നിർത്തുന്നു.

ക്രിസ്തുവിൽ ആത്മാർത്ഥയോടെ,

+ ലെയണാർദോ കർദ്ദിനാൾ സാന്ദ്രി
പ്രീഫെക്ട്

+ ജോർജോ ദെമെത്രിയോ ഗല്ലാറോ
ആർച്ചുബിഷപ്പ് സെക്രട്ടറി

*To the Major Archbishop, the Vicar of the Major Archbishop,*
*the Priests, Religious and Lay Faithful*
*of the Archeparchy of Ernakulam-Angamaly*

This sacred time of preparation for Easter invites us to resume in a more authentic and responsible way our journey of following the Lord, who walks toward the humiliation and suffering of his Passion, consenting to drink from a bitter chalice in fulfillment of the Father's will, which is the salvation of humanity.

Christ takes a step back from any human claim to achievement, success or messianic glory so that humanity may advance and enter into the fullness of the covenant. He triumphs with a love that is humble and lowly: on the cross he is stripped of everything, but no one can take away that which is most important to him, his relationship with the Father. The response of the Father is Easter morning with Jesus' triumph over sin and death. The "Alleluia" that the diverse liturgical traditions sing is not directed against something or someone but a hymn of praise and communion to the Holy Trinity by a humanity raised up with Christ.

As a Church, all of us – bishops, priests, deacons, and lay faithful – are often tempted to forget the essence of the mystery that we are celebrating: we speak about Jesus and we know many things about him in theory. We need, however, to live with him and, like him, to accept the path of humiliation and the way of the cross. We cannot live divided. We cannot create division. We cannot allow ourselves to be a source of scandal.

The Synod of Bishops of the Syro-Malabar Major Archiepiscopal Church, the superior authority of your Church for defining its liturgy, has determined not

only to approve certain liturgical texts but also the form of celebration in the way that it had been proposed some years ago. Fully aware of the different traditions associated with the diverse contexts of your Church, all were asked to take a step back from their respective styles of celebration in order to offer a sign of communion born of the fact that everyone involved sacrificed something particularly their own, out of love and witness to something greater.

As of 28 November 2021, the date chosen for the implementation of the Holy Qurbana, thirty-four Eparchies decided to enact the synodal decision. Regrettably, this was not the case with yourselves. You chose instead to continue following your particular liturgical form, albeit after careful reflection, in isolation from the rest of the Syro-Malabar Church. Nonetheless, it is good for us, as believers in Christ, to ask ourselves about our behaviour, how we express dissent, how we accept even difficulty and humiliation, how we take steps back. This, not in accordance with human criteria of victory or defeat, or in terms of one group versus another, but by looking to the Lord and being willing not only to celebrate his paschal mystery but also to experience it together with him, beginning with the anxiety and suffering of his passion.

I am writing to you, therefore, with a paternal exhortation to adhere promptly to the synodal decision concerning the form of celebration of the Holy Qurbana prior to Easter 2022, as determined by the Synod. It is possible that some parishes will need more time in order to carry out a more ample catechesis, as was done elsewhere, so that everyone will be prepared to accept the changes. This is understandable, as long as it does not call into question the synodal decision. As provided for in law, it is possible to ask for the necessary dispensation from the Major Archbishop, who is the Metropolitan of the Archeparchy, or with the approval of the Major Archbishop, from his Vicar. The dispensation would be given only for a determined amount of time in accordance with the Code of Canons of the Eastern Churches.

I realize that I am asking you to take a difficult and painful step, but I am certain that I will find in you examples of priests and lay faithful who are ready to listen to the voice of the Lord and trust in the counsel and plea of the Pope. This has been a distinguishing characteristic of the Syro-Malabar Church throughout the centuries. Your faithfulness has allowed you to overcome numerous historical misunderstandings and in our time has led to a flourishing of vocations and missionary zeal. The Lord will not forget the sacrifice that you are making and, in the end, will open your hearts to the abundance of his blessings. Then the words of the Psalm will be fulfilled, "Those who go out weeping, bearing the seed for sowing, shall come home with shouts of joy, carrying their sheaves" (126:6). If we sow in the Lord, we can reap with him. If we sow the wind, we will reap the whirlwind: above all the scandal of division and of a counter-witness given in such a very delicate situation as that in which you find yourselves.

With confidence in your fidelity and obedience, and recalling in particular the obligations assumed at priestly ordination, I invoke upon all of you the Lord's blessing and I ask you, please, to pray for me.

Francis

Rome, Saint John Lateran, 25 March 2022
Solemnity of the Annunciation of the Lord

## മേജർ ആർച്ച്ബിഷപ്പ്, മേജർ ആർച്ച്ബിഷപ്പിന്റെ വികാരി, എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ, സന്യസ്തർ, അൽമായ വിശ്വാസികൾ എന്നിവർക്ക്

മാനവരാശിയുടെ രക്ഷയ്ക്കായി, താഴ്ത്തപ്പെടലിലേക്കും പീഡാസഹനത്തിലേക്കും നടന്നു നീങ്ങുന്ന, പിതാവിന്റെ ഇച്ഛ പൂർത്തീകരിക്കാൻ കയ്പുനിറഞ്ഞ പാനപാത്രത്തിൽനിന്നു പാനംചെയ്യാൻ സന്നദ്ധനാകുന്ന കർത്താവിനെ, കൂടുതൽ ആധികാരികതയോടും ഉത്തരവാദിത്വത്തോടുംകൂടി അനുഗമിക്കാൻ ഈസ്റ്റർ ഒരുക്കത്തിന്റെ ഈ വിശുദ്ധ കാലം നമ്മെ ക്ഷണിക്കുകയാണ്.

മാനവരാശിക്ക് ഉടമ്പടിയുടെ പൂർണതയിലേക്ക് പ്രവേശിക്കാനും മുന്നേറാനും വേണ്ടി നേട്ടത്തിന്റെ, വിജയത്തിന്റെ, മിശിഹാമഹത്വത്തിന്റെ മാനുഷിക അവകാശവാദങ്ങളിൽനിന്നു ക്രിസ്തു പിൻവാങ്ങുന്നു. വിനയവും എളിമയും നിറഞ്ഞ സ്നേഹത്താൽ അവിടന്ന് വിജയം വരിക്കുന്നു: കുരിശിൽ സർവം ഉരിഞ്ഞെടുക്കപ്പെട്ടുവെങ്കിലും, പിതാവുമായുള്ള അവിടത്തെ ബന്ധമെന്ന, ഏറ്റവും സുപ്രധാനമായ ഒന്ന്, ആർക്കും കവർന്നെടുക്കാനാകില്ല. പിതാവിന്റെ ആ പ്രതികരണമാണു പാപത്തിന്മേൽ, മരണത്തിന്മേലുള്ള ഈശോയുടെ വിജയമുണ്ടാകുന്ന ഈസ്റ്റർ പുലരി. വൈവിധ്യമാർന്ന ആരാധനക്രമ പാരമ്പര്യങ്ങൾ ആലപിക്കുന്ന "ഹല്ലേലുയ്യ", ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെട്ട മാനവരാശി പരിശുദ്ധ ത്രിത്വത്തിന് ഉയർത്തുന്ന കൂട്ടായ്മയുടെയും സ്തുതിയുടെയും കീർത്തനമാണ്; അത് ആർക്കെങ്കിലും എന്തിനെങ്കിലും എതിരേയുള്ളതല്ല.

ഒരു സഭയെന്ന നിലയിൽ, നാമെല്ലാവരും - മെത്രാന്മാർ, വൈദികർ, ഡീക്കൻമാർ, അൽമായ വിശ്വാസികൾ - ആഘോഷിക്കുന്ന രഹസ്യത്തിന്റെ സത്ത മറക്കാൻ പലപ്പോഴും പ്രലോഭിതരാകുന്നു: നാം ഈശോയെക്കുറിച്ചു സംസാരിക്കുന്നു, സൈദ്ധാന്തികമായി നമുക്ക് അവിടത്തെക്കുറിച്ച് വളരെയേറെ അറിയാം. എങ്കിലും അവിടത്തോടൊപ്പം ജീവിക്കാൻ, അവിടത്തെ ഇഷ്ടപ്പെടാൻ, താഴ്ത്തപ്പെടലിന്റെ പാതയും കുരിശിന്റെ വഴിയും അംഗീകരിക്കാൻ നമുക്കാകണം. നമുക്കു വിഘടിച്ചുജീവിക്കാനാകില്ല. നമുക്കു വിഭജനം സൃഷ്ടിക്കാനാവില്ല. നമുക്കൊരു വിവാദത്തിന്റെ പ്രഭവമാകുന്നതിനു നിന്നുകൊടുക്കാനാകില്ല.

നിങ്ങളുടെ സഭയുടെ ആരാധനക്രമം നിർണയിക്കാൻ പരമോന്നതാധികാരമുള്ള സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ മെത്രാൻ സിനഡ്, കുറച്ചുവർഷങ്ങൾക്കുമുമ്പു നിർദേശിച്ച രീതിയിൽ ഏതാനും ആരാധനക്രമഗ്രന്ഥങ്ങൾ അംഗീകരിക്കുക മാത്രമല്ല, ആഘോഷങ്ങളുടെ രീതി നിർണയിക്കുകയും ചെയ്തിരുന്നു. നിങ്ങളുടെ സഭയുടെ വൈവിധ്യമുള്ള പശ്ചാത്തലങ്ങളുമായി ബന്ധപ്പെട്ട, ഭിന്നങ്ങളായ പാരമ്പര്യങ്ങളെക്കുറിച്ചു പൂർണ അവബോധത്തോടെ, അവരവരുടെ ആരാധനാരീതികളിൽനിന്ന് ഒരുചുവടു പിന്നോട്ടു വയ്ക്കാനും അങ്ങനെ കൂട്ടായ്മയുടെ അടയാളം പ്രകടമാക്കാനും കൂടുതൽ മഹത്തരമായ സ്നേഹത്തിനും സാക്ഷ്യത്തിനും വേണ്ടി ഇതിലുൾപ്പെട്ട എല്ലാവരും അവരുടെ സ്വന്തമായ ചില പ്രത്യേകതകൾ ത്യാഗം ചെയ്യാനും നിർദേശിക്കപ്പെട്ടിരുന്നു.

വിശുദ്ധ കുർബാന നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട തീയതിയായ 2021 നവംബർ 28 മുതൽ സിനഡിന്റെ തീരുമാനം നടപ്പിൽവരുത്താൻ 34 രൂപതകൾ തീരുമാനിച്ചിരുന്നു. നിങ്ങളുടെ കാര്യത്തിൽ ഇതുണ്ടായില്ലെന്നതു ഖേദകരമാണ്. പകരം നിങ്ങൾ, ശ്രദ്ധാപൂർവമായ വിചിന്തനത്തോടെയാണെങ്കിലും, സീറോമലബാർസഭയിലെ മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട്, പ്രത്യേക ആരാധനക്രമരീതി തുടരാൻ തീരുമാനിച്ചു. എന്നിരുന്നാലും, ക്രൈസ്തവവിശ്വാസികൾ എന്ന നിലയിൽ, നമ്മുടെ പെരുമാറ്റം, എങ്ങനെ വിയോജിപ്പു പ്രകടിപ്പിക്കുന്നു, വൈഷമ്യങ്ങളെയും താഴ്ത്തപ്പെടലിനെയും എങ്ങനെ സ്വീകരിക്കുന്നു, എങ്ങനെ ഒരു ചുവടു പിന്നോട്ടുവയ്ക്കുന്നു എന്നിങ്ങനെ സ്വയം ചോദിക്കുന്നതു നന്നായിരിക്കും. ഇതു കർ

ത്താവിലേക്കു നോക്കി, അവിടത്തെ ഉത്കണ്ഠയിലും പീഡാസഹനത്തിലും തുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ചനുഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാകണം; അല്ലാതെ, വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരേ മറ്റൊന്ന് എന്ന മാനുഷികമാനദണ്ഡത്തിനോ അനുസൃതമായിട്ടാകരുത്.

അതിനാൽ, സിനഡ് നിശ്ചയിച്ചപ്രകാരം, വി. കുർബാനയാഘോഷത്തിന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്ററിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃനിർവിശേഷമായി ഉദ്ബോധിപ്പിച്ചുകൊണ്ടു ഞാൻ നിങ്ങൾക്കെഴുതുന്നു. മറ്റിടങ്ങളിൽ ചെയ്തതുപോലെ ഉചിതമായ ബോധനം നൽകാനായി, അതുവഴി മാറ്റങ്ങൾ അംഗീകരിക്കാനായി എല്ലാവരും തയ്യാറാകുന്നതിന്, ചില ഇടവകകൾക്കു കൂടുതൽ സമയം വേണ്ടിവരാൻ സാധ്യതയുണ്ട്. സിനഡിന്റെ തീരുമാനം ചോദ്യം ചെയ്യപ്പെടാത്തിടത്തോളം ഇത് മനസിലാക്കാവുന്നതാണ്. അതിരൂപതയുടെ മെത്രാപ്പോലീത്തയായ മേജർ ആർച്ച്ബിഷപ്പിനോടോ മേജർ ആർച്ച്ബിഷപ്പിന്റെ അംഗീകാരത്തോടെ അദ്ദേഹത്തിന്റെ വികാരിയോടോ നിയമം അനുവദിക്കുംവിധം ആവശ്യമായ ഈ ഇളവു ചോദിക്കാവുന്നതാണ്. പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിതയ്ക്കനുസൃതമായി നിശ്ചയിക്കപ്പെട്ട സമയത്തേയ്ക്കുമാത്രമേ ഈ ഇളവു നൽകാനാകൂ.

വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുകയാണ് എന്നു ഞാൻ തിരിച്ചറിയുന്നു; എന്നാൽ കർത്താവിന്റെ സ്വരം ശ്രവിക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അൽമായവിശ്വാസികളുടെയും മാതൃക ഞാൻ നിങ്ങളിൽ കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇതു സീറോമലബാർസഭയുടെ നൂറ്റാണ്ടുകളിലൂടെ പ്രകടമായിട്ടുള്ള വ്യതിരിക്ത സ്വഭാവസവിശേഷതയാണ്. ഒട്ടേറെ ചരിത്രപരമായ തെറ്റിദ്ധാരണകൾ മറികടക്കാനും നമ്മുടെ കാലത്ത് ദൈവവിളിയും പ്രേഷിതോത്സാഹവും പുഷ്ടിപ്പെടുത്താനും നിങ്ങളുടെ വിശ്വസ്തത ഇടയാക്കിയിട്ടുണ്ട്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവു മറക്കുകയില്ല, ഒടുവിൽ അവിടത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്കു നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും. അങ്ങനെ സങ്കീർത്തനവചനങ്ങൾ നിങ്ങളിൽ അന്വർത്ഥമാകും: ''വിത്തു ചുമന്നുകൊണ്ടു വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവർ കറ്റ ചുമന്നുകൊണ്ട് ആഹ്ലാദത്തോടെ വീട്ടിലേക്കു മടങ്ങും'' (126:6). നിങ്ങൾ ആയിരിക്കുന്ന അതിലോല സാഹചര്യത്തിൽ വിഭജനത്തിന്റെ എല്ലാ വിവാദങ്ങൾക്കും പ്രതിസാക്ഷ്യങ്ങൾക്കുമുപരി നാം കർത്താവിൽ വിതച്ചാൽ അവിടത്തോടൊത്തു കൊയ്യാം; നാം കാറ്റു വിതച്ചാൽ കൊടുങ്കാറ്റ് കൊയ്യും.

നിങ്ങളുടെ വിശ്വസ്തതയിലും അനുസരണത്തിലും വിശ്വാസമർപ്പിച്ചുകൊണ്ട്, പൗരോഹിത്യ അഭിഷേകത്തിലൂടെ കൈവന്ന പ്രത്യേക ബാധ്യത ഓർമിപ്പിച്ചുകൊണ്ട്, നിങ്ങൾക്കെല്ലാവർക്കുംമേൽ കർത്താവിന്റെ അനുഗ്രഹം ഞാൻ പ്രാർഥിക്കുന്നു, ദയവായി എനിക്കുവേണ്ടി പ്രാർഥിക്കാനും അഭ്യർഥിക്കുന്നു.

റോമിലെ സെന്റ് ജോൺ ലാറ്ററൻ, 2022 മാർച്ച് 25 ഫ്രാൻസിസ് മാർപാപ്പ
കർത്താവിന്റെ മംഗളവാർത്താതിരുനാൾ

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

April 1, 2022

Prot. N. 463/2002

Your Grace,

Your petition, dated 21 March 2022, to revoke/review the letter of this Dicastery, dated 28 February 2022, is contrary to the express directives given by His Holiness Pope Francis in the Letter addressed to the Archeparchy of Ernakulam-Angamaly, dated 25 March 2022, and hence inadmissible.

Your powers as Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly are, as your title itself clearly implies, vicarious. As was made explicit during the 2019 *Ad Limina* Visit, the delegation of these powers to Your Grace does not deprive His Beatitude Cardinal Alencherry of the full powers proper to the Major Archbishop as Eparchial Bishop of Ernakulam-Angamaly. Precisely in virtue of the vicarious nature of your office, it is only with the approval of the Major Archbishop that Your Grace, as Vicar of the Major Archbishop, may exercise the powers granted to you, just as the Holy Father has written. Therefore, this Dicastery once again invites Your Grace to revoke with apostolic courage the dispensation given on 27 November 2021.

The Major Archbishop will undoubtedly want to send out a circular in the light of the Papal Letter of 25 March 2022, which should be considered the final decision on the matter.

With prayerful best wishes for the imminent Paschal Solemnities,

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

---

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

CONGREGATION FOR THE
EASTERN CHURCHES

00193 Roma
Via della Conciliazione 34
00120, Vatican City

പ്രോട്ടോ നം. 463/2002

ഏപ്രിൽ 1, 2022

അഭിവന്ദ്യ പിതാവേ,

2022 ഫെബ്രുവരി 28ന് ഈ കാര്യാലയം നൽകിയ കത്തു പിൻവലിക്കുകയോ നവീകരിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2022 മാർച്ച് 21ന് അങ്ങു നൽകിയ നിവേദനം, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടി 2022 മാർച്ച് 25ന് നൽകിയ കത്തിൽ നൽകിയിരിക്കുന്ന വ്യക്തമായ നിർദ്ദേശങ്ങൾക്കെതിരായതിനാൽ സ്വീകരിക്കാൻ സാധിക്കില്ല.

അങ്ങയുടെ സ്ഥാനപ്പേരു സൂചിപ്പിക്കുന്നതുപോലെ, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി എന്ന നിലയിൽ അങ്ങയുടെ അധികാരം പ്രാതിനിധ്യാധികാരമാണ്. 2019ലെ ആദ്‌ലിമിന സന്ദർശനവേളയിൽ വ്യക്തമാക്കിയിരുന്നതുപോലെ ഈ അധികാരങ്ങൾ അങ്ങേയ്ക്കു നിയോഗിച്ചു നൽകി എന്നതുകൊണ്ട് എറണാകുളം-അങ്കമാലിയുടെ രൂപതാമെത്രാൻ എന്ന നിലയിൽ മേജർ ആർച്ച്ബിഷപ്പിനുള്ള മുഴുവൻ അധികാരങ്ങളും കർദിനാൾ ജോർജ് ആലഞ്ചേരിയിൽനിന്നു എടുത്തുമാറ്റപ്പെടുന്നില്ല. അങ്ങയുടെ സ്ഥാനത്തിന്റെ അധികാരം പ്രതിനിധ്യാത്മകമാണ് എന്നതിനാൽത്തന്നെ, പരി. പിതാവ് എഴുതിയിരിക്കുന്നതുപോലെ, മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായ അങ്ങു മേജർ ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടുകൂടിമാത്രമേ നൽകപ്പെട്ടിരിക്കുന്ന അധികാരം ഉപയോഗിക്കാവൂ.

ആയതിനാൽ, 2021 നവംബർ 27ന് അങ്ങു നൽകിയ ഒഴിവ് അപ്പസ്തോലികമായ ധൈര്യത്തോടെ പിൻവലിക്കാൻ ഈ കാര്യാലയം ഒരിക്കൽക്കൂടി അഭിവന്ദ്യ പിതാവിനെ ക്ഷണിക്കുന്നു.

2022 മാർച്ച് 22ലെ മാർപാപ്പയുടെ കത്തിന്റെ വെളിച്ചത്തിൽ മേജർ ആർച്ചുബിഷപ്പ് നിശ്ചയമായും പുറപ്പെടുവിക്കുന്ന സർക്കുലർ ഈ വിഷയത്തിലുള്ള അന്തിമതീരുമാനമായി കണക്കാക്കേണ്ടതാണ്.

സമാഗതമാകുന്ന പെസഹാ ആഘോഷങ്ങളുടെ പ്രാർത്ഥനാപൂർവകമായ ആശംസകളോടെ,

ക്രിസ്തുവിൽ വിശ്വസ്തതയോടെ,

+ ലെയണാർദോ കർദ്ദിനാൾ സാന്ദ്രി
പ്രീഫെക്ട്
+ ജോർജോ ദെമെത്രിയോ ഗല്ലാറോ
ആർച്ചുബിഷപ്പ് സെക്രട്ടറി

---

His Grace
Mar Antony KARIYIL
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly
Ernakulam, Post Box N.2580
KOCHI 682 031, Kerala, India

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

July 30, 2022

Prot. N. 130/2022

Your Grace,

I thank you for accepting the appointment as Apostolic Administrator "*Sede Plena*" of the Archeparchy of Ernakulam-Angamaly, without prejudice to your office of Metropolitan Archbishop of Trichur, as per canon 234 of the *Codex Canonum Ecclesiarum Orientalium*.

His Holiness Pope Francis entrusts to Your Grace the administration of the Archeparchy of Enakulam-Angamaly with all the faculties given by canon law to the Eparchial Bishop, in order to facilitate the resolution of the problems of governance and discipline experienced in the Archeparchy.

This Dicastery trusts that, docile to the decision of the Holy Father, the priests, religious and lay faithful of the Archeparchy will cooperate with Your Grace and support you by their prayer, words and actions.

At your discretion, Your Grace may consult the Major Archbishop, who will not be directly involved in the decision-making process regarding the Archeparchy.

On the other hand, His Beatitude will maintain the prerogative of liturgical presidency as the Major Archbishop and Metropolitan Archbishop of Ernakulam-Angamaly.

Your Grace may also consult and inform the Synod of Bishops and the Permanent Synod, but will be responsible directly to the Apostolic See.

In order to ensure a renewed spirit in the administration of the Archeparchy, Your Grace may reconstitute the Archeparchial Curia. Considering the size and complexity of the Archeparchy of Ernakulam-Angamaly, as well as your concurrent duties as Metropolitan Archbishop of Trichur, Your Grace could consider assigning *Syncelli* with defined competences for specific areas, always guaranteeing the proper coordination.

./.

----------------------------------------

His Excellency The Most Reverend
Msgr. Andrews THAZHATH
Metropolitan Archbishop of Trichur for the Syro-Malabars
Catholic Archbishop's House
THRISSUR 680 005 - Kerala, India

With particular respect to liturgical matters, Your Grace is to ensure effective catechesis for following the Synodal Decisions on Liturgy and the directives of the Apostolic See. When granting dispensations in accordance with can. 1538 §1 *CCEO*, Your Grace should follow the specifications given by the Holy Father in the Paternal Exhortation dated 25 March 2022 and the letter (Prot. N. 248/2004) of this Dicastery dated 9 November 2020. Dispensations may be given to parishes in a "special case", for well-defined times, even longer than heretofore established, and for specific reasons, with attention to the period necessary for catechetical formation. However, it is necessary to safeguard that the Cathedral, places of formation such as seminaries, shrines and pilgrimage sites proceed immediately to implement the 50:50 formula. Moreover, even in the parishes, visiting Bishops and priests must not be prevented from celebrating according to the unitary mode, for instance on the occasion of funerals or sacramental celebrations, notifying the parish priest in time and giving information to the faithful.

In addition, Your Grace has the competence to evaluate the advisability of dissolving and reconstituting the consultative organs envisioned by canon law and other committees.

I ask Your Grace to inform this Dicastery regularly, through the Apostolic Nunciature in India, about the measures you take in the Archeparchy.

Remaining at your disposal for any clarification or assistance and grateful for the precious collaboration, I am, with prayerful best wishes and profound regards in Christ

Sincerely yours,

✠ Leonardo Card. Sandri
Prefect

Rev. Flavio Pace
Under-Secretary

**CONGREGATION FOR THE EASTERN CHURCHES**

00193 Roma
Via della Conciliazione 34
00120, Vatican City

Prot. N. 130/2022

July 30, 2022

അഭിവന്ദ്യ പിതാവേ,

തൃശൂർ അതിരൂപതയുടെ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പ് എന്ന അങ്ങയുടെ പദവിക്കു വിരുദ്ധമാകാത്തവിധത്തിൽ, പൗരസ്ത്യസഭാനിയമസംഹിതയിലെ 234-ാം നമ്പർ കാനൻ പ്രകാരം, എറണാകുളം-അങ്കമാലി അതിരൂപതയുടെ സേദേ പ്ലേന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായുള്ള നിയമനം സ്വീകരിച്ചതിന് അങ്ങേയ്ക്കു ഞാൻ നന്ദിപറയുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന ഭരണപരവും അച്ചടക്കപരവുമായ പ്രശ്നങ്ങളുടെ പരിഹാരം സുഗമമാക്കുന്നതിനുവേണ്ടി സഭാനിയമം ഒരു രൂപതാമെത്രാനു നൽകിയിരിക്കുന്ന എല്ലാ അധികാരങ്ങളോടുംകൂടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ അതിരൂപതയുടെ ഭരണനിർവഹണം അഭിവന്ദ്യ പിതാവിനെ ഭരമേൽപ്പിക്കുന്നു.

പരിശുദ്ധ പിതാവിന്റെ തീരുമാനത്തോടു വിധേയപ്പെട്ടുകൊണ്ട് അതിരൂപതയിലെ വൈദികരും സമർപ്പിതരും അല്മായരും അവരുടെ പ്രാർത്ഥനയും വാക്കുകളും പ്രവൃത്തികളുംവഴി അഭിവന്ദ്യ പിതാവിനോടു സഹകരിക്കുകയും അങ്ങയെ പിന്തുണയ്ക്കുകയും ചെയ്യുമെന്ന് ഈ കാര്യാലയം പ്രത്യാശിക്കുന്നു.

അഭിവന്ദ്യ പിതാവിന്റെ വിവേചനമനുസരിച്ച് മേജർ ആർച്ചുബിഷപ്പിനോട് ആലോചന തേടാവുന്നതാണ്; അതിരൂപതയെ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന നടപടിക്രമങ്ങളിൽ മേജർ ആർച്ചുബിഷപ്പ് നേരിട്ട് ഇടപെടുന്നതല്ല.

നേരേമറിച്ച്, മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പുമെന്ന നിലയിൽ തന്റെ പ്രത്യേകാവകാശമായ ആരാധനകർമങ്ങളിലെ അധ്യക്ഷസ്ഥാനം മേജർ ആർച്ചുബിഷപ്പ് നിലനിറുത്തുന്നതാണ്.

അഭിവന്ദ്യ പിതാവിനു മെത്രാൻ സിനഡുമായും സ്ഥിരം സിനഡുമായും കൂടിയാലോചിക്കാവുന്നതാണ്; എന്നാൽ പരിശുദ്ധ സിംഹാസനത്തോടാണ് അങ്ങു നേരിട്ട് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നത്.

അതിരൂപതയുടെ ഭരണനിർവഹണത്തിൽ നവീകരണത്തിന്റെ ചൈതന്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി അഭിവന്ദ്യ പിതാവിന് അതിരൂപതാക്കച്ചേരി പുനഃസംഘടിപ്പിക്കാവുന്നതാണ്. അതിരൂപതയുടെ വലിപ്പവും സങ്കീർണതയും, അതോടൊപ്പം തൃശൂർ അതിരൂപതയുടെ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പ് എന്ന അങ്ങയുടെ നിലവിലെ ഉത്തരവാദിത്വവും കണക്കിലെടുത്ത്, ശരിയായ ഏകോപനം എപ്പോഴും ഉറപ്പുവരുത്തികൊണ്ട് നിർദിഷ്ട മേഖലകൾക്കായി സിഞ്ചെല്ലൂസുമാരെ നിശ്ചയിക്കപ്പെട്ട അധികാരങ്ങൾ ഏൽപ്പിക്കുന്ന കാര്യം അഭിവന്ദ്യ പിതാവിനു പരിഗണിക്കാവുന്നതാണ്.

---------------------

His Excellency
Msgr. Andrews Thazhath
Metropolitan Archbishop of Trichur
Catholic Archbishop's House
Thrissur – 68005, Kerala, India

പ്രത്യേകമായി ആരാധനക്രമസംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച്, ലിറ്റർജി വിഷയത്തിൽ സിനഡിന്റെ തീരുമാനങ്ങളും പരിശുദ്ധ സിംഹാസനത്തിന്റെ നിർദേശങ്ങളും പാലിക്കപ്പെടുന്നതിനുവേണ്ടി ഫലപ്രദമായ ബോധനം അഭിവന്ദ്യ പിതാവ് ഉറപ്പുവരുത്തേണ്ടതാണ്. പൗരസ്ത്യസഭാനിയമസംഹിതയിലെ 1538-ാം കാനൻ ഒന്നാം ഖണ്ഡിക പ്രകാരം ഒഴിവുകൾ നൽകുമ്പോൾ, 2022 മാർച്ച് 25-ാം തീയതി പരിശുദ്ധ പിതാവ് നൽകിയ പിതൃസഹജമായ ഉത്ബോധനത്തിലെയും 2020 നവംബർ 9-ാം തീയതി ഈ കാര്യാലയം നൽകിയ കത്തിലെയും (പ്രോട്ടോ. ന. 248/2004) പ്രത്യേക നിർദേശങ്ങൾ അഭിവന്ദ്യ പിതാവു പാലിച്ചിരിക്കണം. ഒരോ 'പ്രത്യേക കേസി'ലും, കൃത്യമായി നിശ്ചയിക്കപ്പെട്ട സമയത്തേയ്ക്കും, -ഇതുവരെ തീർച്ചപ്പെടുത്തിയിരുന്നതിനെക്കാൾ ദീർഘമായ ഒരു കാലഘട്ടത്തിലേക്കുപോലും-, നിശ്ചിത കാരണത്തിന്റെ അടിസ്ഥാനത്തിലും, ബോധനപരമായ രൂപീകരണത്തിനാവശ്യമായ സമയത്തിനു പ്രത്യേക ശ്രദ്ധകൊടുത്തുകൊണ്ട് ഇടവകൾക്കുവേണ്ടി അങ്ങേയ്ക്ക് ഒഴിവു നൽകാവുന്നതാണ്. എന്നിരുന്നാലും, കത്തീഡ്രൽ ദൈവാലയം, പരിശീലനകേന്ദ്രങ്ങളായ സെമിനാരികൾ, പ്രത്യേക പ്രാധാന്യമുള്ള ദൈവാലയങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ 50:50 എന്ന അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. കൂടാതെ, ഇടവക വികാരിയെ യഥാസമയം അറിയിച്ചുകൊണ്ടും അതുവഴി വിശ്വാസികൾക്ക് അറിയിപ്പുകൊടുത്തുകൊണ്ടും, മൃതസംസ്കാരശുശ്രൂഷകളുടെയും കൂദാശകളുടെ പരികർമത്തിന്റെയും അവസരങ്ങളിൽ ഇടവക സന്ദർശിക്കുന്ന മെത്രാൻമാരെയോ വൈദികരെയോ ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽനിന്നു തടയാൻ പാടുള്ളതല്ല.

കൂടാതെ, സഭാനിയമം അനുശാസിക്കുന്ന കാനോനിക സമിതികളും ഇതര കമ്മിറ്റികളും പിരിച്ചുവിടുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതിലെ ഔചിത്യത്തെക്കുറിച്ചു വിലയിരുത്താനുള്ള അധികാരം അഭിവന്ദ്യ പിതാവിന് ഉണ്ടായിരിക്കുന്നതാണ്.

അതിരൂപതയിൽ അങ്ങ് സ്വീകരിക്കുന്ന നടപടികളെകുറിച്ച് ഇന്ത്യയിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചർവഴി ഈ കാര്യാലയത്തെ പതിവായി വിവരമറിയിക്കാൻ അഭിവന്ദ്യ പിതാവിനോടു ഞാൻ ആവശ്യപ്പെടുന്നു.

ഏതെങ്കിലുംവിധത്തിലുള്ള വിശദീകരണത്തിനോ സഹായത്തിനോവേണ്ടിയുള്ള അങ്ങയുടെ ആവശ്യങ്ങളിൽ സംലഭ്യത അറിയിച്ചുകൊണ്ടും വിലയേറിയ സഹകരണത്തിനു നന്ദി പറഞ്ഞുകൊണ്ടും എന്റെ പ്രാർഥനാപൂർവകമായ ആശംസകളും ക്രിസ്തുവിലുള്ള അഗാധമായ ആദരവും അർപ്പിക്കുന്നു.

ആത്മാർത്ഥതയോടെ,

ലെയണാർദോ കർദിനാൾ സാന്ദ്രി
പ്രീഫെക്ട്

ഫാ. ഫ്ളാവിയോ പാച്ചെ
അണ്ടർ സെക്രട്ടറി

CONGREGATIO
PRO ECCLESIIS ORIENTALIBUS

*Dicastero dal 5 giugno 2022*

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

September 20, 2022

Prot. N. 130/2022

Your Grace,

This Dicastery continues to receive letters and petitions from clergy and lay faithful of the Archeparchy of Ernakulam-Angamaly about the implementation of the decision of the Synod of Bishops of the Syro-Malabar Church regarding the unitary mode of celebrating Holy *Qurbana*.

In the context of these various positions, including the request for the recognition of a "liturgical variant", this Institution of the Roman Curia reiterates the instructions addressed to Your Grace (Prot. N. 130/2022, dated 30 July 2022) at the time of your appointment as Apostolic Administrator *Sede Plena* of the Archeparchy. Dispensations as per can. 1538 §1 CCEO may be granted in accordance with the specifications already given on the matter (Cf. letter Prot. N. 248/2004, dated 9 November 2020), with the intention of imparting effective catechesis for the implementation of the Synodal form.

While leaving any additional pastoral practicalities to the prudential judgment of Your Grace, it seems necessary immediately to end confusion about the principles and to make clear beyond any doubt that all the bishops, priests, religious and laity are obliged to comply with the Synodal decision on the Sacred Liturgy (Cf. cann. 150 §2 and 199 §1 CCEO). A liturgical variant for the Archeparchy of Ernakulam-Angamaly is therefore excluded. Your Grace should implement with pastoral and paternal prudence the Synodal decision on the uniform mode without further delays, following the previous directives of the Apostolic See, especially the Paternal Exhortation addressed to the Archeparchy by His Holiness Pope Francis on 25 March 2022 and the abovementioned instructions. Please report to this Dicastery afterwards about the measures you have taken.

This Dicastery remains at your disposition for any assistance, with prayerful best wishes and cordial regards.

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

---

His Grace Mar Andrews THAZHATH
Apostolic Administrator *Sede Plena*
of the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ 9/2022

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, വത്സല മക്കളേ,

1. എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2022 ജൂലൈ 30ന് എന്നെ നിയമിച്ചപ്പോൾ ഭരമേല്പിച്ച പ്രത്യേക ഉത്തരവാദിത്വങ്ങൾ എറണാകുളം മിസംവഴി ഇതിനകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ മൂന്നാം തിയതി ദുക്റാനതിരുനാൾദിനത്തിൽ സീറോമലബാർ സഭാംഗങ്ങൾക്കായി ഇപ്രകാരം എഴുതി: ''പുതിയ റാസകുർബാന തക്സ അംഗീകരിക്കുന്ന ഈ അവസരത്തിൽ സഭയുടെ ഉപരിനന്മയും ഐക്യവും ലക്ഷ്യംവച്ചുകൊണ്ടു പരിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദീകരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു''. വീണ്ടും, 2022 മാർച്ച് 25-ാം തിയതി എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദീകർക്കും സമർപ്പിതർക്കും അല്മായർക്കുമായി ഫ്രാൻസിസ് മാർപാപ്പ പ്രത്യേകം എഴുതിയ കത്തിലും ഇക്കാര്യം ആവർത്തിക്കുകയുണ്ടായി. സീറോമലബാർസഭയിലെ 35 രൂപതകളിൽ 34 രൂപതകളിലും സിനഡുതീരുമാനപ്രകാരമുള്ള ഏകീകൃത കുർബാന അർപ്പണരീതി ഇതിനകം നടപ്പിലായിക്കഴിഞ്ഞ വിവരം നിങ്ങൾക്കു അറിവുള്ളതാണല്ലോ.

2. പരിശുദ്ധ മാർപാപ്പയുടെയും പരിശുദ്ധസിംഹാസനത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പരിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതിയെക്കുറിച്ചുള്ള സിനഡുതീരുമാനം ഉടനടി നടപ്പിലാക്കാൻ പരിശുദ്ധ സിംഹാസനം 2022 സെപ്റ്റംബർ 20ന് എഴുതിയ കത്തുവഴി വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. പരിശുദ്ധ സിംഹാസനത്തിന്റെ കത്തു അന്യത്ര കൊടുത്തിരിക്കുന്നു. അതിന്റെ പ്രസക്തഭാഗമാണ് ഇവിടെ നൽകിയിരിക്കുന്നത്.

> ''സീറോമലബാർസഭയിലെ മെത്രാൻസിനഡിന്റെ തീരുമാനപ്രകാരമുള്ള വിശുദ്ധ കുർബാനയുടെ ഏകീകൃതഅർപ്പണരീതി നടപ്പിലാക്കുന്നതു സംബന്ധിച്ച് എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരിൽനിന്നും അല്മായ വിശ്വാസികളിൽനിന്നും ഈ കാര്യാലയത്തിലേക്കു കത്തുകളും നിവേദനങ്ങളും തുടർന്നും ലഭിച്ചുകൊണ്ടിരിക്കുകയാണ്.
>
> വ്യത്യസ്ത ആരാധനാക്രമരീതി (Liturgical Variant) അംഗീകരിക്കണമെന്നുള്ള അഭ്യർത്ഥന ഉൾപ്പെടെയുള്ള വിവിധതരത്തിലുള്ള നിലപാടുകളുടെ പശ്ചാത്തലത്തിൽ, അങ്ങയെ എറണാകുളം-അങ്കമാലി അതിരൂപതയുടെ സേദെ പ്ലേന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചപ്പോൾ അങ്ങേയ്ക്കു നൽകപ്പെട്ട നിർദ്ദേശങ്ങൾ (Prot. N. 130/2022 dated 30 July 2022) റോമൻ കൂരിയായിലെ ഈ കാര്യാലയം വീണ്ടും ആവർത്തിക്കുന്നു. സിനഡൽരീതി നടപ്പിലാക്കാനുള്ള

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

ഫലപ്രദമായ ബോധനം കൊടുക്കുക എന്ന ലക്ഷ്യത്തോടെ CCEO c. 1538 §1 പ്രകാരമുള്ള ഒഴിവുകൾ (Dispensations), ഇക്കാര്യത്തെക്കുറിച്ച് ഇതിനകം നൽകപ്പെട്ട വ്യക്തമായ നിർദേശങ്ങൾപ്രകാരം (Cf. letter Prot. N. 248/2004 dated 9 November 2020), നൽകാവുന്നതാണ്.

കൂടുതലായ ഏതെങ്കിലും അജപാലനപരമായ പ്രായോഗികകാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ വിവേകപൂർണ്ണമായ വിലയിരുത്തലിനു വിടുമ്പോൾത്തന്നെ, ഇക്കാര്യത്തിലുള്ള തത്ത്വങ്ങളെക്കുറിച്ചുള്ള ആശയക്കുഴപ്പം അവസാനിപ്പിക്കേണ്ടതും എല്ലാ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ആരാധനക്രമത്തെക്കുറിച്ചുള്ള സിനഡൽ തീരുമാനം അനുസരിക്കാൻ ബാധ്യസ്ഥരാണെന്നു (Cf. cann. 150 § 2 and 199 § 1, CCEO) സംശയാതീതമായി വ്യക്തമാക്കേണ്ടതും ആവശ്യമാണെന്നു മനസിലാക്കുന്നു. അതിനാൽ, എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി വ്യത്യസ്ത ആരാധനക്രമരീതി (Liturgical Variant) എന്നത് തള്ളിക്കളയുന്നു. പരിശുദ്ധ സിംഹാസനത്തിൽനിന്നു ഇതിനുമുമ്പു നൽകപ്പെട്ട നിർദേശങ്ങളും, പ്രത്യേകിച്ച് 2022 മാർച്ച് 25-ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അതിരൂപതയെ അഭിസംബോധന ചെയ്തു നൽകിയ പ്രബോധനവും മുകളിൽപ്പറഞ്ഞ നിർദ്ദേശങ്ങളുംപ്രകാരം, ഏകീകൃത കുർബാന അർപ്പണരീതിയെക്കുറിച്ചുള്ള സിനഡുതീരുമാനം, അജപാലനപരവും പിതൃസഹവുമായ വിവേകത്തോടെ, കൂടുതൽ കാലതാമസമില്ലാതെ അഭിവന്ദ്യ പിതാവ് നടപ്പിലാക്കേണ്ടതാണ്. പിന്നീട്, അങ്ങു സ്വീകരിച്ച നടപടികളെക്കുറിച്ചു ഈ കാര്യാലയത്തിലേക്കു ദയവായി റിപ്പോർട്ടു ചെയ്യുക.''

3. മാർപാപ്പയുടെയും പരിശുദ്ധ സിംഹാസനത്തിന്റെയും മാർഗ്ഗനിർദേശങ്ങളുടെയും സിനഡുതീരുമാനങ്ങളുടെയും വെളിച്ചത്തിൽ താഴെപ്പറയുന്നവ നമ്മുടെ അതിരൂപതയിൽ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്:

3.1. സിനഡുതീരുമാനമനുസരിച്ചുള്ള ഏകീകൃതരീതി വിശുദ്ധ കുർബാനർപ്പണത്തിൽ പാലിക്കേണ്ടതാണ്.

3.2. ഏകീകൃത കുർബാനയർപ്പണരീതി ഉടൻ നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള ഇടവകകളിലും സമർപ്പിതസമൂഹങ്ങളിലും പള്ളിയോഗത്തിന്റെ (പാരിഷ് കൗൺസിലിന്റെ) /കൗൺസിലിന്റെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, ഏകീകൃത കുർബാനയർപ്പണരീതിയെക്കുറിച്ചു ബോധനംനൽകുക എന്ന ലക്ഷ്യത്തോടെ, പരിശുദ്ധ സിംഹാസനം നൽകിയ നിബന്ധനകൾക്കനുസരിച്ചു, ബന്ധപ്പെട്ട വികാരി/അധികാരി CCEO 1538 §1 കാനൻപ്രകാരമുള്ള ഒഴിവിനു (Dispensation) അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് /അതിരൂപതാകാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3.3. ഡിസ്പെൻസേഷൻ ലഭിച്ചിട്ടുള്ള ഇടവകയോ സമൂഹമോ ആണെങ്കിലും, സീറോമലബാർ മെത്രാന്മാർക്കു സിനഡു തീരുമാനിച്ച ഏകീകൃതരീതി എപ്പോഴും വിശുദ്ധ

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

കുർബാനർപ്പണത്തിൽ പാലിക്കേണ്ടതിനാൽ അതിനുള്ള സൗകര്യങ്ങൾ മെത്രാന്മാർ വരുമ്പോൾ ചെയ്തുകൊടുക്കേണ്ടതാണ്. ''കൂടാതെ, ഇടവക വികാരിയെ യഥാസമയം അറിയിച്ചുകൊണ്ടും അതുവഴി വിശ്വാസികൾക്ക് അറിയിപ്പു കൊടുത്തുകൊണ്ടും, മൃത സംസ്കാരശുശ്രൂഷകളുടെയും കൂദാശകളുടെ പരികർമ്മത്തിന്റെയും അവസരങ്ങളിൽ ഇടവക സന്ദർശിക്കുന്ന മെത്രാൻമാരെയോ വൈദികരെയോ ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽനിന്നു തടയാൻ പാടുള്ളതല്ല'' എന്നത് പരിശുദ്ധ സിംഹാസനം നൽകിയിരിക്കുന്ന നിർദ്ദേശമാണ്. പുത്തൻകുർബാന അർപ്പിക്കുന്ന നവവൈദികരും ഏകീകൃതരീതിയിൽ മാത്രമേ കുർബാന അർപ്പിക്കാൻ പാടുള്ളു.

3.4. ഏകീകൃത കുർബാനയർപ്പണരീതി എവിടെയൊക്കെ ഉടൻ നടപ്പിലാക്കണമെന്നു പരിശുദ്ധ സിംഹാസനം പറയുന്നത് ഇപ്രകാരമാണ്: ''എന്നിരുന്നാലും, കത്തീഡ്രൽ ദൈവാലയം, പരിശീലനകേന്ദ്രങ്ങളായ സെമിനാരികൾ, പ്രത്യേക പ്രാധാന്യമുള്ള ദൈവാലയങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 50:50 എന്ന അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. (50:50 അർപ്പണരീതി എന്നതുകൊണ്ടു ഇവിടെ ഉദ്ദേശിക്കുന്നത് സിനഡുതീരുമാനപ്രകാരം വചനശുശ്രൂഷയും (Liturgy of the Word) സമാപനശുശ്രൂഷയും വചനവേദിയിൽവച്ചു കാർമ്മികൻ ജനാഭിമുഖമായും കുർബാനയർപ്പണത്തിലെ കൂദാശാഭാഗം ഉൾക്കൊള്ളുന്ന ഭാഗം (Liturgy of the Eucharist) ജനങ്ങളോടൊപ്പം കാർമ്മികൻ അൾത്താരാഭിമുഖമായും എന്നതാണ്). എന്നാൽ, 2022 ഓഗസ്റ്റ് 24-ാം തീയ്യതി പരിശുദ്ധ സിംഹാസനം പ്രത്യേകം നൽകിയ അനുവാദ പ്രകാരം, ബന്ധപ്പെട്ട വികാരി രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം കത്തീഡ്രലിലും (ബസിലിക്ക) തീർത്ഥാടനകേന്ദ്രങ്ങളിലും സിനഡ് അംഗീകരിച്ച രീതിയിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും അർപ്പിച്ചു മേല്പറഞ്ഞ മാർഗനിർദ്ദേശം പടിപടിയായി നടപ്പിലാക്കാനുള്ള പ്രത്യേക അനുവാദം, അടുത്തുവരുന്ന മംഗളവാർത്തക്കാലത്തിന്റെ (2022) ആരംഭംവരെയുള്ള കാലഘട്ടത്തിലേക്കു നൽകുന്നതാണ്.

4. റാസ, ആഘോഷപൂർവ്വകമായ കുർബാന, സാധാരണ കുർബാന എന്നീ മൂന്നുരൂപങ്ങളിലും കുർബാന അർപ്പിക്കുമ്പോൾ അംഗീകരിച്ച തക്സയും വചനവേദിയും ബലിവേദിയും ഉപയോഗിക്കുകയും, തക്സയിൽ കൊടുത്തിട്ടുള്ളതുപോലെ, സാഹചര്യമനുസരിച്ച് കാർമ്മികന് നിശ്ചയിക്കാവുന്ന ഐച്ഛികങ്ങൾ (Options) ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

5. സീറോമലബാർ സിനഡുനിർദ്ദേശമനുസരിച്ചു രൂപതാധ്യക്ഷനു നിശ്ചയിക്കാവുന്ന ഒഴിവുകൾ (Dispensations) പ്രകാരം നമ്മുടെ അതിരൂപതയിലെ ദൈവാലയങ്ങളിൽ മദ്ബഹാവിരി ഉപയോഗിക്കുന്നില്ല. ത്രിത്വസ്തുതിയോടെ കുരിശുവരച്ചു കുർബാന ആരംഭിക്കാവുന്നതാണ്. വിവിധകാലങ്ങൾ, തിരുനാളുകൾ എന്നിവയ്ക്ക് അനുയോജ്യമായും അവസരോചിതമായും ഉപയോഗിക്കാവുന്ന മാറിമാറിവരുന്ന പ്രോപ്രിയ പ്രാർത്ഥനകൾ തക്സയിൽ നൽകിയിട്ടുണ്ട്.

6. നമ്മുടെ അതിരൂപതയിൽ ഇപ്പോൾ അനുഷ്ഠിച്ചുപോരുന്ന വിശുദ്ധരോടുള്ള വണക്കം, പരിശുദ്ധ കുർബാനയുടെ ആരാധന, കുരിശിന്റെ വഴി, ജപമാല തുടങ്ങിയ ഭക്താഭ്യാസങ്ങളും നിലവിലുള്ളതുപോലെ സക്രാരിയുടെ സ്ഥാനവും തിരുസ്വരൂപങ്ങളും ക്രൂശിതരൂപം

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

അടക്കമുള്ള അംഗീകരിച്ച കുരിശുകളും സഭ അംഗീകരിക്കുന്ന മറ്റെല്ലാ ഭക്താഭ്യാസങ്ങളും തുടരുന്നതാണ്. സഭയോടുചേർന്ന് മിശിഹാകേന്ദ്രീകൃതവും പരിശുദ്ധകുർബാന കേന്ദ്രീകൃതവുമായ സ്വർഗ്ഗോന്മുഖജീവിതം നയിക്കാൻ ഈ ഭക്താഭ്യാസങ്ങൾ സഹായകമാകുന്നു.

7. എറണാകുളം-അങ്കമാലി അതിരൂപതയിലെ മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനുമായി മാർപ്പാപ്പ 2022 മാർച്ച് 25ന് എഴുതിയ കത്തിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ സർക്കുലർ ഉപസംഹരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

> ''വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുകയാണ് എന്നു ഞാൻ തിരിച്ചറിയുന്നു; എന്നാൽ കർത്താവിന്റെ സ്വരം ശ്രവിക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അല്മായവിശ്വാസികളുടെയും മാതൃക ഞാൻ നിങ്ങളിൽ കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇതു സീറോമലബാർസഭയുടെ നൂറ്റാണ്ടുകളിലൂടെ പ്രകടമായിട്ടുള്ള വ്യതിരിക്ത സ്വഭാവസവിശേഷതയാണ്. ഒട്ടേറെ ചരിത്രപരമായ തെറ്റിദ്ധാരണകൾ മറികടക്കാനും നമ്മുടെ കാലത്ത് ദൈവവിളിയും പ്രേഷിതോത്സാഹവും പുഷ്ടിപ്പെടുത്താനും നിങ്ങളുടെ വിശ്വസ്തത ഇടയാക്കിയിട്ടുണ്ട്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവു മറക്കുകയില്ല, ഒടുവിൽ അവിടത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്കു നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും.''
>
> ''നിങ്ങളുടെ വിശ്വസ്തതയിലും അനുസരണത്തിലും വിശ്വാസമർപ്പിച്ചുകൊണ്ട്, പൗരോഹിത്യ അഭിഷേകത്തിലൂടെ കൈവന്ന പ്രത്യേക ബാധ്യത ഓർമിപ്പിച്ചുകൊണ്ട്, നിങ്ങൾക്കെല്ലാവർക്കുംമേൽ കർത്താവിന്റെ അനുഗ്രഹം ഞാൻ പ്രാർഥിക്കുന്നു, ദയവായി എനിക്കുവേണ്ടി പ്രാർത്ഥിക്കാനും അഭ്യർത്ഥിക്കുന്നു''.

ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹവും കൃപയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർതോമാശ്ലീഹായുടെയും മധ്യസ്ഥതയിൽ നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

എറണാകുളം-അങ്കമാലി അതിരൂപതാകാര്യാലയത്തിൽനിന്നു 2022 സെപ്റ്റംബർ 30-ാം തിയതി നൽകപ്പെട്ടത്.

+ Andrews Thazhath

**ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്**
എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY

NB. ഈ സർക്കുലർ 2022 ഒക്ടോബർ 9 ഞായറാഴ്ച എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതസമൂഹങ്ങളിലും വായിക്കേണ്ടതാണ്.

CONGREGATIO
PRO ECCLESIIS ORIENTALIBUS

*Dicastero dal 5 giugno 2022*

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

September 20, 2022

Prot. N. 130/2022

Your Grace,

This Dicastery continues to receive letters and petitions from clergy and lay faithful of the Archeparchy of Ernakulam-Angamaly about the implementation of the decision of the Synod of Bishops of the Syro-Malabar Church regarding the unitary mode of celebrating Holy *Qurbana*.

In the context of these various positions, including the request for the recognition of a "liturgical variant", this Institution of the Roman Curia reiterates the instructions addressed to Your Grace (Prot. N. 130/2022, dated 30 July 2022) at the time of your appointment as Apostolic Administrator *Sede Plena* of the Archeparchy. Dispensations as per can. 1538 §1 CCEO may be granted in accordance with the specifications already given on the matter (Cf. letter Prot. N. 248/2004, dated 9 November 2020), with the intention of imparting effective catechesis for the implementation of the Synodal form.

While leaving any additional pastoral practicalities to the prudential judgment of Your Grace, it seems necessary immediately to end confusion about the principles and to make clear beyond any doubt that all the bishops, priests, religious and laity are obliged to comply with the Synodal decision on the Sacred Liturgy (Cf. cann. 150 §2 and 199 §1 CCEO). A liturgical variant for the Archeparchy of Ernakulam-Angamaly is therefore excluded. Your Grace should implement with pastoral and paternal prudence the Synodal decision on the uniform mode without further delays, following the previous directives of the Apostolic See, especially the Paternal Exhortation addressed to the Archeparchy by His Holiness Pope Francis on 25 March 2022 and the abovementioned instructions. Please report to this Dicastery afterwards about the measures you have taken.

This Dicastery remains at your disposition for any assistance, with prayerful best wishes and cordial regards.

Sincerely yours in Christ,

✠ Leonardo Card. Sandri
Prefect

✠ Giorgio Demetrio Gallaro
Archbishop Secretary

---

His Grace Mar Andrews THAZHATH
Apostolic Administrator *Sede Plena*
of the Archeparchy of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

(പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മാർച്ച് 25നു എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു നൽകിയ കത്തിന്റെ മലയാള പരിഭാഷ)

## മേജർ ആർച്ച്ബിഷപ്പ്, മേജർ ആർച്ച്ബിഷപ്പിന്റെ വികാരി, എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ, സന്യസ്തർ, അൽമായ വിശ്വാസികൾ എന്നിവർക്ക്

മാനവരാശിയുടെ രക്ഷയ്ക്കായി, താഴ്ത്തപ്പെടലിലേക്കും പീഡാസഹനത്തിലേക്കും നടന്നു നീങ്ങുന്ന, പിതാവിന്റെ ഇച്ഛ പൂർത്തീകരിക്കാൻ കയ്പുനിറഞ്ഞ പാനപാത്രത്തിൽനിന്നു പാനംചെയ്യാൻ സന്നദ്ധനാകുന്ന കർത്താവിനെ, കൂടുതൽ ആധികാരികതയോടും ഉത്തരവാദിത്വത്തോടുംകൂടി അനുഗമിക്കാൻ ഈസ്റ്റർ ഒരുക്കത്തിന്റെ ഈ വിശുദ്ധകാലം നമ്മെ ക്ഷണിക്കുകയാണ്.

മാനവരാശിക്ക് ഉടമ്പടിയുടെ പൂർണതയിലേക്ക് പ്രവേശിക്കാനും മുന്നേറാനും വേണ്ടി നേട്ടത്തിന്റെ, വിജയത്തിന്റെ, മിശിഹാമഹത്വത്തിന്റെ മാനുഷിക അവകാശവാദങ്ങളിൽനിന്നു ക്രിസ്തു പിൻവാങ്ങുന്നു. വിനയവും എളിമയും നിറഞ്ഞ സ്നേഹത്താൽ അവിടന്ന് വിജയം വരിക്കുന്നു: കുരിശിൽ സർവം ഉരിഞ്ഞെടുക്കപ്പെട്ടുവെങ്കിലും, പിതാവുമായുള്ള അവിടത്തെ ബന്ധമെന്ന, ഏറ്റവും സുപ്രധാനമായ ഒന്ന്, ആർക്കും കവർന്നെടുക്കാനാകില്ല. പിതാവിന്റെ ആ പ്രതികരണമാണു പാപത്തിന്മേൽ, മരണത്തിന്മേലുള്ള ഈശോയുടെ വിജയമുണ്ടാകുന്ന ഈസ്റ്റർ പുലരി. വൈവിധ്യമാർന്ന ആരാധനക്രമ പാരമ്പര്യങ്ങൾ ആലപിക്കുന്ന ''ഹല്ലേലുയ്യ'', ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെട്ട മാനവരാശി പരിശുദ്ധ ത്രിത്വത്തിന് ഉയർത്തുന്ന കൂട്ടായ്മയുടെയും സ്തുതിയുടെയും കീർത്തനമാണ്; അത് ആർക്കെങ്കിലും എന്തിനെങ്കിലും എതിരേയുള്ളതല്ല.

ഒരു സഭയെന്ന നിലയിൽ, നാമെല്ലാവരും - മെത്രാന്മാർ, വൈദികർ, ഡീക്കൻമാർ, അൽമായ വിശ്വാസികൾ - ആഘോഷിക്കുന്ന രഹസ്യത്തിന്റെ സത്ത മറക്കാൻ പലപ്പോഴും പ്രലോഭിതരാകുന്നു: നാം ഈശോയെക്കുറിച്ചു സംസാരിക്കുന്നു, സൈദ്ധാന്തികമായി നമുക്ക് അവിടത്തെക്കുറിച്ച് വളരെയേറെ അറിയാം. എങ്കിലും അവിടത്തോടൊപ്പം ജീവിക്കാൻ, അവിടത്തെ ഇഷ്ടപ്പെടാൻ, താഴ്ത്തപ്പെടലിന്റെ പാതയും കുരിശിന്റെ വഴിയും അംഗീകരിക്കാൻ നമുക്കാകണം. നമുക്കു വിഘടിച്ചുജീവിക്കാനാകില്ല. നമുക്കു വിഭജനം സൃഷ്ടിക്കാനാവില്ല. നമുക്കൊരു വിവാദത്തിന്റെ പ്രഭവമാകുന്നതിനു നിന്നുകൊടുക്കാനാകില്ല.

നിങ്ങളുടെ സഭയുടെ ആരാധനക്രമം നിർണയിക്കാൻ പരമോന്നതാധികാരമുള്ള സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ മെത്രാൻ സിനഡ്, കുറച്ചുവർഷങ്ങൾക്കുമുമ്പു നിർദേശിച്ച രീതിയിൽ ഏതാനും ആരാധനക്രമഗ്രന്ഥങ്ങൾ അംഗീകരിക്കുക മാത്രമല്ല, ആഘോഷങ്ങളുടെ രീതി നിർണയിക്കുകയും ചെയ്തിരുന്നു. നിങ്ങളുടെ സഭയുടെ വൈവിധ്യമുള്ള പശ്ചാത്തലങ്ങളുമായി ബന്ധപ്പെട്ട, ഭിന്നങ്ങളായ പാരമ്പര്യങ്ങളെക്കുറിച്ചു പൂർണ അവബോധത്തോടെ, അവരവരുടെ ആരാധനാരീതികളിൽനിന്ന് ഒരു ചുവടു പിന്നോട്ടു വയ്ക്കാനും അങ്ങനെ കൂട്ടായ്മയുടെ അടയാളം പ്രകടമാക്കാനും കൂടുതൽ മഹത്തരമായ സ്നേഹത്തിനും സാക്ഷ്യത്തിനുംവേണ്ടി ഇതിലുൾപ്പെട്ട എല്ലാവരും അവരുടെ സ്വന്തമായ ചില പ്രത്യേകതകൾ ത്യാഗം ചെയ്യാനും നിർദേശിക്കപ്പെട്ടിരുന്നു.

വിശുദ്ധ കുർബാന നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട തീയതിയായ 2021 നവംബർ 28 മുതൽ സിനഡിന്റെ തീരുമാനം നടപ്പിൽവരുത്താൻ 34 രൂപതകൾ തീരുമാനിച്ചിരുന്നു. നിങ്ങളുടെ കാര്യത്തിൽ ഇതുണ്ടായില്ലെന്നതു ഖേദകരമാണ്. പകരം നിങ്ങൾ, ശ്രദ്ധാപൂർവമായ വിചിന്തനത്തോടെയാണെങ്കിലും, സീറോമലബാർസഭയിലെ മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട്, പ്രത്യേക ആരാധനക്രമരീതി തുടരാൻ തീരുമാനിച്ചു. എന്നിരുന്നാലും, ക്രൈസ്തവവിശ്വാ

സികൾ എന്ന നിലയിൽ, നമ്മുടെ പെരുമാറ്റം, എങ്ങനെ വിയോജിപ്പു പ്രകടിപ്പിക്കുന്നു, വൈഷമ്യങ്ങളെയും താഴ്ത്തപ്പെടലിനെയും എങ്ങനെ സ്വീകരിക്കുന്നു, എങ്ങനെ ഒരു ചുവടു പിന്നോട്ടുവയ്ക്കുന്നു എന്നിങ്ങനെ സ്വയം ചോദിക്കുന്നതു നന്നായിരിക്കും. ഇതു കർത്താവിലേക്കു നോക്കി, അവിടത്തെ ഉത്കണ്ഠയിലും പീഡാസഹനത്തിലും തുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ചനുഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാകണം; അല്ലാതെ, വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരേ മറ്റൊന്ന് എന്ന മാനുഷികമാനദണ്ഡത്തിനോ അനുസൃതമായിട്ടാകരുത്.

അതിനാൽ, സിനഡ് നിശ്ചയിച്ചപ്രകാരം, വി. കുർബാനയാഘോഷത്തിന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്ററിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃനിർവിശേഷമായി ഉദ്ബോധിപ്പിച്ചുകൊണ്ടു ഞാൻ നിങ്ങൾക്കെഴുതുന്നു. മറ്റിടങ്ങളിൽ ചെയ്തതുപോലെ ഉചിതമായ ബോധനം നൽകാനായി, അതുവഴി മാറ്റങ്ങൾ അംഗീകരിക്കാനായി എല്ലാവരും തയ്യാറാകുന്നതിന്, ചില ഇടവകകൾക്കു കൂടുതൽ സമയം വേണ്ടിവരാൻ സാധ്യതയുണ്ട്. സിനഡിന്റെ തീരുമാനം ചോദ്യം ചെയ്യപ്പെടാത്തിടത്തോളം ഇത് മനസിലാക്കാവുന്നതാണ്. അതിരൂപതയുടെ മെത്രാപ്പോലീത്തയായ മേജർ ആർച്ച്ബിഷപ്പിനോടോ മേജർ ആർച്ച്ബിഷപ്പിന്റെ അംഗീകാരത്തോടെ അദ്ദേഹത്തിന്റെ വികാരിയോടോ നിയമം അനുവദിക്കുംവിധം ആവശ്യമായ ഈ ഇളവു ചോദിക്കാവുന്നതാണ്. പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിതയ്ക്കനുസൃതമായി നിശ്ചയിക്കപ്പെട്ട സമയത്തേയ്ക്കുമാത്രമേ ഈ ഇളവു നൽകാനാകൂ.

വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുകയാണ് എന്നു ഞാൻ തിരിച്ചറിയുന്നു; എന്നാൽ കർത്താവിന്റെ സ്വരം ശ്രവിക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അൽമായവിശ്വാസികളുടെയും മാതൃക ഞാൻ നിങ്ങളിൽ കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇതു സീറോമലബാർസഭയുടെ നൂറ്റാണ്ടുകളിലൂടെ പ്രകടമായിട്ടുള്ള വ്യതിരിക്ത സ്വഭാവസവിശേഷതയാണ്. ഒട്ടേറെ ചരിത്രപരമായ തെറ്റിദ്ധാരണകൾ മറികടക്കാനും നമ്മുടെ കാലത്ത് ദൈവവിളിയും പ്രേഷിതോത്സാഹവും പുഷ്ടിപ്പെടുത്താനും നിങ്ങളുടെ വിശ്വസ്തത ഇടയാക്കിയിട്ടുണ്ട്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവു മറക്കുകയില്ല, ഒടുവിൽ അവിടത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്കു നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും. അങ്ങനെ സങ്കീർത്തനവചനങ്ങൾ നിങ്ങളിൽ അന്വർത്ഥമാകും: ''വിത്തു ചുമന്നുകൊണ്ടു വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവർ കറ്റ ചുമന്നുകൊണ്ട് ആഹ്ലാദത്തോടെ വീട്ടിലേക്കു മടങ്ങും'' (126:6). നിങ്ങൾ ആയിരിക്കുന്ന അതിലോല സാഹചര്യത്തിൽ വിഭജനത്തിന്റെ എല്ലാ വിവാദങ്ങൾക്കും പ്രതിസാക്ഷ്യങ്ങൾക്കുമുപരി നാം കർത്താവിൽ വിതച്ചാൽ അവിടത്തോടൊത്തു കൊയ്യാം; നാം കാറ്റു വിതച്ചാൽ കൊടുങ്കാറ്റ് കൊയ്യും.

നിങ്ങളുടെ വിശ്വസ്തതയിലും അനുസരണത്തിലും വിശ്വാസമർപ്പിച്ചുകൊണ്ട്, പൗരോഹിത്യ അഭിഷേകത്തിലൂടെ കൈവന്ന പ്രത്യേക ബാധ്യത ഓർമിപ്പിച്ചുകൊണ്ട്, നിങ്ങൾക്കെല്ലാവർക്കുംമേൽ കർത്താവിന്റെ അനുഗ്രഹം ഞാൻ പ്രാർഥിക്കുന്നു, ദയവായി എനിക്കു വേണ്ടി പ്രാർഥിക്കാനും അഭ്യർഥിക്കുന്നു.

Sd/-

ഫ്രാൻസിസ് മാർപാപ്പ

റോമിലെ സെന്റ് ജോൺ ലാറ്ററൻ, 2022 മാർച്ച് 25
കർത്താവിന്റെ മംഗളവാർത്താതിരുനാൾ

SYRO-MALABAR MEDIA COMMISSION
MOUNT ST. THOMAS, P.B. NO. 3310,
KAKKANAD P.O, KOCHI, 682030

DR. ANTONY VADAKKEKARA VC
SECRETARY
smmcmount@gmail.com
+91 8089552280

MAR JOSEPH PAMPLANY
CHAIRMAN
MAR PAULY KANNOOKADAN
MEMBER
MAR SEBASTIAN VANIYAPURACKAL
MEMBER

പ്രസിദ്ധീകരണത്തിന്: Ref. No. SMMC19/2022

# അറിയിപ്പ്

കാക്കനാട്: 24.11.2022 ന് രാവിലെ ഓൺലൈനിൽ ചേർന്ന സീറോമലബാർസഭയുടെ പെർമനന്റ് സിനഡ് എറണാകുളം-അങ്കമാലി അതിരൂപതയിൽ വി. കുർബാനയർപ്പണത്തിന്റെ ഏകീകൃതരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു നിലവിലുള്ള സാഹചര്യം വിലയിരുത്തി. അതിരൂപതയിലെ വൈദിക-അല്മായ പ്രതിനിധികളുമായി നിലവിലെ സാഹചര്യം ചർച്ച ചെയ്യുന്നതിനു മെത്രാന്മാരുടെ ഒരു കമ്മിറ്റിയെ പെർമനന്റ് സിനഡു ചുമതലപ്പെടുത്തി. ആർച്ചുബിഷപ്പ് മാത്യു മൂലക്കാട്ട്, ആർച്ചുബിഷപ്പ് ജോസഫ് പാംപ്ലാനി, ബിഷപ്പ് ജോസ് ചിറ്റൂപ്പറമ്പിൽ സി.എം.ഐ. എന്നീ പിതാക്കന്മാരാണ് കമ്മിറ്റിയിൽ ഉള്ളത്. നവംബർ 25ന് ഉച്ചകഴിഞ്ഞാണ് ചർച്ച ക്രമീകരിച്ചിരിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ മംഗളവാർത്തക്കാലം ആരംഭിക്കുന്നതിനുമുൻപുള്ള വെള്ളി, ശനി, ഞായർ (നവംബർ 25, 26, 27) ദിവസങ്ങളിൽ പ്രത്യേകമായി പ്രാർത്ഥിക്കണമെന്നു സഭയുടെ പിതാവും തലവനുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഏവരെയും ആഹ്വാനം ചെയ്തിട്ടുണ്ട്. സാധിക്കുന്നിടത്തോളം പള്ളികളിലും സമർപ്പിത ഭവനങ്ങളിലും ഈ നിയോഗത്തിൽ ഒരു മണിക്കൂർ ആരാധന നടത്തണമെന്നും മേജർ ആർച്ചുബിഷപ് അറിയിച്ചു.

Vadakkekara

**ഫാ. ആന്റണി വടക്കേകര വി. സി.**
പി. ആർ. ഒ. & സെക്രട്ടറി, മീഡിയ കമ്മീഷൻ

നവംബർ 24, 2022

SYRO-MALABAR MEDIA COMMISSION · I AM THE WAY AND THE TRUTH AND THE LIFE · MOUNT ST. THOMAS, KAKKANAD, KOCHI

പ്രസിദ്ധീകരണത്തിന്: Ref. No. SMMC32/2022

# വിശദീകരണകുറിപ്പ്

കാക്കനാട്: എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്തുപിതാവ് 2022 നവംബർ 27ാം തീയതി എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ വി. കുർബാന അർപ്പിക്കാൻ എത്തിയ സാഹചര്യവുമായി ബന്ധപ്പെട്ടു പ്രചരിക്കുന്ന കാര്യങ്ങളുടെ യാഥാർത്ഥ്യം വ്യക്തമാക്കുന്നതിനാണ് ഈ കുറിപ്പു നൽകുന്നത്.

സീറോമലബാർസഭയിൽ ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കാനുള്ള സിനഡിന്റെ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 രൂപതകളിലും നടപ്പിലാക്കിയെങ്കിലും എറണാകുളം-അങ്കമാലി അതിരൂപതയിൽ അതിനെതിരെ സഭാത്മകമോ ക്രൈസ്തവമോ അല്ലാത്ത എതിർപ്പുകൾ തുടർന്നപ്പോഴാണ് പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയുടെ തീരുമാനപ്രകാരം ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്തുപിതാവിനെ അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചത്. എറണാകുളം-അങ്കമാലി അതിരൂപതയിൽ സിനഡുതീരുമാനം നടപ്പിലാക്കാനുള്ള നിർദേശം പരി. സിംഹാസനം നിയമനാവസരത്തിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കു നൽകിയിരുന്നു. അജപാലനപരമായ ബോധനം ആവശ്യമുള്ള സ്ഥലങ്ങളിൽ കാനൻ നിയമം അനുശാസിക്കുന്ന ഡിസ്പെൻസേഷൻ നൽകാനും നിർദേശമുണ്ടായിരുന്നു. എന്നാൽ കത്തീഡ്രൽ, തീർത്ഥകേന്ദ്രങ്ങൾ, പരിശീലനഭവനങ്ങൾ എന്നിവിടങ്ങളിൽ ഉടനടി സിനഡു തീരുമാനം നടപ്പാക്കണമെന്ന് പരിശുദ്ധ സിംഹാസനം അനുശാസിച്ചിരുന്നു. അതനുസരിച്ച് ഏകീകൃത കുർബാനക്രമം എറണാകുളം-അങ്കമാലി അതിരൂപതയിൽ നടപ്പിലാക്കാനുള്ള തന്റെ ദൗത്യം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആരംഭിച്ചപ്പോൾ വിവിധ സമരമാർഗ്ഗങ്ങളിലൂടെ ചില വൈദികരും അല്മായരും എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് അതിരൂപതയിൽനിന്നുള്ള പ്രതിനിധികളുമായി പെർമനന്റ് സിനഡ് നിയോഗിച്ച മെത്രാന്മാരുടെ പ്രത്യേക കമ്മിറ്റി ചർച്ച നടത്തിയത്. ഏകീകൃത കുർബാനയർപ്പണരീതി ഉടനടി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നവരുടെയും അതിനെ എതിർക്കുന്നവരുടെയും പ്രതിനിധികളെ ഈ പ്രത്യേക കമ്മിറ്റി കണ്ടു സംസാരിച്ചു. പരിശുദ്ധ സിംഹാസനം അംഗീകരിച്ച സിനഡ് തീരുമാനം മാറ്റാനാകില്ലെന്നും, എന്നാൽ ഇരുവിഭാഗങ്ങളും ഉന്നയിച്ച കാര്യങ്ങൾ പെർമനന്റ് സിനഡിനെ അറിയിക്കാമെന്നും ചർച്ചയിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ ജനുവരിയിൽ നടക്കുന്ന സിനഡിനെ ധരിപ്പിക്കാമെന്നും മാത്രമാണ് കമ്മിറ്റിയംഗങ്ങൾ ഇരുവിഭാഗങ്ങളോടും പറഞ്ഞിരുന്നത്.

നവംബർ 26-ന് രാവിലെ ഓൺലൈനായി കൂടിയ പെർമനന്റ് സിനഡ് പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വിശകലനം ചെയ്തു. കത്തീഡ്രൽ ദൈവാലയത്തിലും മൈനർസെമിനാരിയിലും ആദ്യപടിയായി സിനഡുതീരുമാനമനുസരിച്ചുള്ള കുർബാന ചൊല്ലുന്നതിനുള്ള നിർദേശം രേഖാമൂലം ബന്ധപ്പെട്ട വികാരിക്കും, റെക്ടറിനും സർക്കുലറിലൂടെ നൽകിയ കാര്യം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ പെർമനന്റ് സിനഡിനെ അറിയിച്ചു. കത്തീഡ്രൽ ബസിലിക്കയിൽ 27-ാം തീയതി വി. കുർബാനയർപ്പിക്കാൻ വരുന്നകാര്യം നേരിട്ടും കത്തുവഴിയും കത്തീഡ്രൽ വികാരിയെ അറിയിച്ചിട്ടുണ്ടെന്നും അഭിവന്ദ്യ താഴത്തുപിതാവ് പറഞ്ഞു. വികാരിയുമായുള്ള ധാരണ പ്രകാരമാണ് തീയ്യതിയും സമയവും നിശ്ചയിച്ചത്. ചിലപ്പോൾ എതിർപ്പുകൾ ഉണ്ടാകാമെന്ന് സൂചിപ്പിച്ചെങ്കിലും ആവശ്യമായ സൗകര്യങ്ങൾ ചെയ്യാമെന്ന് വികാരി എഴുതിയ കാര്യവും പിതാവ് പെർമനന്റ് സിനഡിനെ അറിയിച്ചു. സിനഡുതീരുമാനവും പരിശുദ്ധ സിംഹാസനത്തിന്റെ നിർദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രറ്റർ എന്ന നിലയിൽ അഭിവന്ദ്യ താഴത്തുപിതാവിന് ഉത്തരവാദിത്വമുണ്ടെന്ന് പെർമനന്റ് സിനഡ് വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ നവംബർ 27-ന് കത്തീഡ്രൽ ദൈവാലയത്തിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേർ വി.കുർബാനയർപ്പിക്കാനുള്ള തീരുമാനത്തിന് പെർമനന്റ് സിനഡ് അംഗീകാരം നല്കി.

നവംബർ 27-ന് അഭിവന്ദ്യ താഴത്തുപിതാവ് കത്തീഡ്രൽ പള്ളിയിൽ എത്തുന്നതിനുമുമ്പേ കത്തീഡ്രൽ ബസിലിക്കയും അങ്കണവും പ്രതിക്ഷേധക്കാർ കൈയടക്കുകയും ഗേറ്റ് പൂട്ടുകയും ചെയ്തതും സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി അഭിവന്ദ്യ പിതാവ് വി. കുർബാനയർപ്പിക്കാതെ തിരികെ പോന്നതും എല്ലാവരും മനസിലാക്കിയ കാര്യങ്ങളാണ്. പ്രതിഷേധക്കാർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവന്നവരാണെന്ന വസ്തുതയും പിന്നീട് മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തിരുന്നു. കത്തീഡ്രൽ ബസിലിക്കയിൽ നടന്ന സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ് പള്ളിയുടെ ഗേറ്റ് പോലീസ് പൂട്ടിയത്.

എറണാകുളം-അങ്കമാലി അതിരൂപതയിൽനിന്നുള്ള പിതാക്കന്മാരിൽ എട്ടുപേർചേർന്ന് സീറോമലബാർ സഭയുടെ പിതാവും തലവനുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് കഴിഞ്ഞ ദിവസം ഒരു കോൺഫിഡൻഷ്യൽ കത്ത് എഴുതിയിരുന്നു. ഈ കോൺഫിഡൻഷ്യൽ കത്ത് മാധ്യമങ്ങൾക്കു ലഭിച്ച സാഹചര്യം സഭാസംവിധാനങ്ങളുടെ പ്രവർത്തനശൈലിയല്ല.

സഭയിലെ ചില അഭിവന്ദ്യപിതാക്കന്മാർ എഴുതിയ ഈ കത്തിന്റെ അടിസ്ഥാനത്തിൽ സീറോമലബാർ സഭയിലെ മെത്രാന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ടെന്നും സീറോമലബാർസഭ വലിയ പ്രതിസന്ധിയിലാണെന്നുമുള്ള പ്രചരണം വസ്തുതാവിരുദ്ധവുമാണ്. തന്നെ പരി.സിംഹാസനം ഏല്പിച്ച ഉത്തരവാദിത്വം നിർവഹിക്കാൻ ആദ്യപടിയായി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാ

SYRO-MALABAR
MEDIA COMMISSION
MOUNT ST. THOMAS, P.B. NO. 3310,
KAKKANAD P.O, KOCHI, 682030

DR. ANTONY VADAKKEKARA VC
SECRETARY
smmcmount@gmail.com
+91 8089552280

MAR JOSEPH PAMPLANY
CHAIRMAN
MAR PAULY KANNOOKADAN
MEMBER
MAR SEBASTIAN VANIYAPURACKAL
MEMBER

നയർപ്പിക്കാൻ തയ്യാറായ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ അഭിവന്ദ്യ ആൻഡ്രൂസ് താഴത്തുപിതാവിനെ കുറ്റപ്പെടുത്തുന്ന സമീപനവും അംഗീകരിക്കാനാവാത്തതാണ്. ആൻഡ്രൂസ് പിതാവിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും പെർമനന്റ് സിനഡ് വിലയിരുത്തി.

സിനഡുതീരുമാനവും പരി. സിംഹാസനത്തിന്റെ നിർദേശങ്ങളും എറണാകുളം-അങ്കമാലി അതിരൂപതയിൽ നടപ്പിലാക്കുന്നതിനെതിരെ തുടരുന്ന എതിർപ്പും അത് പ്രകടിപ്പിക്കാൻ സ്വീകരിക്കുന്ന സഭാപരമല്ലാത്ത സമരരീതികളുമാണ് അതിരൂപതയിലെ പ്രശ്നങ്ങളുടെ അടിസ്ഥാനകാരണം. ഈ യാഥാർത്ഥ്യത്തെ അംഗീകരിച്ചുകൊണ്ടുതന്നെ എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ പരി. സിംഹാസനത്തിന്റെ നിർദേശങ്ങൾക്കനുസരിച്ച് സഭാനേതൃത്വം സ്വീകരിക്കുന്നതാണ്. അതിരൂപതയിലെ ഈ പ്രത്യേക സാഹചര്യത്തിൽ, ബന്ധപ്പെട്ട എല്ലാവരും ആത്മസംയമനത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും സഭാപരമായ അനുസരണത്തിന്റെയും മാർഗം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Vadakkekara

**ഫാ. ആന്റണി വടക്കേകര വി. സി.**
പി. ആർ. ഒ. & സെക്രട്ടറി, മീഡിയ കമ്മീഷൻ

ഡിസംബർ 02, 2022

SYRO-MALABAR MEDIA COMMISSION
I AM THE WAY AND THE TRUTH AND THE LIFE
MOUNT ST. THOMAS, KAKKANAD, KOCHI

ARCHBISHOP ANDREWS THAZHATH
**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**
Major Archbishop's House, Ernakulam, P.B No. 2580,
Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906
Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org

---

Prot. No. AA 17/2022 — 4 December 2022

To
The Rev. Fathers and Faithful of the Archeparchy of Ernakulam-Angamaly

Dear and Rev. Fathers and friends,

Pope Francis appointed me Apostolic Administrator *sede plena* of the Archeparchy of Ernakulam-Angamaly on 30th July 2022. The Apostolic See has given me clear directives and mandate that I have to implement the Synodal decision on the uniform mode of celebration of Holy Qurbana. The circular dated 30th September 2022 is as per that direction. I have no authority and option other than to implement it. The possibility for dispensation to those who ask for it for definite time was also specified in the appointment order. Apostolic See had also specified that the Synodal decision on the uniform mode of celebration of Holy Qurbana had to be implemented immediately in the Cathedral, formation houses, and pilgrim centers, etc.

I understand that protests against this decision is still going on, even in the Major Archbishops House, especially from 21st November 2022 onwards. It is also heard that from tomorrow onwards, there are plans for more protests, even by priests, in the name of prayer meetings and forane monthly recollections, etc., at the Archbishop's House. My dear priests and friends, Major Archbishop's House is not a place for such *dharnas*, protests, even in the form of prayers. Please refrain from such actions. To protest against the above mentioned decisions of the Apostolic See will be considered as protest against Holy Father and the rejection of his decisions.

May I humbly inform you that meetings and prayers can be conducted at the Major Archbishops House only with the permission of the Apostolic Administrator. You are hereby informed that in the present situation, there is no permission for priests and others for such meetings, prayers, protests, etc., at the Major Archbishops House, Ernakulam, which are mainly related to the implementation of the Synodal decision on Liturgy. Let me again humbly request you to please refrain from such actions. Let us be obedient to the will of God and the legitimate authorities, as per the pledge taken at time of our priestly ordination.

Please pray for me. Let us work together to resolve the issues especially related liturgical matters that beset our Archeparchy in a big way.

With respectful regards,
Yours in Our Lord, Lord,

+ Andrews Thazhath

**Archbishop Andrews Thazhath**
Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly

# ARCHBISHOP ANDREWS THAZHATH

**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**

Major Archbishop's House, Ernakulam, P.B No. 2580,

Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906

Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org


---

Prot. No. AA 20/2022 8-12-2022

### എറണാകുളം-അങ്കമാലി അതിരൂപതയിലെ

# ദൈവജനത്തിനുള്ള കത്ത്

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, വത്സല മക്കളേ,

സീറോമലബാർ ഹൈരാർക്കി സ്ഥാപിതമായതിന്റെയും എറണാകുളം വികാരിയാത്തു അതിരൂപതയായി ഉയർത്തപ്പെട്ടതിന്റെയും (21 ഡിസംബർ 1923-2023) ശതാബ്ദി വർഷത്തിലേക്കു നാം പ്രവേശിക്കുകയാണ്. അതോടൊപ്പം, മനുഷ്യവംശത്തെ രക്ഷിക്കാൻ സമയത്തിന്റെ പൂർണ്ണതയിൽ ഭൂമിയിൽ അവതീർണനായ ഈശോമിശിഹായുടെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള മംഗളവാർത്ത കാലത്തിലാണ് നാം. ഈ അവസരത്തിൽ നിങ്ങൾക്കു പ്രാർത്ഥനാശംസകൾ നേരുന്നു. സഭയും നമ്മുടെ അതിരൂപതയും പല തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ നിങ്ങളുടെ പ്രാർത്ഥനകളും സഭാകൂട്ടായ്മയെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളും യാചിക്കാനാണ് ഞാൻ ഈ കത്തെഴുതുന്നത്.

കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ ജനനം സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്തയാണ് (ലൂക്ക 2:10-11). ഈശോയുടെ ജനനം നമുക്ക് സന്തോഷവും സമാധാനവും ഐക്യവും പ്രതീക്ഷയും നൽകണമെങ്കിൽ നമുക്ക് 'ദൈവകൃപ' അഥവാ 'സന്മനസ്സ്' ഉണ്ടാകണം (ലൂക്ക 2:14). വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന ഈ സന്മനസ്സിന്റെ മാതൃക പരിശുദ്ധ കന്യകാമറിയത്തിലും വിശുദ്ധ യൗസേപ്പിതാവിലും നമുക്ക് കാണാം. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" (ലൂക്ക 1:31) എന്ന് ഗബ്രിയേൽ മാലാഖ മറിയത്തോട് മംഗളവാർത്ത അറിയിച്ചപ്പോൾ മനുഷ്യബുദ്ധിയിൽ അവൾക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല. എന്നാൽ അത് ദൈവത്തിന്റെ പദ്ധതിയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ സ്വാതന്ത്ര്യത്തിന് 'ദൈവഹിതം' എന്ന നിർവ്വചനം കൊടുത്തുകൊണ്ട് അവൾ പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്ക 1:38). മറിയം ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ യഹൂദനിയമത്തിന്റെ കാർക്കശ്യം നോക്കാതെ യൗസേപ്പ് നീതിക്ക് 'കരുണ'യുടെ ഭാവം നൽകാൻ ശ്രമിച്ചു. എന്നാൽ സ്വപ്നത്തിൽ യൗസേപ്പിന് ദൈവഹിതം വെളിപ്പെടുത്തപ്പെട്ടപ്പോൾ അതാണ് നീതിയെന്ന് മനസ്സിലാക്കി, തിരുകുടുംബത്തെ രക്ഷിക്കുകയും രക്ഷകന് പിറക്കാൻ അവസരം ഒരുക്കുകയും ചെയ്തു (മത്താ. 1:18-25). ഇന്ന് നമ്മുടെ ഇടയിൽ കാണുന്ന പലതരത്തിലുള്ള വിഭാഗീയതയുടെ കാരണം നമ്മുടേതായ അഭിപ്രായങ്ങളെ നാംതന്നെ നീതീകരിക്കുന്ന പ്രവണതയാണ്. എന്നാൽ, കുടുംബത്തിലും സഭയിലും സമൂഹത്തിലും സമാധാനവും കൂട്ടായ്മയും രക്ഷയുടെ സാന്നിധ്യവും ഉണ്ടാകണമെങ്കിൽ മറിയത്തെയും യൗസേപ്പിനെയുംപോലെ ദൈവഹിതം അന്വേഷിക്കാനും മനസ്സിലാക്കാനും അതു നിറവേറ്റാനുമുള്ള സന്നദ്ധതയും നമുക്കുണ്ടാകണം. വിശുദ്ധ യൗസേപ്പിതാവ് കാണിച്ചുതരുന്ന നീതിശാസ്ത്രമാണ് നമുക്ക്

# ARCHBISHOP ANDREWS THAZHATH

**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**

Major Archbishop's House, Ernakulam, P.B No. 2580,

Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906

Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org


---

വേണ്ടത്. ദൈവഹിതം തിരിച്ചറിയാനുള്ള മാനദണ്ഡം തിരുസഭയിലൂടെയാണ് മിശിഹാ നമുക്ക് വെളിപ്പെടുത്തുന്നത്.

ഈശോയുടെ രക്ഷാകരകർമ്മത്തിന്റെ ഫലങ്ങൾ ലോകാവസാനംവരെ മനുഷ്യവർഗ്ഗത്തിന് സംലഭ്യമാകാൻ അവിടുന്ന് നമുക്കായി സമർപ്പിച്ച മാർഗ്ഗമാണ് ഒടുവിലത്തെ അത്താഴവേളയിൽ നാം കാണുന്നത് (ലൂക്ക 22:19). ഈശോ ഏറ്റവും അധികം ആഗ്രഹിച്ചതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "പീഡയനുഭവിക്കുന്നതിനു മുൻപ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" (ലൂക്ക 22:15). സെഹിയോൻശാലയിൽ ഈശോ അനുരഞ്ജനത്തിന്റെ സന്ദേശവും സ്നേഹത്തിന്റെ പുതിയ പ്രമാണവും ശുശ്രൂഷയുടെ കാൽകഴുകൽ മാതൃകയും നൽകിയതിനുശേഷം പരിശുദ്ധ കുർബാനയും പൗരോഹിത്യവും സ്ഥാപിച്ചു. ഈശോയുടെ രക്ഷാകരകർമ്മത്തിന്റെ മുഴുവൻ ഓർമ്മയാചരണമാണ് പരിശുദ്ധ കുർബാനയുടെ സ്ഥാപനം (ലൂക്ക 22:19; ഓർമ്മയാചരണം-Anemnesis). പരിശുദ്ധ കുർബാനയിൽ, "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി..." എന്ന മാലാഖാമാരുടെ ഗീതം നാം ആലപിക്കുമ്പോൾ ഈശോയുടെ ജനനവും, തുടർന്ന് വിശ്വാസത്തിലേക്കും കൂട്ടായ്മയ്ക്കും നയിക്കുന്ന വചനശുശ്രൂഷയും (Liturgy of the Word) (ലൂക്ക 24:7; യോഹ. 8: 31-32; അപ്പ. 2:42) നാം അനുസ്മരിക്കുന്നു. വചനശുശ്രൂഷയ്ക്കുശേഷം പീഡാസഹനവും മരണവും ഉത്ഥാനവും ഉൾക്കൊള്ളുന്ന ഈശോയുടെ രക്ഷാകരബലിയുടെ (Redemptive Sacrifice) അർപ്പണവും (Offering = കുർബാന) പരിശുദ്ധാത്മാവിന്റെ ആഗമനവും (Epiclesis) ഈശോയുടെ തിരുശരീരരക്തസന്നിധിയിൽ ആരാധനയും ദിവ്യകാരുണ്യ സ്വീകരണംവഴി അവിടുത്തോടുള്ള കൂട്ടായ്മയും (Holy Communion) നടക്കുന്നു.

മനുഷ്യരക്ഷയ്ക്കുവേണ്ടി ഈശോ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ തന്നെത്തന്നെയാണ് പിതാവിന് ബലിയായി അർപ്പിക്കുന്നത്. ഗൊൽഗോഥായിൽ, തന്റെ ജീവിതബലി കുരിശിൽ അർപ്പിച്ചപ്പോൾ, "എല്ലാം പൂർത്തിയായിരിക്കുന്നു" (യോഹ. 19:30); "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്ക 23:46) എന്ന ഈശോയുടെ ഈ വചനങ്ങൾ സ്വർഗ്ഗപിതാവിന്റെ മുന്നിൽ നൽകുന്ന അർപ്പണമായിരുന്നു.

കുർബാനയുടെ കാർമ്മികൻ മിശിഹാതന്നെയാണ്. അവിടന്നു തന്നെയാണ് ഓരോ കുർബാനയിലും അദൃശ്യമായി അധ്യക്ഷനായിരിക്കുന്നത്. മിശിഹായുടെ പ്രതിനിധി എന്ന നിലയിലാണ് മെത്രാനായാലും പുരോഹിതനായാലും കാർമ്മികനാകുന്നത് (CCC 1348). ഓരോ കുർബാനയിലും നാം മിശിഹായോടൊപ്പം സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് കണ്ണുകളുയർത്തി, സ്വർഗ്ഗത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള യാത്രയിൽ ഈശോയുടെ തിരുശരീരരക്തങ്ങൾ തിരുഭക്ഷണവും ദിവ്യഔഷധവുമായി സ്വീകരിച്ച് പ്രേഷിതരായി, കുരിശിന്റെ അടയാളത്തിൽ മുദ്രവയ്ക്കപ്പെട്ട് മിശിഹായാൽ പ്രേഷിതദൗത്യം തുടരാൻ അയക്കപ്പെടുന്നു (ദിവ്യപ്രേഷണം - Holy Mass: CCC. 1332).

പ്രിയമുള്ളവരെ, ഈശോയുടെ ബലിയർപ്പണത്തിന്റെ ഓർമ്മയാചരണമായ പരിശുദ്ധ കുർബാന സ്നേഹത്തിന്റെയും ഐക്യത്തിന്റെയും രക്ഷയുടെയും കൂദാശയാണ്. ഇതേക്കുറിച്ച് നമ്മുടെ ഇടയിൽ

**ARCHBISHOP ANDREWS THAZHATH**
**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**
Major Archbishop's House, Ernakulam, P.B No. 2580,
Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906
Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org

---

വിഭാഗീയത ഉണ്ടാകുന്നത് ഖേദകരമാണ്. ഫ്രാൻസിസ് മാർപാപ്പ പറയുന്ന സിനഡാലിറ്റിയുടെ, അതായത് 'മിശിഹായോടൊപ്പം അവിടുത്തെ ശരീരമായ സഭയോട് ചേർന്ന് പരിശുദ്ധാത്മാവിനെ ശ്രവിച്ച് ഒന്നിച്ചുനടക്കുക' എന്ന ചൈതന്യത്തിന് നിരക്കാത്തതാണ് ഈ വിഭാഗീയത. സീറോമലബാർ സഭയുടെ നവീകരിച്ച കുർബാനക്രമവും ഏകീകൃത കുർബാന അർപ്പണരീതിയും സംബന്ധിച്ചു ഫ്രാൻസിസ് മാർപ്പാപ്പ 2021 ദുക്റാന തിരുനാൾ ദിനത്തിൽ നമ്മുടെ സഭക്കായ് ഇപ്രകാരം എഴുതി: "പുതിയ കുർബാനതക്സ അംഗീകരിക്കുന്ന ഈ അവസരത്തിൽ ഞാൻ സഭയിലെ എല്ലാ വൈദികരോടും സമർപ്പിതരോടും അല്മായവിശ്വാസികളോടും സന്തോഷപൂർവം ആഹ്വാനം ചെയ്യുന്നു: നിങ്ങളുടെ സഭയുടെ ഉപരിനന്മയ്ക്കും ഐക്യത്തിനുംവേണ്ടി പരിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി പ്രാവർത്തികമാക്കുന്നതിന് ഉടനടി നടപടികൾ സ്വീകരിക്കേണ്ടതാണ്". എന്നാൽ നമ്മുടെ അതിരൂപതയിൽ ഇത് നടപ്പിലാകാതെ വന്നതിനാൽ മാർപ്പാപ്പ 2022 മാർച്ച് 25നു നമ്മുടെ അതിരൂപതയ്ക്ക് മാത്രമായി വീണ്ടും എഴുതി: "വിശുദ്ധ കുർബാന നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട തിയ്യതിയായ 2021 നവംബർ 28 മുതൽ സിനഡിന്റെ തീരുമാനം നടപ്പിൽവരുത്താൻ 34 രൂപതകൾ തീരുമാനിച്ചിരുന്നു. നിങ്ങളുടെ കാര്യത്തിൽ ഇതുണ്ടായില്ലെന്നതു ഖേദകരമാണ്".

വിഭിന്നമായ അഭിപ്രായവ്യത്യാസങ്ങളുടെ പശ്ചാത്തലത്തിൽ, ദശാബ്ദങ്ങൾ നീണ്ട ചർച്ചകൾക്കു ശേഷമാണ് മെത്രാന്മാരുടെ സിനഡ് ഏകീകൃത അർപ്പണരീതിയെക്കുറിച്ചുള്ള തീരുമാനമെടുത്തത്. രണ്ടാം വത്തിക്കാൻ കൗൺസിൽവരെ എല്ലാ കത്തോലിക്കാ സഭകളിലും കാർമ്മികൻ അൾത്താര അഭിമുഖമായിട്ടാണ് കുർബ്ബാനയർപ്പണം നടത്തിയിരുന്നത്. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കാർമ്മികൻ ജനാഭിമുഖമായി ബലിയർപ്പിക്കാൻ ലത്തീൻ സഭ ആരംഭിച്ചു. അതേ സമയം പൗരസ്ത്യ സഭകളുടെ ദൈവശാസ്ത്ര പശ്ചാത്തലത്തിൽ പൗരാണിക പാരമ്പര്യം തന്നെ പൊതുവെ തുടർന്നുപോന്നു. ഈ പശ്ചാത്തലത്തിലാണ് സീറോമലബാർ മെത്രാൻമാർ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ നേതൃത്വത്തിൽ 1968 ലെയും 1974 ലെയും കുർബ്ബാന തക്സയിൽ ഇപ്രകാരം കൃത്യമായി എഴുതിയത്: "കുർബ്ബാനയുടെ ആദ്യഭാഗം (Liturgy of the word) ജനങ്ങൾക്കഭിമുഖമായി നിന്ന് ചൊല്ലാവുന്നതാണ്". മനുഷ്യരക്ഷക്കുവേണ്ടി പിതാവായ ദൈവത്തിന് ഈശോ അർപ്പിക്കുന്ന കുർബ്ബാനയനുസ്മരണത്തിൽ വിശ്വാസത്തിലേയ്ക്കു നയിക്കുന്ന പ്രബോധന ഭാഗം (Liturgy of the Word) ജനാഭിമുഖമായിരിക്കുന്നതാണ് അഭികാമ്യം എന്ന ദർശനമാണ് ഇവിടെ കാണുന്നത്. ഈശോ പിതാവിനർപ്പിക്കുന്ന രക്ഷാകരബലിയുടെ ഭാഗം (Liturgy of Breaking the Bread) കാർമ്മികനും ജനങ്ങളും ഒരേ ദിശയിൽ പിതാവിലേയ്ക്ക് നോക്കുന്ന പൗരസ്ത്യ സഭകളുടെ പാരമ്പര്യം തുടർന്നുപോന്നു. എന്നാൽ പിന്നീട് നമ്മുടെ സഭയിൽ മൂന്ന് തരത്തിൽ കുർബ്ബാനയർപ്പണരീതി ഉണ്ടായി. കാർമ്മികൻ കുർബ്ബാനയുടെ 1) മുഴുവൻ സമയവും അൾത്താര അഭിമുഖമായി ചൊല്ലുന്നു, 2) മുഴുവൻ സമയവും ജനാഭിമുഖമായി ചൊല്ലുന്നു, 3) ആദ്യ ഭാഗം ജനാഭിമുഖമായും രണ്ടാം ഭാഗം അൾത്താര അഭിമുഖമായും ചൊല്ലുന്നു. കുർബ്ബാനയർപ്പണരീതിയുടെ അടിസ്ഥാന കാര്യത്തിലുള്ള മേൽപ്പറഞ്ഞ വ്യത്യാസം സഭയിൽ പലതരത്തിലുള്ള ഭിന്നതകൾക്ക് കാരണമായി. ഇക്കാര്യത്തിൽ ഐക്യരൂപം ഉണ്ടാകണമെന്ന് പരിശുദ്ധ സിംഹാസനവും, മെത്രാൻമാരടക്കം ദൈവജനവും പലതവണ ആവശ്യപ്പെടുകയുണ്ടായി. ഈ

**ARCHBISHOP ANDREWS THAZHATH**
**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**
Major Archbishop's House, Ernakulam, P.B No. 2580,
Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906
Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org

---

ഐക്യത്തിനുവേണ്ടി അതീവമായി ആഗ്രഹിച്ച മാർ വർക്കി വിതയത്തിൽ പിതാവിനെ നന്ദിയോടെ ഓർക്കുന്നു. ദീർഘനാളത്തെ പ്രാർത്ഥനകൾക്കും സമവായ ചർച്ചകൾക്കും ശേഷമാണ് 1999 ലും പിന്നീട് 2020-2021 ലും സിനഡ് പിതാക്കൻമാർ ഏകീകൃത കുർബ്ബാന അർപ്പണരീതിയെകുറിച്ചുള്ള തീരുമാനത്തിലെത്തിയത്. ഓരോരുത്തരും ആഗ്രഹിച്ച രീതിയിൽ ചിലപ്പോൾ ചർച്ചകൾ നടന്നിട്ടില്ലായിരിയ്ക്കാം. എന്നാൽ അധികാരപ്പെട്ട സമിതിയായ മെത്രാന്മാരുടെ സിനഡ് തീരുമാങ്ങളെടുക്കുമ്പോൾ അത് സ്വീകരിക്കാൻ സഭാംഗങ്ങൾക്കു ഉത്തരവാദിത്തമുണ്ട്.

കുർബ്ബാനയുടെ അടിസ്ഥാന കാര്യത്തിലാണ് ഈ ഐക്യരൂപം നിഷ്ക്കർഷിച്ചത്. അതേസമയം മദ്ബഹവിരി, കുരിശുവരച്ചുള്ള ആരംഭം എന്നീ കാര്യങ്ങളിൽ രൂപതാമെത്രാന് ഡിസ്പെൻസേഷൻ (Dispensation) നൽകാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. കാർമ്മികന് തക്സയിൽ പറഞ്ഞിരിക്കുന്നതുപോലെ പലതരത്തിലുള്ള ഐശ്ചികങ്ങളും (Options) നൽകുകയുണ്ടായി. പക്ഷെ നമ്മുടെ അതിരൂപതയിൽ ഇക്കാര്യത്തെക്കുറിച്ച് വലിയ വിഭിന്നത ഇപ്പോഴും നിലനിൽക്കുന്നത് ഏവർക്കും വേദനാജനകമാണ്.

ആരാധനക്രമത്തെക്കുറിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ തീരുമാനമെടുക്കേണ്ടത് സിനഡാണ്. 25-3-2022ലെ കത്തിൽ മാർപ്പാപ്പ ഇപ്രകാരം എഴുതി: "നിങ്ങളുടെ സഭയുടെ ആരാധനക്രമം നിർണ്ണയിക്കാൻ പരമോന്നതാധികാരമുള്ള സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ മെത്രാൻ സിനഡ്, കുറച്ചുവർഷങ്ങൾക്കുമുമ്പു നിർദേശിച്ച രീതിയിൽ ഏതാനും ആരാധനക്രമഗ്രന്ഥങ്ങൾ അംഗീകരിക്കുക മാത്രമല്ല, ആഘോഷങ്ങളുടെ രീതി നിർണയിക്കുകയും ചെയ്തിരുന്നു". സഭാനിയമപ്രകാരം ഈ തീരുമാനം അംഗീകരിച്ചു നടപ്പിലാക്കാൻ എല്ലാ ദൈവജനത്തിനും (CCEO c.150§2) അത് ഉറപ്പു വരുത്താൻ രൂപതാദ്ധ്യക്ഷനും ഉത്തരവാദിത്വമുണ്ട് (CCEO c. 199§1). മാർപ്പാപ്പ വീണ്ടും ആഹ്വാനം ചെയ്തു: "അതിനാൽ, സിനഡ് നിശ്ചയിച്ചപ്രകാരം, വിശുദ്ധ കുർബാനയാഘോഷത്തിന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്ററിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃനിർവിശേഷമായി ഉദ്ബോധിപ്പിച്ചുകൊണ്ടു ഞാൻ നിങ്ങൾക്കെഴുതുന്നു". എന്നാൽ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പിന്റെ ആസ്ഥാനരൂപതയായ നമ്മുടെ അതിരൂപതയിൽ മാർപ്പാപ്പയുടെ ഈ ആഹ്വാനം ഇതുവരെ നടപ്പിലായില്ലെന്നുള്ളത് നമുക്കേവർക്കും വേദനാജനകമാണ്.

നമ്മുടെ അതിരൂപതയിൽ ആരാധനക്രമവുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപ്പാപ്പ എന്നെ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി 2022 ജൂലൈ 30 ന് നിയമിച്ചത്. എന്റെ പ്രധാന ദൗത്യം മാർപ്പാപ്പ ആഹ്വാനം ചെയ്തതുപോലെ സിനഡുതീരുമാനം നടപ്പിലാക്കുക എന്നതാണ്. പരിശുദ്ധ സിംഹാസനം നൽകിയ ഈ ഉത്തരവാദിത്വത്തിൽനിന്ന് വിഭിന്നമായ ഒരു തീരുമാനം എടുക്കുക എനിക്കു സാധ്യമല്ല. അതിരൂപതയിലെ വൈദികരെയും ബന്ധപ്പെട്ട ചില സമിതികളെയും എന്നെ സന്ദർശിക്കാൻ വന്ന വിഭിന്ന അഭിപ്രായമുള്ളവരെയും ഞാൻ ദീർഘസമയം ശ്രവിക്കുകയുണ്ടായി. എന്റെ മേലധികാരികളുടെ

നിർദ്ദേശങ്ങൾ ഞാൻ എപ്പോഴും സ്വീകരിച്ചിരുന്നു. നിയമന കൽപ്പനയിൽ പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള സിനഡ് തീരുമാനം ഉടനടി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ള ഇടവകകൾക്ക് ബോധനം നൽകാനുള്ള ലക്ഷ്യത്തോടെ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലത്തേയ്ക്ക് പ്രത്യേകമായി ഒഴിവ് നൽകാനുള്ള അധികാരവും നൽകിയിരുന്നു. എന്നാൽ, "കത്തീഡ്രൽ ദൈവാലയം, പരിശീലന കേന്ദ്രങ്ങളായ സെമിനാരികൾ, തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ 50:50 എന്ന അർപ്പണരീതി ഉടനടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്" എന്ന് വ്യക്തമാക്കിയിരുന്നു. ഈ മാർഗ്ഗനിർദ്ദേശം നടപ്പിലാകാതെ വന്ന സാഹചര്യത്തിൽ വി. കുർബാന അർപ്പണ രീതിയെക്കുറിച്ചുള്ള സിനഡുതീരുമാനം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരിശുദ്ധ സിംഹാസനം 2022 സെപ്റ്റംബർ 20-ാം തിയ്യതി എനിക്ക് കത്തെഴുതി. ഈ കത്തിൽ 'പ്രത്യേക ആരാധനാരീതി'യുടെ (Liturgical Variant) സാധ്യത 'തള്ളിക്കളയുന്നു' എന്നും വ്യക്തമാക്കിയിരുന്നു. ഇതിന്റെകൂടി അടിസ്ഥാനത്തിലാണ് 2022 സെപ്റ്റംബർ 30-ാം തിയ്യതി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോടെ ഞാൻ സർക്കുലർ എഴുതിയത്.

പരിശുദ്ധ സിംഹാസനത്തിന്റെ മേൽപറഞ്ഞ മാർഗ്ഗനിർദ്ദേശത്തിന്റെ വെളിച്ചത്തിൽ കത്തീഡ്രലിലും മൈനർ സെമിനാരിയലും മറ്റും സിനഡ് നിർദ്ദേശിച്ച രീതിയിൽ കുർബാനയർപ്പിക്കാൻ നേരിട്ടും രേഖാമൂലവും ഞാൻ ആവശ്യപ്പെടുകയുണ്ടായി. മംഗളവാർത്താകാലം ആരംഭിക്കുന്ന 2022 നവംബർ 27 ഞായർ മുതലെങ്കിലും സിനഡ് തീരുമാനപ്രകാരമുള്ള കുർബ്ബാനയർപ്പണരീതി കത്തീഡ്രലിൽ ആരംഭിക്കണമെന്ന പരിശുദ്ധ സിംഹാസനത്തിന്റെ അനുശാസനത്തിന്റെയും പെർമനെന്റ് സിനഡിന്റെ നിർദ്ദേശത്തിന്റെയും വെളിച്ചത്തിലാണ് മുൻധാരണപ്രകാരം അന്നേ ദിവസം കത്തീഡ്രൽ ബസിലിക്കയിൽ രാവിലത്തെ ആദ്യ കുർബ്ബാന അർപ്പിക്കാൻ ഞാൻ പോയത്. എന്നാൽ ഗെയിറ്റ് അടച്ചിട്ട് പള്ളിയിൽ കയറാൻ പറ്റാത്ത രീതിയിലുള്ള പ്രക്ഷോഭത്തിന്റെ സാഹചര്യത്തിൽ എനിയ്ക്ക് തിരിച്ചുപോകേണ്ടിവന്നത് ദൗർഭാഗ്യകരമാണ്. അതേതുടർന്ന് പള്ളിപ്പരിസരത്ത് സിനഡ് തീരുമാനത്തെ അംഗീകരിക്കുകയും എതിർക്കുകയും ചെയ്യുന്നവർ തമ്മിൽ അസ്വാരസ്യങ്ങൾ ഉണ്ടാകുകയും കത്തീഡ്രൽ ബസിലിക്ക പോലീസ് അടയ്ക്കുകയും ചെയ്ത കാര്യം നമുക്ക് ഏവർക്കും വളരെ വേദനാജനകമായ സംഭവമാണ്. പരിശുദ്ധസിംഹസനത്തിന്റെ തീരുമാനത്തിനെതിരായ പ്രവർത്തനം മാർപ്പാപ്പയെ നിരാകരിക്കുന്നതിന് തുല്ല്യമായി വേണം കണക്കാക്കാൻ. കത്തോലിക്കരായ നമുക്ക് ഇത് ഒരിക്കലും ഭൂഷണമല്ല.

ആദിമസഭയിൽ, അപ്പസ്തോലന്മാരുടെ ഇടയിൽപ്പോലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. വിജാതീയർ ക്രിസ്ത്യാനികൾ ആകണമെങ്കിൽ പരിച്ഛേദനകർമ്മം നടത്തി ആദ്യം യഹൂദരാകണമെന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ വിശ്വാസത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് മറ്റൊരു കൂട്ടർ ചൂണ്ടികാണിച്ചു. ഈ തർക്കത്തിന്റെ പശ്ചാത്തലത്തിൽ വലിയ വാദപ്രതിവാദങ്ങൾ ഉണ്ടായെങ്കിലും, പ്രാർത്ഥിച്ച് ആദ്യത്തെ മാർപാപ്പയായ പത്രോസ് പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ തീരുമാനം പറഞ്ഞപ്പോൾ സഭ മുഴുവൻ അത് സ്വീകരിച്ചു (അപ്പ. 15.7-11, 28). ഇന്നും സഭയിൽ പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗം അതാണ്. പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള ഇന്നത്തെ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ആദിമസഭ സ്വീകരിച്ച

രീതിയാണ് നാം കൈക്കൊള്ളേണ്ടത്. അതിനാൽ മാർപാപ്പ അന്തിമമായി പറഞ്ഞ ആഹ്വാനം സ്വീകരിച്ച് നമ്മുടെ അതിരൂപതയുടെ കൂട്ടായ്മയും പ്രേഷിത ചൈതന്യവും നിലനിർത്താൻ ഞാൻ നിങ്ങളെ വീണ്ടും ആഹ്വാനം ചെയ്യുകയാണ്.

മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്താൻ ഭൂജാതനായ ഈശോ (യോഹ. 3:16) കുരിശുമരണത്തോളം തന്നെത്തന്നെ താഴ്ത്തി (ഫിലി 2:6-7) പിതാവിന്റെ ഹിതത്തിനു (യോഹ. 6:38, 26:39) പൂർണമായും വിധേയപ്പെട്ടതുപോലെ കുർബാനയെക്കുറിച്ചുള്ള സിനഡ് തീരുമാനം ഈ ക്രിസ്തുമസിന്റെ അവസരത്തിലെങ്കിലും നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കാൻ ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. സഭാതീരുമാനപ്രകാരം കുർബാനയർപ്പിക്കുമ്പോഴാണ് അത് നിയമാനുസൃതമാകുക. മാർപ്പാപ്പയുടെ ആഹ്വാനം സ്വീകരിച്ച് കത്തോലിക്കാസഭയുടെ കൂട്ടായ്മ പരസ്യമായി നമുക്ക് പ്രഖ്യാപിക്കാം. ശതാബ്ദി വർഷത്തിലേക്കു പ്രവേശിക്കുന്ന നമ്മുടെ അതിരൂപത മറ്റു രൂപതകൾക്കു മാതൃകയാകേണ്ടതാണ്.

ഇന്ന് സഭ വിവിധതരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നു. സഭയുടെ അകത്തുനിന്നും പുറത്തുനിന്നും വെല്ലുവിളികളുണ്ട്. സഭയുടെ തകർച്ച ലക്ഷ്യം വയ്ക്കുന്നവർ സഭയെ ഭിന്നചേരികളിലാക്കി രണ്ടുകൂട്ടരെയും പലതരത്തിൽ പ്രോത്സാഹിപ്പിച്ച് തമ്മിലടിപ്പിക്കുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഇടയിലുള്ള അഭിപ്രായഭിന്നത സഭാംഗങ്ങളേയും വിശ്വാസജീവിതത്തെയും സഭയുടെ സാക്ഷ്യത്തെയും ദൈവവിളികളെയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ആരാധനാക്രമവിവാദത്തിന്റെ പശ്ചാത്തലത്തിൽ സഭാജീവിതത്തിൽ നാം മുൻഗണന കൊടുക്കേണ്ട പല കാര്യങ്ങളും നടപ്പിലാക്കാൻ പറ്റാത്ത ഒരു തരത്തിലുള്ള തളർച്ച നമ്മുടെ അതിരൂപത അഭിമുഖീകരിക്കുകയാണ്.

അതിനാൽ നാം നേരിടുന്ന പ്രതിസന്ധികൾ പരിഹൃതമാകുന്നതിനുവേണ്ടി ദൈവഹിതത്തിനു നമുക്കു സമർപ്പിക്കാം. നമ്മുടെ സ്വന്തമായ നീതീകരണകാരണങ്ങളും ചിന്തകളും കൈവെടിഞ്ഞ് സഭ ആവശ്യപ്പെടുന്നതനുസരിച്ച് ദൈവത്തിലാശ്രയിക്കാനും ദൈവേഷ്ടം നിറവേറ്റാനും നമുക്ക് പ്രതിജ്ഞയെടുക്കാം.

എന്റെ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, ഈശോ നമ്മെ ഭരമേൽപ്പിച്ച അജഗണത്തെ (1 പത്രോ. 5. 1-4) സഭയോട് ചേർത്തുനിർത്തി പരിപാലിക്കാൻ നമുക്ക് ശ്രമിക്കാം. തിരുപ്പട്ടത്തിന്റെ അവസരത്തിൽ എടുത്ത പ്രതിജ്ഞ നാം ഓർക്കണം. ദൈവവിളിയെ പ്രോത്സാഹിപ്പിക്കാൻ ഉത്തരവാദിത്തപ്പെട്ട നാം പൗരോഹിത്യത്തിലേയ്ക്ക് പ്രവേശിക്കുന്നവർ അവരെടുക്കുന്ന പ്രതിജ്ഞ പാലിക്കപ്പെടാനുള്ള സാഹചര്യമൊരുക്കണം. വൈദികരാണ് ദൈവജനത്തെ മാർപ്പാപ്പയോടും സഭയോടും ചേർത്തുനിർത്തി സഭാകൂട്ടായ്മ വളർത്താൻ നേതൃത്വം കൊടുക്കേണ്ടത്.

ഈ ക്രിസ്മസ്-നവവത്സര കാലഘട്ടത്തിൽ നമ്മുടെ അതിരൂപതയിൽനിന്ന് തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. സഭയോട് ചേർന്നുനിൽക്കുന്ന ഈശോയുടെ മനോഭാവമുള്ള നല്ല പുരോഹിതരായിത്തീരാൻ ദൈവം അവരെ അനുഗ്രഹിക്കട്ടെ.

# ARCHBISHOP ANDREWS THAZHATH

**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**

Major Archbishop's House, Ernakulam, P.B No. 2580,

Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906

Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org


---

പ്രിയ സമർപ്പിതരെ, സഭയിലെ പ്രതിസന്ധികൾ പരിഹൃതമാകാനും കൂട്ടായ്മയിൽ നിലനിൽക്കാനും നിങ്ങൾ തുടർന്നും അക്ഷീണം പ്രാർത്ഥിക്കണം. വ്രതസമർപ്പണത്തിന്റെ ചൈതന്യത്തിൽ സഭാകൂട്ടായ്മയെ പരിപോഷിപ്പിക്കാൻ നിങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. ദൈവവിളി പരിപോഷണത്തിന് ഇത് അനിവാര്യമാണ്.

പ്രിയ അത്മായ സഹോദരങ്ങളെ, സഭയെയും സഭയുടെ ആചാരങ്ങളെയും കുറിച്ച് സാമൂഹ്യമാധ്യമങ്ങളിലടക്കമുള്ള തെറ്റായ പല പ്രചാരണങ്ങളുടെയും മദ്ധ്യത്തിൽ വിശ്വാസ പ്രതിസന്ധികൾ നിങ്ങൾ നേരിടുന്നുണ്ടെന്ന് എനിക്കറിയാം. മൂലക്കല്ലായ ഈശോയോടും അടിത്തറയായ അപ്പസ്തോലൻമാരോടും (എഫേ. 2.19-22) അവരുടെ പിൻഗാമികളോടും ചേർന്നുനിന്ന് സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ സ്വീകരിച്ച് കുടുംബത്തെ പരിപോഷിപ്പിക്കാനും സഭാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഞാൻ ആഹ്വാനം ചെയ്യുന്നു. ഈശോയോടുകൂടി പത്രോസിന്റെയും അപ്പസ്തോലൻമാരുടെയും പിൻഗാമികളോട് ചേർന്നുനിൽക്കലാണ് വിഭാഗീയതയെ ഒഴിവാക്കാനുള്ള മാനദണ്ഡം. നമ്മുടെ ഇടയിലെ പാവപ്പെട്ടവരെയും വേദനിക്കുന്നവരെയും സഹായിക്കാൻ ഈ ക്രിസ്തുമസ് കാലത്ത് നമുക്ക് പരിശ്രമിക്കാം. സഭ അംഗീകരിച്ചിട്ടുള്ള ഭക്താഭ്യസങ്ങളായ ദിവ്യകാര ുണ്യആരാധന, ജപമാല, കുരിശിന്റെ വഴി തുടങ്ങിയ പ്രാർത്ഥനാരീതികളിലൂടെ നമ്മുടെ വിശ്വാസജീവിതം കൂടുതൽ ആഴപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം.

അടുത്തുവരുന്ന ക്രിസ്തുമസിന്റെയും നവവത്സരത്തിന്റെയും ആശംസകൾ ഏവർക്കും നേരുന്നു. എറണാകുളം അതിരൂപതയായതിന്റെ ശതാബ്തിവർഷം അനുഗ്രഹദായകമാകട്ടെ. ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹവും കൃപയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും മധ്യസ്ഥതയിൽ നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. ഉണ്ണിയീശോ നിങ്ങളെ അനുഗ്രഹിക്കട്ടെ! പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ സഭ എന്നെ ഏൽപ്പിച്ചിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം ദൈവവും സഭയും ആഗ്രഹിക്കുന്ന രീതിയിൽ നിറവേറ്റാൻ നിങ്ങൾ എനിയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെ. ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

2022 ഡിസംബർ 8-ാം തിയതി അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

എന്ന്,

+ Andrews Thazhath

ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

N.B. ഈ കത്ത് എറണാകുളം-അങ്കമാലി അതിരൂപതയിലെ സാധിക്കുന്ന എല്ലാ വ്യക്തികൾക്കും ഭവനങ്ങൾക്കും സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും അയച്ചുകൊടുക്കാൻ ബഹുമാനപ്പെട്ട വൈദികരോടും സമർപ്പിത അധികാരികളോടും കുടുംബകൂട്ടായ്മ-സംഘടന-വിശ്വാസ പരിശീലന ഭാരവാഹികളോടും ഞാൻ ആഹ്വാനം ചെയ്യുന്നു. + AT